VEDAPRACHARA
MADHYASTHAN
വാല്യം 97
ലക്കം 10
2025 ഏപ്രിൽ

# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly Price ₹ 25/- Annual Subscription ₹ 300/-



The official organ of
the Archeparchy of Changanacherry

2025
ഏപ്രിൽ

# പ്രാർഥനാശംസകൾ



**ഏപ്രിൽ 23നു മെത്രാഭിഷേകത്തിന്റെ**
**എട്ടാം വാർഷികം ആഘോഷിക്കുന്ന**
**അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായ്ക്ക്**
**അതിരൂപതാകുടുംബത്തിന്റെ ആശംസകൾ**



'നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ'
(ഉൽപത്തി 41:55)

YOUR GRACE IS SUFFICIENT FOR ME

# വേദപ്രചാര മദ്ധ്യസ്ഥൻ


ചങ്ങനാശ്ശേരി അതിരൂപത
സ്ഥാപിതം: 20 മെയ് 1887

വാല്യം 97 ● ലക്കം 10 ● ഏപ്രിൽ 2025

# ഉള്ളടക്കം


സംയുക്ത സർക്കുലർ (25 Ch. TCL 06) –
യുവജനശക്തീകരണം രാഷ്ട്രനിർമിതിക്ക്...........................05
സർക്കുലർ (25 Ch. TCL 07) –
ഫിയാത്ത് മിഷൻ – മിഷണറി സംഗമം 2025 ........................... 10
സർക്കുലർ (25 Ch. TCL 05) –
കരിയർ അധിഷ്ഠിതപരിശീലനം കാലഘട്ടത്തിന്റെ ആവശ്യം ......13
കച്ചേരിക്കാര്യം......................................................................... 16
ചരമവാർഷികാചരണങ്ങൾ: കർദിനാൾ മാർ ആന്റണി പടിയറ......30
മാർ ജോസഫ് പവ്വത്തിൽ .................31
റിപ്പോർട്ട് - പ്രസ്ബിറ്ററൽ കൗൺസിൽ ....................................... 33
പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി....................................... 36
സന്ദേശനിലയം........................................................................ 38
ചെറുപുഷ്പ മിഷൻലീഗ്......................................................... 41
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ.....................44
ഫാമിലി അപ്പോസ്തലേറ്റ്..........................................................50
യുവദീപ്തി – എസ്.എം.വൈ.എം. ............................................. 53
സീയോൻ ധ്യാനകേന്ദ്രം ............................................................55
ചാസ്സ്......................................................................................56
ചാസ്സ് – ഖാദി ......................................................................... 62
ക്രിസ്സ്......................................................................................64
ജീവകാരുണ്യനിധി ട്രസ്റ്റ്.......................................................... 65
ആതുരശുശ്രൂഷാമേഖല.......................................................... 68
പ്രവാസി അപ്പോസ്തലേറ്റ് .......................................................72
കത്തോലിക്കാകോൺഗ്രസ്...................................................... 73
കെ.എൽ.എം. ..........................................................................77
ആത്മതാകേന്ദ്രം ..................................................................... 81
ഡി.സി.എം.എസ്. ................................................................... 83
ലീജിയൻ ഓഫ് മേരി...............................................................84
ഫ്രാൻസിസ്കൻ അല്മായസഭ.................................................. 85
വിൻസെൻഷ്യൻ വേദി............................................................. 86
കരിസ്മാറ്റിക് നവീകരണം....................................................... 88
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി............................................ 89
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് ..........................95



വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശ്ശേരി അതിരൂപതാ
മുഖപത്രം



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com



**ANNUAL SUBSCRIPTION: ₹ 300/-**

## സംയുക്ത സർക്കുലർ

25 Ch. TCL 06

# യുവജനശക്തീകരണം രാഷ്ട്രനിർമിതിക്ക്

മ്ശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ക്രൈസ്തവ മിഷണറിമാർ വിശിഷ്യ വി. ചാവറ കുര്യക്കോസ് ഏലിയാസ് പിതാവും ചാൾസ് ലവീഞ്ഞ് പിതാവും മറ്റും നേതൃത്വം നൽകിയ ബഹുജനവിദ്യാഭ്യാസ പ്രവർത്തനങ്ങളാണു നമ്മുടെ സംസ്ഥാനത്തെ സാർവത്രികവിദ്യാഭ്യാസത്തിൽ രാജ്യത്തു മുൻപന്തിയിലെത്തിച്ചിട്ടുള്ളത്. വ്യവസ്ഥാപിതമായ സ്കൂൾ വിദ്യാഭ്യാസസംവിധാനം കേരളത്തിൽ നടപ്പിലാക്കിയതും ക്രൈസ്തവർതന്നെയാണ്. ജാതി-വർഗ-വർണവ്യത്യാസങ്ങളില്ലാതെ സർവർക്കും വിദ്യാഭ്യാസമെന്നതാണു നമ്മുടെ സ്ഥാപനങ്ങളുടെ മുഖമുദ്ര. പ്രധാനമായും കാർഷികവൃത്തിയിലേർപ്പെട്ടിരുന്ന നമ്മുടെ പൂർവികരുടെ സ്വപ്നം തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസമായിരുന്നു. ഇതു സാക്ഷാത്കരിക്കുന്നതിനു സഭയുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കു സാധിച്ചു എന്നതിൽ നമുക്കു ചാരിതാർഥ്യമുള്ളവരാകാം.

സർക്കാർ-അർധസർക്കാർസ്ഥാപനങ്ങളിൽ ക്രൈസ്തവരുടെ സാന്നിധ്യം നമ്മുടെ സമൂഹത്തിന്റെ സാർവതോമുഖമായ വളർച്ചയ്ക്ക് ആക്കം കൂട്ടി. എന്നാൽ, ഇക്കഴിഞ്ഞ ഒന്നു രണ്ടു ദശകങ്ങളിലായി നമ്മുടെ സമൂഹത്തിന്റെ മുൻഗണനകളിൽ സംഭവിച്ച വ്യതിയാനം ഈയൊരു മുന്നേറ്റത്തെ ഒട്ടൊന്നുമല്ല ദോഷകരമായി ബാധിച്ചിട്ടുള്ളത്. എന്തു വില കൊടുത്തും വിദേശരാജ്യങ്ങളിലേക്കു വിദ്യാഭ്യാസത്തിനും തൊഴിലിനുമായി ചേക്കേറുന്ന പ്രവണത നമ്മുടെ സമൂഹത്തെ ആകെ ബാധിച്ചിരിക്കുന്നു. 2023ലെ കേരള മൈഗ്രേഷൻ സർവേ റിപ്പോർട്ട് പ്രകാരം കേരള

ത്തിൽനിന്നുള്ള യുവജനങ്ങളുടെ വിദ്യാഭ്യാസത്തിനായുള്ള മൈഗ്രേഷൻ 2018ൽ 1,29,763 ആയിരുന്നത് 2023ൽ 2,50,000 ആയി വർധിച്ചെന്നാണു കണക്കാക്കപ്പെട്ടിട്ടുള്ളത്. കേരളജനസംഖ്യയുടെ 17 ശതമാനത്തോളം വരുന്ന ക്രൈസ്തവസമുദായത്തിൽനിന്നാണ് ആകെ മൈഗ്രേഷന്റെ 22 ശതമാനവും എന്നത് ആശങ്കയുണർത്തുന്നതാണ്.

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും തൊഴിൽസാഹചര്യങ്ങളും മറഞ്ഞിരിക്കുന്ന അധികച്ചെലവുകളും നയതന്ത്രപരമായ മാറ്റങ്ങൾ ഉയർത്താവുന്ന വെല്ലുവിളികളും ഇതരചതിക്കുഴികളും വാസസൗകര്യം, വൈദ്യ സഹായംപോലുള്ള അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയും മറ്റും വ്യക്തമായി മനസിലാക്കാതെയും വിലയിരുത്തപ്പെടാതെയുമുള്ള മൈഗ്രേഷൻ നമ്മുടെ യുവതീയുവാക്കളുടെ ജീവിതം ചിലപ്പോഴെങ്കിലുമൊക്കെ വഴിമുട്ടിച്ചിട്ടുണ്ട്. വിദേശത്തുനിന്നു കേരളത്തിലേക്കു തിരിച്ചു വരുന്നവരുടെ (റിട്ടേൺ എമിഗ്രന്റ്സ്) എണ്ണത്തിൽ 1998 മുതൽ വന്നിട്ടുള്ള ക്രമാതീതമായ വർധന ഇതോടൊപ്പം കൂട്ടിവായിക്കപ്പെടേണ്ടതാണ്. ഏഴുലക്ഷത്തോളമായിരുന്നു 1998ൽ ആകെ റിട്ടേൺ എമിഗ്രന്റ്സിന്റെ എണ്ണമെങ്കിൽ 2023ൽ അത് 18 ലക്ഷത്തോളമായി ഉയർന്നിട്ടുണ്ട്.

2023ൽ തിരികെയെത്തിയവരിൽ 18% പേർ ജോലി നഷ്ടപ്പെട്ടിട്ടും 16% പേർ കേരളത്തിൽ ജോലി ചെയ്യാൻ ഇഷ്ടപ്പെട്ടിട്ടുമാണു തിരികെ പോന്നിട്ടുള്ളതെന്നാണു കണക്കുകൾ വെളിവാക്കുന്നത്. തിരിച്ചുവരുന്ന വിദ്യാർഥികളിൽ 49% പേരും കേരളത്തിലെത്തിയതിനുശേഷവും പഠനം തുടരുകയാണ്. വിദേശപഠനം മൂലമുണ്ടായ ഭാരിച്ച സാമ്പത്തിക ബാധ്യതയും തൊഴിലില്ലായ്മയും ഇവരെ അലട്ടുന്നുണ്ട് എന്നതു നമ്മെ ഇരുത്തി ചിന്തിപ്പിക്കണം. ഇക്കാര്യങ്ങളാൽ വിദ്യാഭ്യാസത്തിനും തൊഴിലിനുമായുള്ള കുടിയേറ്റം ഒരു കുറ്റമറ്റപ്രക്രിയയായി വിലയിരുത്താൻ സാധിക്കുന്നില്ല. യുവജനങ്ങളും മാതാപിതാക്കളും അധ്യാപകരും ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തണം.

നമ്മുടെ കുട്ടികൾ സാധിക്കുന്നത്ര നമ്മുടെ രാജ്യത്തുതന്നെ മാന്യമായ തൊഴിൽ കണ്ടെത്താൻ പരിശ്രമിക്കണം. മാതൃരാജ്യത്തെ സേവിക്കുന്നതിലും പിറന്നുവീണ മണ്ണിൽ ജീവിക്കുന്നതിലും അഭിമാനം കണ്ടെത്തണം. സർക്കാർജോലി സ്വന്തമാക്കുന്നതിനുള്ള പരിശീലനം സ്കൂൾ-കോളേജ് വിദ്യാഭ്യാസകാലത്തുതന്നെ ആരംഭിക്കേണ്ടതു നമ്മുടെ നിലനിൽപ്പിനുതന്നെ അത്യന്താപേക്ഷിതമാണ്. തങ്ങളുടെ കുട്ടികളെ ആനുകാലിക വിഷയങ്ങളിൽ അറിവുള്ളവരായി വളർത്തുന്നതിൽ മാതാപിതാക്കളും

അധ്യാപകരും സജീവമായ ശ്രദ്ധ പുലർത്തണം. മണ്ണിനോടും മലമ്പനിയോടും മലമ്പാമ്പിനോടും പൊരുതി കെട്ടിപ്പടുത്തിയ ധീരതയുടെ പാരമ്പര്യം നമുക്കുണ്ട്. സമ്പദ്‌വ്യവസ്ഥ ഉയർത്തുന്ന വെല്ലുവിളികളെ ദീർഘവീക്ഷണത്തോടെ സമീപിച്ചു നല്ലസംരംഭകരായും നമ്മൾ മാറണം. പുതിയ വ്യവസായ ആശയങ്ങളും സാധ്യതകളും കണ്ടെത്തി കൂട്ടായ വിഭവസമാഹരണത്തിലൂടെ മെച്ചപ്പെട്ട സ്റ്റാർട്ട് അപ്പുകളും മറ്റും ആരംഭിച്ചു തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽദാതാക്കളായി മാറാനും സാധിക്കണം. ഇക്കാര്യങ്ങൾക്കുള്ള പ്രോത്സാഹനവും പരിശീലനവും ഇടവക-ഫൊറോനാതലങ്ങളിൽ സംഘടിപ്പിക്കുന്നതിൽ ബഹുമാനപ്പെട്ട അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണം.

## പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട്

നമ്മുടെ രാജ്യത്തു ലഭ്യമായിട്ടുള്ള തൊഴിൽമേഖലകളിലേക്കു യുവതലമുറയെ നയിക്കേണ്ടതിന്റെ ആവശ്യകത മനസിലാക്കി നമ്മുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ പുനരാവിഷ്കരിക്കപ്പെടേണ്ടതാണ്. രാജ്യത്തിന്റെ ഭരണചക്രം തിരിക്കുന്ന സിവിൽ സർവീസിൽ കേരളത്തിന്റെ പ്രാതിനിധ്യം ശുഷ്കമാണെന്ന തിരിച്ചറിവാണു ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ 1998ൽ പാലാ കേന്ദ്രമായി ഒരു സിവിൽ സർവീസ് പരിശീലനകേന്ദ്രം ആരംഭിക്കാനിടയായത്.

കഴിഞ്ഞ 27 വർഷങ്ങളിലെ പ്രവർത്തനമികവുകൊണ്ടു നാളിതുവരെ 364 മലയാളികളെ ഇൻഡ്യ സിവിൽ സർവീസിലേക്കും മറ്റനേകരെ സമാന സർക്കാർ, അർധസർക്കാർ സേവനമേഖലകളിലേക്കും കൈപിടിച്ച് ഉയർത്താൻ പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിനു സാധിച്ചിട്ടുണ്ട്. വിദ്യാർഥികൾക്കു സിവിൽ സർവീസ്, കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ്, പി.എസ്.സി. എന്നീ മത്സരപ്പരീക്ഷകളിലൂടെ ഈ രാജ്യത്തുതന്നെ തൊഴിൽ നേടാൻ കഴിയുന്നവിധത്തിലുള്ള പഠനപരിശീലനപരിപാടികൾ ഇവിടെ ഏറെ കാര്യക്ഷമമായി നടത്തപ്പെടുന്നു. അർഹരായവർക്കു സ്കോളർഷിപ്പുകളും ഫീസ് ഇളവുകളും നൽകുന്നുമുണ്ട്.

ഐ.എ.എസ്, ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ 24 സിവിൽ സർവീസുകളിലേക്ക് 2026ൽ നടത്തപ്പെടുന്ന പരീക്ഷക്കുള്ള കോച്ചിങ് ക്ലാസ്സുകളുടെ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയോ ഉപരിയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷം ദീർഘിക്കുന്ന ഫുൾ-ടൈം കോഴ്സിന്റെ ഭാഗമായി പ്രിലിമിനറി, മെയിൻസ്,

ഇന്റർവ്യൂ എന്നീ മൂന്നുഘട്ടപരീക്ഷകൾക്കുമുള്ള പരിശീലനമാണു നൽകുന്നത്. ഈ പരിശീലനം സിവിൽ സർവീസ് മാത്രമല്ല മറ്റു മത്സര പ്പരീക്ഷകൾക്കും ഉപയോഗപ്രദമാണ്. ഡിഗ്രിയോടൊപ്പം ഐ.എ.എസ്. പഠിക്കുന്നതിനുള്ള ആഡ് ഓൺ കോഴ്സും ഹയർ സെക്കൻഡറി വിദ്യാർഥി കൾക്കുവേണ്ടിയുള്ള ഫൗണ്ടേഷൻ കോഴ്സും അഞ്ചാം ക്ലാസ്സ് മുതൽ ആരംഭിക്കുന്ന 'ബ്ലൂമിങ് മൈൻഡ്സ്', ഒമ്പത്, പത്ത് ക്ലാസ്സുകാർക്കുള്ള 'ബ്യൂട്ടിഫുൾ മൈൻഡ്സ്' എന്നീ പരിശീലനപരിപാടികളും സ്കൂൾ കുട്ടി കൾക്കുള്ള സമഗ്രവ്യക്തിത്വവികസന ക്യാംപുകളും കേരള പി.എസ്.സി. പരീക്ഷകൾക്കുള്ള പ്രത്യേകപരിശീലനവും ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തി വരുന്നു.

നമ്മുടെ കുട്ടികൾക്ക് ഇൻഡ്യയിലെ തൊഴിൽമേഖലകളെയും വിദ്യാ ഭ്യാസസാധ്യതകളെയും പരിചയപ്പെടാനും മത്സരപ്പരീക്ഷകൾക്കു സജ്ജ രാകാനുമുതകുന്ന ക്ലാസ്സുകളും പരിശീലനവുമാണു നാം ലക്ഷ്യമാക്കു ന്നത്. 50 ലക്ഷം രൂപയുടെ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പുകളും ഫുൾ-ടൈം കോഴ്സിനായി ഒരുക്കിയിട്ടുണ്ട്. മെയ് മാസം നാലിനു നടത്ത പ്പെടുന്ന സ്കോളർഷിപ്പ് ഓൺലൈൻ പരീക്ഷ എഴുതി ഈ അവസരം ഉപയോഗപ്പെടുത്താൻ നമ്മുടെ യുവതീയുവാക്കളെ പ്രോത്സാഹിപ്പിക്കണ മെന്ന് അഭ്യർഥിക്കുന്നു.

പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശീലനമികവും സർവസജ്ജമായ ലൈബ്രറിയും സിവിൽ സർവീസ് പരീക്ഷയിൽ നിര ന്തരമായി ലഭിക്കുന്ന വിജയവും ഈ സ്ഥാപനത്തെ അനന്യമാക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും സമഗ്രമായ വ്യക്തിത്വ വികാസത്തിനും ബൗദ്ധികവളർച്ചയ്ക്കും ഊന്നൽ നൽകി അവരെ ഉത്തമ പൗരൻമാരാക്കി രാജ്യശുശ്രൂഷയ്ക്കായി സമർപ്പിക്കുക എന്ന ലക്ഷ്യ ത്തോടെ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന കർമപരിപാടികളോടു നമുക്ക് ആത്മാർഥമായി സഹകരിക്കാം.

അഞ്ചാം ക്ലാസ്സ് മുതലേ വിദ്യാർഥികളെ നല്ലലക്ഷ്യബോധത്തിൽ വളർത്തുന്നതിനും മെച്ചപ്പെട്ട തൊഴിൽദർശനം നൽകുന്നതിനുമായി സംഘടിപ്പിച്ചിട്ടുള്ള ഓൺലൈൻ കോഴ്സുകളിലും സമ്മർ ക്യാംപുകളിലും നമ്മുടെ കുട്ടികളെ പങ്കെടുപ്പിക്കുന്നതിന് അധ്യാപകരും മാതാപിതാക്കളും ശ്രദ്ധിക്കണം. സിവിൽ സർവീസ് ആഡ് ഓൺ കോഴ്സിലൂടെയും ഫുൾ-ടൈം കോഴ്സിലൂടെയും മറ്റൊരിടത്തും ലഭ്യമല്ലാത്ത ശാന്തമായ പഠനാ ന്തരീക്ഷവും സ്കോളർഷിപ്പുകളും ഉപയോഗപ്പെടുത്തി രാജ്യത്തെ

ഏറ്റവും ഉന്നതമായ സിവിൽ സർവീസുകളിൽ എത്തിചേർന്നു രാഷ്ട്ര നിർമിതിയിൽ പങ്കാളികളാകാൻ യുവതീയുവാക്കളെ ആഹ്വാനം ചെയ്തു കൊണ്ട്,

ഈശോയിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

**ബിഷപ് ജോസ് പുളിയ്ക്കൽ**
കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ

വിളിക്കേണ്ട ഫോൺ നമ്പർ: **9539381100, 9539371100**

Email: civilpala@yahoo.com;
Website: www.civilservicepala.com

നോമ്പുകാലം മൂന്നാം ബുധൻ
മാർ യൗസേപ്പിന്റെ മരണതിരുനാൾ
(19.03.2025)

---

**NB:** ***2025 ഏപ്രിൽ 6 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേയുള്ള വചന പ്രഘോഷണത്തിനുശേഷം ഈ സംയുക്ത സർക്കുലർ വായിക്കേണ്ടതാണ്.

## സർക്കുലർ

25 Ch. TCL 07

# ഫിയാത്ത് മിഷൻ-മിഷണറി സംഗമം 2025

മിഷനെ വളർത്തണമെന്ന ചിന്തയും അതിനുവേണ്ട പ്രയത്നവും സഭയുടെ നേതൃതലത്തിലും വിശ്വാസിസമൂഹത്തിനിടയിലും ഏറെ രൂഢമൂലമായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. തീക്ഷ്ണമതികളായ അനേകം അല്മായസഹോദരങ്ങൾ ഏറെ താത്പര്യത്തോടെ മിഷനെ വളർത്താൻ നിസ്വാർഥമായി സേവനം ചെയ്തുകൊണ്ടിരിക്കുന്നതു കാണുമ്പോൾ ഏറെ സന്തോഷമുണ്ട്. മിഷൻ പ്രവർത്തനം പ്രഥമവും പ്രധാനവുമായ ശുശ്രൂഷയായി ഏറ്റെടുത്ത് 2008ൽ രൂപം കൊണ്ട ഫിയാത്ത് മിഷന്റെ പ്രവർത്തനങ്ങൾ ഇക്കൂട്ടത്തിൽ സവിശേഷശ്രദ്ധയാകർഷിക്കുന്നു.

മിഷൻ മേഖലകളിലെ ഗോത്രഭാഷകളിൽ ബൈബിൾ നിർമിച്ചു വിതരണം ചെയ്യുക, അവിടങ്ങളിൽ മാധ്യസ്ഥ്യപ്രാർഥന നടത്തുക, മിഷനിൽ പ്രവർത്തിക്കാനായി കാറ്റക്കിസ്റ്റുകളെ വാർത്തെടുക്കുക തുടങ്ങി നിരവധി ശുശ്രൂഷാമേഖലകളിൽ ഇതിനോടകംതന്നെ ഫിയാത്ത് മിഷൻ ബഹുദൂരം മുന്നോട്ടുപോയിരിക്കുന്നു. **മിഷനെ അറിയുക, സ്നേഹിക്കുക, വളർത്തുക** എന്ന മുദ്രാവാക്യത്തോടെ ഫിയാത്ത് മിഷൻ കഴിഞ്ഞ അഞ്ചു തവണ വിവിധ സ്ഥലങ്ങളിലായി സംഘടിപ്പിച്ച ഗ്രേറ്റ് ഗ്യാതറിങ് ഓഫ് മിഷൻ കോൺഗ്രസുകൾ (ജി.ജി.എം.) ഏറെ പ്രശംസനീയമായ ഒരു കാൽവെപ്പാണ്. ഇൻഡ്യയിലെ മിഷൻ മേഖലകളിൽനിന്നുള്ള മിഷണറിമാരെയും അവരുടെ ശുശ്രൂഷാമേഖലകളെയും നേരിൽ കാണാനുള്ള അവസരം കേരളസഭയ്ക്ക് നൽകുകയെന്നതാണു ഗ്രേറ്റ് ഗ്യാതറിങ് ഓഫ് മിഷൻ എന്ന ഈ മിഷൻ മഹാസംഗമങ്ങളുടെ ലക്ഷ്യം.

ആറാമതു ജി.ജി.എം. മിഷൻ കോൺഗ്രസിന്റെ വേദിയാകാൻ അവസരം ലഭിച്ചിരിക്കുന്നതു ചങ്ങനാശ്ശേരി അതിരൂപതയ്ക്കാണ്. ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് ഇടവകയുടെയും ചെത്തിപ്പുഴ ക്രിസ്തു ജ്യോതി ഹയർ

സെക്കൻഡറി സ്കൂളിന്റെയും ക്യാംപസിൽ ഏപ്രിൽ 28 മുതൽ മെയ് 4 വരെയാണ് ഈ മിഷൻ സംഗമം നടത്തപ്പെടുന്നത്. കേരളത്തിന്റെ ഓരോ യിടങ്ങളിലും മിഷനെക്കുറിച്ചുള്ള ആഴമായ അവബോധം നൽകിക്കൊണ്ട് ഓരോ വർഷവും കടന്നുവരുന്ന ജി.ജി.എം. ചങ്ങനാശ്ശേരിയിലെത്തുമ്പോൾ ആ അവസരം നാം പൂർണമായും ഉപയോഗിക്കേണ്ടതാണ്.

നമ്മുടെ കുഞ്ഞുങ്ങൾക്കു മിഷൻ എന്താണെന്നു മനസിലാക്കാൻ സഹായകമായ നിരവധി സ്റ്റോളുകൾ ഉൾക്കൊള്ളുന്ന വിശാലമായ എക്സിബിഷനും ഈ മിഷൻ കോൺഗ്രസിന്റെ പ്രധാനസവിശേഷത യാണ്. നമ്മുടെ അതിരൂപതയിലെ കാറ്റക്കിസം വിദ്യാർഥികൾക്കു മിഷൻ എക്സിബിഷൻ കാണാൻ ബഹു. വികാരിയച്ചന്മാർ മതാധ്യാപകരുടെ സഹകരണത്തോടെ അവസരമൊരുക്കുന്നത് ഉചിതമാണ്. കാറ്റക്കിസം വിദ്യാർഥികൾക്കും അധ്യാപകർക്കുമായി പ്രത്യേകകൂട്ടായ്മകളും നടത്ത പ്പെടുന്നുണ്ട്.

വൈദികർ, സന്യസ്തർ, യുവജനങ്ങൾ, സംഘടനകൾ തുടങ്ങിയവ രുടെ നിരവധി കൂട്ടായ്മകളും ക്രിസ്തീയസംഗീതനിശകളും ഈ മഹാ സംഗമത്തിന്റെ സവിശേഷതകളാണ്. ഇൻഡ്യയുടെ മിഷൻ മേഖലക ളിൽനിന്നെത്തുന്ന അഭിവന്ദ്യ പിതാക്കന്മാരുടെ മഹനീയസാന്നിധ്യം ഈ പരിപാടിയുടെ ആദ്യാവസാനം ഉണ്ടായിരിക്കുമെന്നതും എടുത്തു പറയേണ്ടതാണ്. അഭി. പിതാക്കന്മാരുമായി തുറന്നുസംസാരിക്കാനും ഫിയാത്ത് മിഷൻ അവസരമൊരുക്കുന്നുണ്ട്.

മിഷൻ കോൺഗ്രസിനോടനുബന്ധിച്ച് ഏപ്രിൽ 29 ചൊവ്വാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന അതിരൂപതാംഗങ്ങളായ മിഷണറിമാരുടെ സംഗമം കൂടി നടത്തപ്പെടുകയാണ്. ആഗോളതലത്തിലുള്ള പ്രേഷിതപ്രവർത്തന മേഖലകളിൽ നമ്മുടെ അതിരൂപതാമക്കൾ തീക്ഷ്ണതാപൂർവം വ്യാപരി ക്കുന്നു എന്നതു നമ്മുടെ അതിരൂപതയുടെ അഭിമാനവും സന്തോഷവു മാണ്. അതിരൂപതാംഗങ്ങളായ എല്ലാ പ്രിയപ്പെട്ട മിഷണറിമാരെയും ഈ സംഗമത്തിലേക്കു ഞാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

ആറാമതു ജി.ജി.എം. മിഷൻ കോൺഗ്രസ് ചങ്ങനാശ്ശേരിയിൽ ക്രമീ കരിക്കപ്പെട്ടതിനെയോർത്തു നമുക്കു ദൈവത്തിനു നന്ദി പറയാം. ഇതു സംഘടിപ്പിക്കുന്ന ഫിയാത്ത് മിഷനെ ഹൃദയപൂർവം സ്വാഗതം ചെയ്യാം.

ഈശോമിശിഹായുടെ സ്നേഹസന്ദേശം എല്ലാ മനുഷ്യരിലുമെത്തിക്കുന്ന മിഷൻ പ്രവർത്തനങ്ങളിൽ നമുക്ക് അണിചേരാം.

സ്നേഹപൂർവ്വം,

**✠ തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

നോമ്പുകാലം നാലാം ചൊവ്വ
മംഗളവാർത്തതിരുനാൾ
(25.03.2025)

---

**NB:** ***2025 ഏപ്രിൽ 13 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേയുള്ള വചന പ്രഘോഷണത്തിനുശേഷം ഈ സർക്കുലർ വായിക്കുകയോ ഇതിലെ ആശയങ്ങൾ അറിയിക്കുകയോ ചെയ്യേണ്ടതാണ്.

## സർക്കുലർ

25 Ch. TCL 05

# കരിയർ അധിഷ്ഠിതപരിശീലനം കാലഘട്ടത്തിന്റെ ആവശ്യം

വന്ദ്യസഹോദരരേ, പ്രിയമക്കളേ

സർക്കാർമേഖലയിലെ തൊഴിൽ അവസരങ്ങളോടു നമ്മുടെ കുട്ടികൾ പൊതുവേ വിമുഖത കാട്ടാറുണ്ട്. അതുകൊണ്ടുതന്നെ ഭരണരംഗത്തും സേവനമേഖലകളിലും നമ്മുടെ അതിരൂപതാംഗങ്ങൾ കുറവാണ്. ഇതു മനസിലാക്കി സർക്കാർമേഖലയിലെ തൊഴിൽ അവസരങ്ങൾക്കായി നമ്മുടെ കുട്ടികളെ പരിശീലിപ്പിക്കണം. ഇതുമായി ബന്ധപ്പെട്ട ഏതാനും കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### പി.എസ്.സി. കോച്ചിങ്

സർക്കാറിന്റെ സഹകരണത്തോടെ പി.എസ്.സി.യുടെ ബേസിക് കോച്ചിങ് ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തിവരുന്നു. ബഹു. അച്ചൻമാരുടെയും ഇടവകസമൂഹത്തിന്റെയും സഹകരണത്തിനു നന്ദിയറിയിക്കുന്നു. അടുത്ത ബാച്ച് ജൂൺ മാസത്തോടെ ആരംഭിക്കുന്നതാണ്. ഡിഗ്രി, പി.ജി. വിദ്യാർഥികൾക്കു തങ്ങളുടെ പഠനത്തോടൊപ്പം സൺഡേ ബാച്ചിൽ പങ്കെടുക്കാവുന്നതാണ്. അപ്രകാരം ചെയ്യുന്നവർക്കു പഠനകാലയളവിൽ പി.എസ്.സി.യുടെ പരീക്ഷകളെഴുതാൻ സാധിക്കുന്നതാണ്. ഇപ്പോൾതന്നെ അതിരൂപതാകേന്ദ്രത്തിലുള്ള മാർതോമാവിദ്യാനികേതനിൽ അപേക്ഷകൾ നൽകാവുന്നതാണ്. ബേസിക് കോച്ചിങ്ങിന്റെ തുടർച്ചയായി ഒരു ഡിഗ്രി ലെവൽ അഡ്വാൻസ്ഡ് കോച്ചിങ് ബാച്ചും ജൂണിൽ ആരംഭിക്കാൻ ആഗ്രഹിക്കുന്നു.

മെയ്, ജൂൺ മാസങ്ങളിൽ നടത്തപ്പെടുന്ന പി.എസ്.സി പരീക്ഷകൾക്കു പരിശീലനം നൽകുന്നതിനായി യുവദീപ്തി-എസ്.എം.വൈ.എം. ചങ്ങനാശ്ശേരി അതിരൂപതാ കരിയർ സെല്ലിന്റെ ആഭിമുഖ്യത്തിൽ

'50 ഡെയ്സ് ചലഞ്ച് പി.എസ്.സി മാരത്തൺ' നടത്തപ്പെടുന്നതാണ്. വിശദവിവരങ്ങൾക്കു യുവദീപ്തി കരിയർ സെല്ലിനെ സമീപിക്കുക.

## കെ.എ.എസ്.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്കുള്ള (കെ.എ.എസ്.) അപേക്ഷകൾ ക്ഷണിച്ചുകൊണ്ടു കേരള പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുകയാണ്. ഏപ്രിൽ ഒമ്പതാണ് അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാനതീയതി. 21-32 വയസ് പ്രായപരിധിയിലുള്ള ഡിഗ്രി പാസായവർക്കാണു സ്ട്രീം ഒന്നിൽ അപേക്ഷിക്കാൻ സാധിക്കുന്നത്. സർക്കാർ സർവീസിലെ ഉന്നതമേഖലയിൽ നേരിട്ടു പ്രവേശിക്കാൻ സാധിക്കുന്ന പരീക്ഷയാണിത്. ഡിഗ്രി യോഗ്യതയും സ്ഥിരോത്സാഹവുമുള്ള യുവജനങ്ങൾ ഈ പരീക്ഷക്ക് അപേക്ഷ സമർപ്പിക്കണമെന്നു താത്പര്യപ്പെടുന്നു. നിശ്ചിതയെണ്ണം ഉദ്യോഗാർഥികളുണ്ടെങ്കിൽ കെ.എ.എസ്.ന്റെ പ്രിലിമിനറി പരീക്ഷക്കുള്ള കോച്ചിങ് അതിരൂപതാ സിവിൽ സർവീസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹമുള്ളവർ എത്രയും പെട്ടെന്നു വിവരം അറിയിക്കണം.

നമ്മുടെ സിവിൽ സർവീസ് അക്കാഡമിയിൽ യു.പി.എസ്.സി., എസ്.എസ്.സി. കോച്ചിങ്ങുകൾ നടത്തപ്പെടുന്നുണ്ട്. അടുത്ത ബാച്ച് ജൂണിൽ ആരംഭിക്കുന്നതാണ്. കോളേജുകളിൽ പഠിക്കുന്നവർക്കും പുറത്തുള്ളവർക്കും ശനിയാഴ്ചകളിൽ നടത്തപ്പെടുന്ന ക്ലാസ്സിൽ പങ്കെടുക്കാവുന്നതാണ്.

## കരിയർ ഗൈഡൻസ്

നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും മാതാപിതാക്കൾക്കും ശരിയായ കരിയർ ഗൈഡൻസ് നടത്തുക എന്ന ലക്ഷ്യത്തോടെ കാർപ് ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ഒരു കരിയർ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെൽ ഒരു പുസ്തകം തയ്യാറാക്കുകയും ഇതിന്റെയടിസ്ഥാനത്തിൽ ക്ലാസ്സുകൾ നൽകുകയും ചെയ്യുന്നതാണ്. വിശ്വാസോത്സവത്തിന്റെ സമയത്തും തുടർന്നുള്ള അവധിക്കാലത്തും ഇടവകകളിൽ കരിയർ ഗൈഡൻസിനായി ഈ സെല്ലിന്റെ സേവനം പ്രയോജനപ്പെടുത്താൻ ഞാൻ ആഹ്വാനം ചെയ്യുന്നു. ഇടവകകളിൽ കരിയർ ഗൈഡൻസ് ക്ലാസ്സുകളെടുക്കാൻ കഴിവും താത്പര്യവും വിദ്യാഭ്യാസയോഗ്യതയുമുള്ളവരുടെ പേരുവിവരങ്ങൾ ബഹുമാനപ്പെട്ട വികാരിയച്ചൻമാർ നൽകിയാൽ അവർക്ക് ആവശ്യമായ പരിശീലനം നൽകുന്നതാണ്.

## ഇ.ഡബ്ല്യൂ.എസ്.

കേന്ദ്ര-സംസ്ഥാനസർക്കാരുകൾ ഏർപ്പെടുത്തിയ 10% ഇ.ഡബ്ല്യൂ.എസ്. സംവരണം എൻ.ഇ.റ്റി., എൻ.ഇ.ഇ.റ്റി., പി.എസ്.സി., യു.പി.എസ്.സി., എസ്.എസ്.സി., ഐ.ബി.പി.എസ്. തുടങ്ങിയ പരീക്ഷകൾക്കും എല്ലാ കേന്ദ്ര-സംസ്ഥാനസർക്കാർ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ അഡ്മിഷനും ജോലികൾക്കും ലഭ്യമാണ്. ഇതിന്റെ സാധ്യതകൾ ഇടവകകളിൽ പരമാവധി പ്രചരിപ്പിക്കാൻ ഇടവകസംവിധാനങ്ങൾ ശ്രദ്ധിക്കണം. നമ്മുടെ അതിരൂപതാംഗങ്ങളായ അധ്യാപകരും സർക്കാർജീവനക്കാരും ഇക്കാര്യങ്ങളിൽ ആവശ്യമായ പ്രോത്സാഹനം നൽകണമെന്ന് അഭ്യർഥിക്കുന്നു.

സസ്നേഹം,

**✠ തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

ബഹു. വൈദികർക്കു ബഹു. ജയിംസ് കൊക്കാവയലിൽ അച്ചനെ **6238214912** എന്ന നമ്പറിലേക്കും ഇടവകാംഗങ്ങൾക്ക് **7994271022** എന്ന കാർപ് ഓഫീസ് നമ്പറിലേക്കും വിളിക്കാവുന്നതാണ്.

നോമ്പുകാലം മൂന്നാം ചൊവ്വ
ജറുസലെമിലെ മാർ സിറിൽ
(18.03.2025)

---

**NB:** ***2025 മാർച്ച് 30 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേയുള്ള വചനപ്രഘോഷണത്തിനുശേഷം വായിക്കാനായി നൽകപ്പെട്ട സർക്കുലർ.




# I
# PORTFOLIOS OF THE PROTOSYNCELLUS AND THE SYNCELLI

For the good governance of the Archeparchy His Grace Archbishop Mar Thomas Tharayil has entrusted the following responsibilities to the *Protosyncellus* and *Syncelli* of the Archeparchy (CCEO cc. 245-246)

**Very Rev. Fr. Antony Ethackad (Protosyncellus)**

1. General Co-ordination of the Departments
2. Movements and Associations: KLM, DCMS, ATMATA, ACCEPT, Temperance Movement etc.
3. Family Apostolate, Youth Apostolate, Bible Apostolate, Changanacherry Bible Convention, *Kudumbakkoottayma*, Laity, AKCC, CARP, Audio-Visual Media
4. Educational Institutions - Higher Education: Colleges & Civil Service Institute
5. Other Secular Educational Institutions
6. Movements and Associations in the field of Education - CSM
7. Special Co-ordination of Proto-presbyterates: Alappuzha, Champakulam, Chengannur, Edathua, Muhamma, Pulincunoo

**Very Rev. Fr. Mathew Changankary (Syncellus)**

1. Finance
2. *Jeevakarunyanidhi* Trust, SK Trust
3. Media: Printing Press, Book Apostolate
4. Parishes
5. PPFA, Priests Welfare, Priests' Home

6. *Pravasi* Ministry, Ministry for the Tourists
7. Public Relations - *Jagrathasamithi*
8. Rector, Marian Pilgrim Centre Parel
9. Sanjivani Psycho-social Rehabilitation Centre & Mother Teresa Home Nedumkunnam, Puthujeevan Trust Paippadu, Pope John XXIII Rehabilitation Centre Kidangara
10. SH Schools: Changanacherry & Kilimala
11. Social Service: CHASS, KVS, KRRIS
12. Special Co-ordination of Proto-presbyterates: Changanacherry, Kurumpanadom, Thrickodithanam, Thuruthy

**Very Rev. Fr. Scaria Kanniyakonil (Syncellus)**

1. Ongoing formation of Priests, Retreats and Renewal Programmes
2. Seminarians & Benefactors Forum, Benefactors & Funding Agencies
3. Religious: Institutes of Consecrated Life and Societies of Apostolic Life
4. General Education: Corporate Management Schools, Catholic Teachers' Guild, KCSL
5. Vocations, Faith Formation, Sunday School, CML
6. Ecclesiastical Institutions of Religious Studies (MARIOS, *Marthoma Vidyanikethan*, Danahalaya, CANA, MOC, *Amala*)
7. Liturgy
8. *Vedaprachara Madhyasthan*, Syro Malabar Vision
9. Missions, Ecumenism and Dialogue
10. Cultural Heritage: Museum & Archaeology; Archeparchial Library
11. Care Homes & Palliative Care
12. Special Co-ordination of Proto-presbyterates: Athirampuzha, Kottayam, Kudamaloor, Manimala, Nedumkunnam

**Very Rev. Fr. John Thekkekara (Syncellus) – Thiruvananthapuram & Kollam Regions**

1. Co-ordination of different pastoral activities of Thiruvananthapuram, Amboori and Kollam-Ayoor Foranes
2. Movements and Associations in Thiruvananthapuram and Kollam Regions

3. Lourdes Matha College of Institutions, Kuttichal
4. TAASC
5. Health Ministry: St. Thomas Chethipuzha (Allied and Nursing College Chethipuzha) & Sahrudaya Hospitals, St. Thomas Health Centre Manimala
6. Lourdes Matha Care Thiruvananthapuram
7. Special Co-ordination of Proto-presbyterates: Thiruvananthapuram, Kollam-Ayoor and Amboori

## II

C.25/GL 57 February 18, 2025

### Decree - Constituting a Construction Committee in the Archeparchy of Changanacherry

I, **Thomas Tharayil**, **Metropolitan Archbishop of Changanacherry**, do hereby constitute the Construction Committee of the Archeparchy for a period of three years commencing from February 20, 2025. This is an advisory board to provide professional assistance to all the agencies of the Archeparchy of Changanacherry in planning, development, construction, repair, renovation and even disposal of certain constructions as and when referred by the Archeparchial Curia. The names of the Committee members are the following:

Very Rev. Fr. Antony Ethackad
Very Rev. Fr. Mathew Changankary
Very Rev. Fr. John Thekkekara
Very Rev. Fr. Scaria Kanniyakonil
Very Rev. Fr. Antony Maleckal
Very Rev. Fr. George Puthumanamoozhiyil
Rev. Fr. Jacob Kooroth
Rev. Fr. Joseph Thoompunkal (Jr.)
Rev. Fr. Joseph Puthuvettilkalam (Jr.)
Rev. Fr. Joseph Alunkal
Rev. Fr. Devasia Puthuparampu
Rev. Fr. Varghese Arackal

Mr. Antony Joseph Kaitharam
Mr. Binu Devasia Melottukochy
Mr. Jaison Joseph, Kunnathukuzhy
Mr. John J. Kocherry
Mr. Jose Varkey, Kapiarumalayil
Mrs. Mariamma Jolly, Venattu
Mr. P. A. Eappan, Belheaven
Mr. Prince Mathew Palathara
Mr. Shine Joseph Maiparappally
Mr. Thomas Antony, Vettickal
Mr. Thomas K V, Muttathu
Mr. Vinu V. Chacko, Uzhathil Valiyaparampil

This team of experts, including the Curia members, is hereby constituted so that all the construction programmes in the entire Archeparchy are to be scrutinized and monitored to properly serve the purpose, taking into serious consideration of the Archeparchial policies in advance. Hence, the committee members are kindly requested to collaborate sincerely and voluntarily in this very special mission of the Archeparchy. May I invoke God's choicest blessings upon all the works of this Committee.

Given from the Archeparchial Curia on February 18, 2025

**✠ Thomas Tharayil**
Metropolitan Archbishop of Changanacherry

Fr. George Puthumanamoozhiyil
Chancellor

## III
## പീഡാനുഭവ ആഴ്ചയിലെ തിരുക്കർമങ്ങൾ

പീഡാനുഭവ ആഴ്ചയിലെ തിരുക്കർമങ്ങൾക്കു യാമശുശ്രൂഷകളോടു കൂടിയുള്ള നവീകരിച്ച ആരാധനക്രമപുസ്തകമാണ് (2025) ഉപയോഗിക്കേണ്ടത്. പുതിയപുസ്തകം ചങ്ങനാശ്ശേരി സെന്റ് ജോസഫ്സ്, അതിരൂപതാകേന്ദ്രത്തിലെ മാർതോമാവിദ്യാനികേതൻ എന്നീ ബുക്ക് സ്റ്റാളുകളിൽ ലഭ്യമാണ്.

പെസഹാ വ്യാഴം, പീഡാനുഭവവെള്ളി, വലിയശനി എന്നീ ദിവസങ്ങളിലെ തിരുക്കർമങ്ങൾ സായംകാലത്തും ഉയിർപ്പുതിരുനാളിലെ തിരുക്കർമങ്ങൾ പുലർച്ചെ മൂന്നിനും പരികർമം ചെയ്യേണ്ടതാണ്.

പെസഹാ അപ്പം കുടുംബങ്ങളിൽ മുറിക്കുന്നതാണ് അഭികാമ്യം.

ഓശാന ഞായറാഴ്ച മാർ തെയദോറിന്റെ കൂദാശക്രമവും പെസഹാ വ്യാഴാഴ്ച മാർ നെസ്തോറിയസിന്റെ കൂദാശക്രമവും മറ്റു ദിവസങ്ങളിൽ മാർ അദ്ദായി-മാറിയുടെ കൂദാശക്രമവുമാണ് ഉപയോഗിക്കേണ്ടത്.

## IV
## ദൈവവിളി ക്യാംപ്

ഈ വർഷത്തെ അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാംപ് ആൺ കുട്ടികൾക്ക് **2025 ഏപ്രിൽ 2** രാവിലെ 9:30ന് ആരംഭിച്ച് **ഏപ്രിൽ 3** വൈകുന്നേരം 3:30നു സമാപിക്കുന്നവിധത്തിൽ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ നടത്തപ്പെടുന്നതാണ്. പെൺകുട്ടികൾക്ക് ഒരു ദിവസത്തെ സെമിനാർ **2025 ഏപ്രിൽ 3** രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ സന്ദേശനിലയത്തിൽ ക്രമീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ആൺകുട്ടികൾക്ക് 300 രൂപയും പെൺകുട്ടികൾക്ക് 100 രൂപയുമാണ്. ചങ്ങനാശ്ശേരി അതിരൂപതയിലോ അതിരൂപതയ്ക്കുപുറത്തോ ദൈവവിളി സ്വീകരിക്കാനാഗ്രഹിക്കുന്ന എല്ലാവരും നിർബന്ധമായും അതിരൂപത നടത്തുന്ന ഈ ദൈവവിളി ക്യാംപിൽ പങ്കെടുത്തിരിക്കണമെന്നു പ്രത്യേകം ഓർമിപ്പിക്കുന്നു.

## V
## മ്ശംശാനാപ്പട്ടം

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വിവിധ സെമിനരികളിൽ ദൈവശാസ്ത്രപഠനം നടത്തിക്കൊണ്ടിരിക്കുന്ന വൈദികാർഥികളിൽ മ്ശംശാനാപ്പട്ടം സ്വീകരിക്കാൻ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് **2025 ഏപ്രിൽ 11**

രാവിലെ 6.30നു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ പ്രസ്തുതപട്ടം നൽകുന്നതാണ്. അർഥികൾക്കായി പ്രത്യേകം പ്രാർഥിക്കുമല്ലോ.

## VI

## വൈദികസമ്മേളനം

ഉയിർപ്പുതിരുനാളിനുശേഷം പതിവായി നടത്തിവരുന്ന വൈദിക സമ്മേളനം *(പ്രസ്ബിത്തേരിയം)* ഈ വർഷം **ഏപ്രിൽ 22നു** ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ നടത്തപ്പെടുന്നതാണ്. രാവിലെ 9.45ന് ആരംഭിക്കുന്ന സമ്മേളനത്തിൽ അതിരൂപതയിലെ ബഹു. വൈദികരും ഇപ്പോൾ അതിരൂപതയിൽ അജപാലനശുശ്രൂഷയിലേർപ്പെട്ടിട്ടുള്ള ബഹു. സന്യാസവൈദികരും പങ്കെടുക്കേണ്ടതാണ്. സമ്മേളനത്തിനുശേഷം പി.പി.എഫ്.എ. ജനറൽ ബോഡി മീറ്റിങ് ഉണ്ടായിരിക്കുന്നതാണ്.

## VII

## 139–ാമത് അതിരൂപതാദിനാചരണം

ഈ വർഷത്തെ അതിരൂപതാദിനാചരണം ചങ്ങനാശ്ശേരി ഫൊറോനയുടെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിലെ കർദിനാൾ മാർ ആന്റണി പടിയറ നഗറിൽ **മെയ് 20** രാവിലെ 9.30ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 1.30നു സമാപിക്കത്തക്കരീതിയിലാണു ക്രമീകരിച്ചിരിക്കുന്നത്.

**പങ്കെടുക്കേണ്ടവർ:** അതിരൂപതയിൽ സേവനം ചെയ്യുന്ന വൈദികർ, മേജർ സുപ്പീരിയർമാർ, വൈദികാർഥികൾ, ഇടവകയിലെ സമർപ്പിതരുടെ ഒരു പ്രതിനിധി, നടത്തുകൈക്കാരൻ, മാതാക്കളുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും ഓരോ പ്രതിനിധികൾ, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സംഘടനകളുടെ അതിരൂപതാതലഭാരവാഹികൾ.

## VIII

## വൈദികാർഥികളുടെ അവധിക്കാലപരിപാടികൾ

**മാർച്ച് 19–മെയ് 30:** അതിരൂപതാകേന്ദ്രത്തിൽ വെക്കേഷൻ ഡ്യൂട്ടി

**മാർച്ച് 19–മെയ് 30:** പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തോടനുബന്ധിച്ചുള്ള ഭവനസന്ദർശനം *(ചൊവ്വാഴ്ചകളിൽ)*

**മാർച്ച് 22–29:** അതിരൂപതയിലെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും ചരിത്രം തയ്യാറാക്കുന്നതിനുവേണ്ടിയുള്ള വിവരശേഖരണം

**മാർച്ച് 31–ഏപ്രിൽ 10:** വിശ്വാസോത്സവം – ഇടവകപ്പള്ളിയിൽ

**ഏപ്രിൽ 11:** മ്ശംശാനാപ്പട്ടം, മേജർ സെമിനരിയൻസ് ഗ്യാതറിങ്

**ഏപ്രിൽ 13–20:** പീഡാനുഭവവാരത്തിലെ ശുശ്രൂഷകൾ – ഇടവകപ്പള്ളിയിൽ

**ഏപ്രിൽ 27–മെയ് 3:** വർക്ക് ക്യാംപ് – കൈനടി ഔർ ലേഡി ഓഫ് ഡോളേഴ്സ് പള്ളിയിൽ

**മെയ് 11–15:** മേജർ സെമിനരിയൻസ് ഗ്യാതറിങ് – കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ

മറ്റു ദിവസങ്ങളിൽ ഇടവകകളിൽ യുവജനങ്ങൾക്കും കുട്ടികൾക്കും ക്യാംപ്, സെമിനാർ എന്നിവ നടത്താൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കു വൈദികാർഥികളുടെ സേവനം ആവശ്യപ്പെടാവുന്നതാണ്. ഇതിനായി **ബ്രദർ ആന്റണി നമ്പിയത്ത് (9496643067), ബ്രദർ ജോർജ് പുന്നൂർ പുത്തൻ പറമ്പിൽ (8281638839)** എന്നിവരെ സമീപിക്കുക.

## IX
## അതിരൂപതാ സാമ്പത്തികകാര്യാലയം

**2025 മെയ് ഒന്നു മുതൽ** പരിശുദ്ധ കുർബാനയ്ക്ക് ഉപയോഗിക്കുന്ന വീഞ്ഞിന്റെ പുതുക്കിയനിരക്ക് 230 രൂപയായിരിക്കുന്നതാണ്.

## X
## പ്രത്യേകപിരിവുകൾ

നോമ്പുകാലത്തു നടത്തപ്പെട്ട പ്രത്യേകപിരിവുകൾ *(നോമ്പുകാല പിരിവ്, കാരിത്താസ് ചങ്ങനാശ്ശേരി, വൈദികപരിശീലന ഫണ്ട്, വിശുദ്ധ നാടുസംരക്ഷണത്തിനുള്ള പിരിവ്, ഹോം മിഷൻ ഫണ്ട്)* **2025 ഏപ്രിൽ 30നു മുമ്പായി** അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

## XI
## വാർഷികധ്യാനം 2025

അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം നാലു ബാച്ചുകളിലായി കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ ക്രമീകരിച്ചിരിക്കുന്നു. ഓരോ ധ്യാനവും ആദ്യദിവസം (ഞായർ) വൈകുന്നേരം

ആറിനു റംശായോടെയാരംഭിച്ചു സമാപനദിവസം (വെള്ളി) ഉച്ചഭക്ഷണ ത്തോടെ അവസാനിക്കുന്നതാണ്.

**ബാച്ച് I - ജൂൺ 15 മുതൽ 20 വരെ**
**ധ്യാനഗുരു - വെരി റവ. ഫാ. അബ്രാഹം വെട്ടുവേലിൽ**
*(സുപ്പീരിയർ ജനറൽ, എം.എസ്.എഫ്.എസ്.)*

**ബാച്ച് II - ജൂൺ 22 മുതൽ 27 വരെ**
**ധ്യാനഗുരു - ബിഷപ് റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല**
*(കണ്ണൂർ രൂപത)*

**ബാച്ച് III - ജൂലൈ 06 മുതൽ 11 വരെ**
**ധ്യാനഗുരു - റവ. ഡോ. അരുൺ കലമറ്റത്തിൽ** *(പാലക്കാട് രൂപത)*

**ബാച്ച് IV - ജൂലൈ 13 മുതൽ 18 വരെ**
**ധ്യാനഗുരു - റവ. ഫാ. വിബിൻ ചൂതംപറമ്പിൽ** *(വരാപ്പുഴ അതിരൂപത)*

അതിരൂപതയ്ക്കുപുറത്തു സേവനത്തിലോ പഠനത്തിലോ ഏർപ്പെട്ടിരിക്കുന്ന വൈദികർക്കും അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്യാസ വൈദികർക്കും ധ്യാനത്തിൽ സംബന്ധിക്കാൻ താത്പര്യമുള്ളപക്ഷം ഇഷ്ടമുള്ള ഏതെങ്കിലും ബാച്ചിൽ പങ്കെടുക്കാവുന്നതാണ്. അങ്ങനെയുള്ളവർ ഏതു ബാച്ചിലാണു ധ്യാനിക്കുന്നതെന്ന് അതിരൂപതയുടെ ചാൻസലറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

**BATCH I JUNE 15-20**

| | | | |
|---|---|---|---|
| 01 | Aerathadom Philip | 17 | Kanikunnel James |
| 02 | Ampalathumparampil Francis | 18 | Kanniyaconil Thomas |
| 03 | Aranjaniyil Geevarghese | 19 | Karattu Mathew |
| 04 | Avanoor George | 20 | Karinganamattom Joseph |
| 05 | Chalassery Joseph | 21 | Karukaparambil Cherian |
| 06 | Chavara John | 22 | Kattady Jacob |
| 07 | Cheeramvelil Jacob | 23 | Kattoor Thomas |
| 08 | Cheppila Scaria | 24 | Kayalilparambil Antony |
| 09 | Choolaparampil Joseph | 25 | Kayamkulathusserry Thomas |
| 10 | Edachethra Varghese | 26 | Kiliyattusseril Varghese |
| 11 | Elampalasseril Varghese | 27 | Kizhakkeveettil Antony |
| 12 | Elanjickal George | 28 | Kochuchirayil Joseph |
| 13 | Eruppakkattu Joseph | 29 | Kollamkalam Alex |
| 14 | Kachamkode Antony | 30 | Kollamparampil Joseph |
| 15 | Kaithaparampil Joseph (Sr.) | 31 | Kunnath Andrews |
| 16 | Kalarikkal Jacob | 32 | Kurinjiparampil Sebastian |

33 Kuzhiyadiyil Joseph
34 Kuzhuppil Thomas
35 Madathiparampil Mathew
36 Manakunnel Antony
37 Manatt Savio
38 Marattukalam Mathew
39 Meppuram Gregory
40 Mullakariyil Joseph
41 Mullankuzhy George
42 Mullanpara John
43 Mullassery Mathew
44 Naduvilekkalam Jacob
45 Nambimadam Varghese
46 Nambisserykalam Varghese
47 Palamattam Alexander
48 Panachinkal Varghese
49 Panamparambil Andrews
50 Pathalil John
51 Pazhayamadom Cyriac
52 Perumpallithara Antony
53 Plamparambil Varghese
54 Plaparampil Thomas
55 Pullukattu Francis
56 Puthenparampil Thomas
57 Puthumanamoozhiyil George
58 Puthuparampil Joseph
59 Puthuparampil Joseph (Robin)
60 Puthuparampu Devasia
61 Puthuveettilkalam Joseph (Teji)
62 Srampical Scaria
63 Thaikkattuserril Thomas
64 Thalachelloor Antony
65 Thattasserry Antony
66 Thayil Philip
67 Thondikkakuzhiyil Abraham
68 Thumpechirayil Mathew
69 Thyparampil Augustine
70 Vaikathukaranveettil Philip
71 Valiyakunnumpurath Cyriac
72 Vaniapurackal Joseph
73 Varavukalayil Varghese
74 Varikatt Jacob
75 Vellanickal Louis

**BATCH II JUNE 22-27**

01 Alumkal Joseph
02 Anakkallunkal Antony
03 Anchupankil Thomas
04 Aruparayil Joseph
05 Athikalam Jacob
06 Chakkathra Jacob
07 Changankary Abraham
08 Chethipuzha Jacob
09 Chundakkattil James
10 Edamuriyil Chacko
11 Elanjiparambil Varghese
12 Ethackad Antony
13 Kadaprakunnil Joseph
14 Kaithaparampil Joseph (Mijo)
15 Kakkuzhy Cherian
16 Kalarickal Joseph
17 Kalathiparampil Sebastian
18 Kamichery Joseph
19 Kampiyil Thomas
20 Kanjiravelil Thomas
21 Kanniyakonil Scaria
22 Karikandom Mathew
23 Karippingapuram Abraham
24 Karukayil Jacob
25 Karuvelil Francis
26 Kattappuram Joseph
27 Kavanattu Mathew
28 Kayamkulathussery Joseph
29 Kocheethra Joseph
30 Kochuparampil George
31 Koilparampil Henry
32 Kollaparampil Augustine
33 Koottummel Sebastian
34 Kottayil Cyriac
35 Kudilil James
36 Kunnath James
37 Kuzhuppallil Jacob
38 Madathiparampil John
39 Maliakel Thomas
40 Manakkunnel John

41 Manavath Varkey
42 Manayath Sebastian
43 Mancherikalam Sebastian
44 Mathilakathukuzhy Varghese
45 Mattathil Joseph
46 Mattathil Varghese
47 Mundunadackal Isaac
48 Munduvelil Joseph
49 Muppathilchira Martin
50 Muriankarychirayil Mathew
51 Nallakkuttu Thomas
52 Nalpathamkalam Cyril
53 Nalpathamkalam Joseph
54 Nalpathilchira Joseph
55 Nilavanthara Joseph
56 Ottarackal Chacko
57 Padinjarekuttu Mathew
58 Padinjareveettil Thomas
59 Paikkattumattathil Thomas
60 Palackal Joseph
61 Panakezham George
62 Panjipuzha Varghese
63 Parackal Joseph
64 Pattathanam Stephen
65 Pazhayamadam Varghese
66 Peediackal Kuriakose
67 Plathanam John
68 Ponganamthadathil Augustine
69 Ponnattil Joseph
70 Pulickapadavil Varghese
71 Pulickassery Devasia
72 Puthenpurachirathykalam Xavier
73 Puthenpurackal Thomas (Tomy)
74 Puthusseril Sebastian
75 Puthuveedu Joseph
76 Puthuveettil Joseph
77 Puthuvelil Varghese
78 Srampickal Varkey
79 Thanniath Mathew
80 Tharakunnel John
81 Thayilnedumparampil Abraham
82 Theempalangattu Abraham
83 Thekkeppurath Jose
84 Thoompunkal Joseph (Roy)
85 Thundiyil Johnson
86 Thyparampil Martin
87 Vadakkekalam John
88 Vallathara Aloysius
89 Vallayil George
90 Varikkappallil Jose
91 Vathyakary George
92 Vattackattu Jacob
93 Vengasserry Thomas
94 Vettuvayalil Abraham

**BATCH III JULY 06-11**

01 Mar George Kocherry
02 Aiyankary Joseph
03 Ambalathunkal Kurian
04 Anchil Mathew
05 Anchupankil Jacob
06 Arackal Varghese
07 Aryankala Thomas
08 Athikkalam James
09 Chalackal Joseph
10 Chamakala Sebastian
11 Changankary Mathew
12 Chekkonthayil Thomas
13 Chethipuzha Mathew
14 Chooravady Mathew (Sr.)
15 Chorettu Joseph
16 Elamkulam Kurian
17 Elavummoottil Xavier
18 Ethirettu Kudilil Antony
19 Kadathukalam Abraham
20 Kaithaparampil Varghese
21 Kalathil Joseph
22 Kalathiveettil Jacob
23 Kanchikal Philip
24 Kanjooparampil Thomas
25 Karikandathil Elias
26 Karivelil Zacharias
27 Karukayil Joseph (Manoj)
28 Kattathara Yohanan
29 Kavithazhe Philip
30 Kezhaplackal Philipose

31 Kinganamchira Michael
32 Kizhakkemury Joseph
33 Kochelechamkalam Thomas
34 Kochuparampil Jose
35 Koippally Jacob
36 Kollara Joseph
37 Koottummel George
38 Kottathil Mathew
39 Kulathumkal Thomas
40 Kunnil James
41 Kunnuparampil Joseph
42 Kuthukallunkal Thomas
43 Malyeckal Matthew
44 Mammoottil Joseph
45 Mammoottil Sebastian
46 Mangalathil George
47 Mangalathu Thomas
48 Manianchira Thomas
49 Moolayil Kurian
50 Moonnattumugham Mathew
51 Moonnuparayil Varghese
52 Mudanthangelil Martin
53 Mundakathil Joseph
54 Muriyankavumkal Dominic
55 Muthalakavil Antony
56 Muthumakuzhiyil Mathew
57 Narithuruthel Joseph
58 Nedumparampil Joseph
59 Nelpuraparampil Philip
60 Odalany Mathew
61 Pakalomattom Kanachery Joseph
62 Palackal James
63 Parappallil Scaria
64 Parappally Jose
65 Parappuram Alex
66 Parasseril Jose
67 Pazhayamadom James
68 Plathottam Joseph
69 Poovatholil Thomas
70 Punnassery Sebastian
71 Purackal Joseph
72 Puthenchira Jose
73 Puthenpurackal Thomas (Joshy)
74 Puthenpurayil Mathew
75 Puthuparambil Sebastian
76 Souriamakil Sebastian
77 Thadathil John
78 Thadathil Mathew
79 Thanniath Thomas
80 Tharmasserry Abraham
81 Thekkedath Kuriakose
82 Thekkedathu Mathew
83 Thekkekara John
84 Thundukalam Antony
85 Thycheril George
86 Vallayil Job
87 Vallianipuram Thomas
88 Vazhaparampil Thomas
89 Velangattusserry Joseph
90 Veliyathu George
91 Vettukuzhiyil Varghese

**BATCH IV JULY 13-18**

01 Alencherry Isaac
02 Ampalathinkal Jacob
03 Anchil Mathew (Jerin)
04 Arackathara Antony
05 Bangalavuparampil Joseph
06 Chackupurackal Kurian
07 Chalackal Sebastian
08 Chempilakam Joseph
09 Chirayil Varghese
10 Choorapuzha Scaria
11 Chooravady Antony
12 Chooravady Mathew (Moban)
13 Chorattuchamakala Joseph
14 Erupathil Zachariah
15 Ettakakunnel Thomas
16 Kainikkara Tom
17 Kakkaparambil Antony
18 Kalathil Mathew
19 Kalayamkandam Mattam James
20 Kanicherril Varghese
21 Kanjirathummoottil Cyriac
22 Kannadippara Sebastian
23 Kappammuttil George
24 Karakkadu Thomas

25 Karakkadu Thomas
26 Karikompil Cherian
27 Karukakalam Thomas
28 Kattooppara Antony
29 Kayithara Varghese
30 Kizhakkethalakkal Antony
31 Kocherry Damianose
32 Kochuparampil Varghese
33 Kokkavayalil James
34 Kooroth Jacob
35 Kottathil Thomas
36 Kunnakkattuthara Zacharias
37 Kurasserry Joseph
38 Kuriannurparambil Joseph
39 Maleckal Antony
40 Mampara Sebastian
41 Manakkalam Varkey
42 Mannamthuruthil Sebastian
43 Manthuruthil George
44 Marangattu Mathew
45 Moolayil Antony
46 Moonnattinmugham Mathew
47 Mukalel Jose
48 Mulavana Joseph
49 Muttathil Antony
50 Muttel Thomas
51 Nadackal Mathew
52 Nadamukath Mathew
53 Naduthundathil Sebastian
54 Nelluvely Emmanuel
55 Nerayath Antony
56 Nuzhaithadom George
57 Oozhikattu Mathew
58 Pallichira Mathew
59 Pallichirayil Joseph
60 Pallickal Joseph
61 Panakkezham Joseph
62 Parathanam Joseph
63 Parathanam Thomas
64 Parathara Thomas
65 Parathottal Thomas
66 Paruvaparambil John
67 Peediyekkal Paul
68 Plathottathil Thomas
69 Poovathussery Joseph
70 Powanchira Mathew
71 Pulichamackal Mathew
72 Punnassery Xavier
73 Puthenkalam Tom
74 Puthenparambil Joseph (Libin)
75 Puthenparambil Joseph (Shijo)
76 Puthenpurackal Thomas (Aji)
77 Puthiaparampil Joseph (Toji)
78 Puthiyaparambil Thomas
79 Puthuveettilkalam Joseph (Tony)
80 Srambickal Thomas
81 Tharakunnel Antony
82 Thathakattupulickal John
83 Thekkumuriyil Thomas
84 Thevary Antony
85 Thyparampil Joseph
86 Vadakkettam Francis
87 Vadakkettathu Mathew
88 Vellanickal George
89 Vengasserry Paul
90 Vettithanam Xavier
91 Vettuvelikkalam Luka

## വേദപ്രചാരമദ്ധ്യസ്ഥൻ

നമ്മുടെ അതിരൂപതയുടെ മുഖപത്രമായ വേദപ്രചാരമദ്ധ്യസ്ഥന്റെ വരിസംഖ്യ (300 രൂപ) നൽകാനുള്ളവർ **2025 ഏപ്രിൽ മുപ്പതിനകം** പുതുക്കണമെന്നു പ്രത്യേകം ഓർമിപ്പിക്കുന്നു.

**എഡിറ്റർ**
*(അതിരൂപതാ ചാൻസലർ)*

**9037440040** (ചാൻസറി ഓഫീസ്)
**8547673162** (കുടുംബക്കൂട്ടായ്മ ഓഫീസ്)

# 139 – ാമത് അതിരൂപതാദിനാചരണം

## ചങ്ങനാശ്ശേരി ഫൊറോനയുടെ നേതൃത്വത്തിൽ സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളി കർദിനാൾ മാർ ആന്റണി പടിയറ നഗറിൽ

**2025 മെയ്
20 ചൊവ്വാഴ്ച
9.30 am - 1.30 pm**

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ

ഈ വർഷത്തെ അതിരൂപതാദിനാഘോഷങ്ങളുടെ ഒരുക്കങ്ങൾ ചങ്ങനാശ്ശേരി ഫൊറോനയുടെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്നു. അതിരൂപതാദിനാചരണത്തിനു മുന്നോടിയായുള്ള ദീപശിഖാപ്രയാണം **മെയ് 19 തിങ്കളാഴ്ച** ധന്യൻ മാർ തോമസ് കുര്യാള ശ്ശേരിയുടെ ജന്മനാടായ ചമ്പക്കുളത്തുനിന്നും ഛായാചിത്രപ്രയാണം കർദിനാൾ മാർ ആന്റണി പടിയറയുടെ മാതൃഇടവകയായ മണിമല സെന്റ് ബേസിൽസ് പള്ളിയിൽ നിന്നും ആരംഭിച്ചു വിവിധ പള്ളികളിലെ സ്വീകരണങ്ങൾ ഏറ്റുവാങ്ങി ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ എത്തിച്ചേരുന്നതാണ്. തുടർന്ന്, ആഘോ ഷമായ റംശാ നടത്തപ്പെടുന്നതാണ്. അതിരൂപതാദിനാചരണപരിപാടികൾ മെത്രാപ്പോ ലീത്തൻപള്ളിയിലെ കർദിനാൾ മാർ ആന്റണി പടിയറ നഗറിൽ **മെയ് 20 ചൊവ്വാഴ്ച** രാവിലെ 9.30ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 1.30നു സമാപിക്കത്തക്കരീതിയിലാണു ക്രമീ കരിച്ചിരിക്കുന്നത്.

### അതിരൂപതാദിനാഘോഷം: ഇടവകതലത്തിൽ

അതിരൂപതാദിനത്തിന് ഒരുക്കമായി അതിരൂപതയിലെ ഇടവകകളിലും കുരിശുപള്ളികളിലും **2025 മെയ് 19 തിങ്കളാഴ്ച** ഇടവകതലാഘോഷം നടത്തേണ്ടതാണ്. അതിരൂപതയുടെ പൊതുനിയോഗത്തിൽ പരിശുദ്ധ കുർബാനയർപ്പിക്കുകയും അതി രൂപതാ ആന്തം ആലപിക്കുകയും തുടർന്നു പേപ്പൽ പതാക ഉയർത്തുകയും ചെയ്യണം. ഈ ആഘോഷം ഇടവകയിൽ മുഴുവനും *അതിരൂപത ഒരു കുടുംബം* എന്ന കൂട്ടായ്മ യുടെ അനുഭവം വളരത്തക്കവിധം ഭംഗിയായി ക്രമീകരിക്കാൻ ശ്രമിക്കുമല്ലോ.

### A. സംസ്ഥാന – ദേശീയ – അന്തർദേശീയതലങ്ങളിൽ അംഗീകാരങ്ങൾ നേടിയവർക്കുള്ള പുരസ്കാരം

സംസ്ഥാന – ദേശീയ – അന്തർദേശീയതലങ്ങളിൽ അംഗീകാരങ്ങൾ നേടിയ അതിരൂപ താംഗങ്ങളെ അതിരൂപതാദിനത്തിൽ ആദരിക്കുന്നതാണ്. അങ്ങനെയുള്ള വ്യക്തികളുടെ ബയോഡേറ്റ കൃത്യമായ അനുബന്ധരേഖകളോടും വികാരിയച്ചന്റെ സാക്ഷ്യപത്ര ത്തോടുംകൂടി **2025 ഏപ്രിൽ 25നു മുമ്പായി** അതിരൂപതാ യുവദീപ്തി സെൻട്രൽ ഓഫീസിൽ ഏല്പിക്കേണ്ടതാണ് (8281746624).

### B. മികച്ച പാരിഷ് ബുള്ളറ്റിൻ, മികച്ച പാരിഷ് ഡയറക്ടറി

മികച്ച പാരിഷ് ബുള്ളറ്റിൻ, മികച്ച പാരിഷ് ഡയറക്ടറി എന്നിവ തെരഞ്ഞെടുക്കു ന്നതിനായി അവയുടെ ഒരു കോപ്പിവീതം **2025 മെയ് മൂന്നിനു മുമ്പായി** അതിരൂപതാ യുവദീപ്തി സെൻട്രൽ ഓഫീസിൽ ഏല്പിക്കേണ്ടതാണ് *(2024 മെയ് ഒന്നിനും 2025 ഏപ്രിൽ മുപ്പതിനും മധ്യേ പ്രസിദ്ധീകരിച്ചത്).*

***അപേക്ഷകൾ അയക്കേണ്ട വിലാസവും ഫോൺ നമ്പരും:***

ഡയറക്ടർ, യുവദീപ്തി സെൻട്രൽ ഓഫീസ്, ആർച്ചുബിഷപ് ഹൗസ്, പി.ബി. നമ്പർ 20, ചങ്ങനാശ്ശേരി 686101, കോട്ടയം. മൊബൈൽ: 8281746624

*അതിരൂപതാ കോഡിനേറ്റർമാർ*
**ഫാ. ആന്റണി ആനക്കല്ലുങ്കൽ** (8281746624)
**ഫാ. ചെറിയാൻ കക്കുഴി** (9495643338)
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല** (9496722548)

**ഫാ. ആന്റണി എത്തക്കാട്**
(പ്രോട്ടോസിഞ്ചെള്ളൂസ്)

❍

## വർക്ക് ക്യാംപ് 2025

സ്നേഹബഹുമാനപ്പെട്ട അച്ചന്മാരേ,

നമ്മുടെ അതിരൂപതയിലെ മേജർ സെമിനരി വൈദികാർഥികളുടെ ഈ വർഷത്തെ വർക്ക് ക്യാംപ് **ഏപ്രിൽ 27 മുതൽ മെയ് 3 വരെ** കൈനടി ഔർ ലേഡി ഓഫ് ഡോളേഴ്സ് പള്ളിയിൽ നടത്തപ്പെടുന്നതാണ്. നിങ്ങളുടെ സഹകരണവും സാന്നിധ്യവും പ്രതീക്ഷിക്കുന്നു.

**ബ്രദർ തോമസ് തേവർകാട്** 8138072466
**ബ്രദർ മാർട്ടിൻ നീളപ്പറമ്പിൽ** 7902255494
(വർക്ക് ക്യാംപ് ലീഡർമാർ)

## ബേസ് റൗമാ – സുറിയാനിഭാഷാപഠനം

**മാന്നാനം സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ ആർക്കൈവ്സിൽ പൗരസ്ത്യസുറിയാനിഭാഷ പഠിക്കാനൊരവസരം**

**2025 ഏപ്രിൽ 25–മെയ് 24**
രാവിലെ 9.15 മുതൽ ഉച്ചയ്ക്ക് 12.30 വരെ

സുറിയാനിഭാഷയോടൊപ്പം ആരാധനക്രമം, സംഗീതം, പൈതൃകം എന്നിവ ഇഷ്ടപ്പെടുന്ന ഏവർക്കും സ്വാഗതം. ആദ്യന്തം പങ്കെടുക്കുന്നവർക്കു കോഴ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

*കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും:*
**Email: kearchives@gmail.com**
**Mobile: 8289998237**

# 25-ാം ചരമവാർഷികാചരണം: കർദിനാൾ മാർ ആന്റണി പടിയറ

സീറോമലബാർസഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ്പും അതിരൂപതയുടെ രണ്ടാമത്തെ മെത്രാപ്പോലീത്തായുമായിരുന്ന കർദിനാൾ മാർ ആന്റണി പടിയറയുടെ 25-ാം ചരമവാർഷികം 2025 മാർച്ച് 22നു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് എമെരിത്തൂസ് അഭി. കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ കാർമികത്വത്തിലുള്ള പരിശുദ്ധ കുർബാന, മൃതിയടഞ്ഞവർക്കുള്ള അനുസ്മരണപ്രാർഥന എന്നിവയോടെ ആചരിച്ചു.

അതിരൂപതയുടെ സിഞ്ചെല്ലൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി, മെത്രാപ്പോലീത്തൻപള്ളിയുടെ വികാരി ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, കർദിനാൾ മാർ ആന്റണി പടിയറയിൽനിന്നു വൈദികപട്ടം സ്വീകരിച്ച ഫാ. ജോസഫ് നടുവിലേഴം, ഫാ. സേവ്യർ പുത്തൻകളം, ഫാ. ജോസഫ് പുത്തൻപറമ്പിൽ, ഡിപ്പാർട്ടുമെന്റുകളുടെ തലവന്മാർ എന്നിവർ പരിശുദ്ധ കുർബാനയ്ക്കും അനുസ്മരണപ്രാർഥനയ്ക്കും സഹകാർമികരായിരുന്നു.

കർദിനാൾ മാർ ആന്റണി പടിയറ സ്ഥാപിച്ച എ.എസ്.എം.ഐ. സന്യാസസമൂഹത്തിലെ അംഗങ്ങൾ, അല്മായർ എന്നിവർ ചരമവാർഷികാചരണത്തിൽ പങ്കെടുത്തു.

കർദിനാൾ മാർ ആന്റണി പടിയറയുടെ മാതൃഇടവകയായ മണിമല സെന്റ് ബേസിൽസ് പള്ളിയിലും അന്നേദിവസം പരിശുദ്ധ കുർബാന, മൃതിയടഞ്ഞവർക്കുള്ള അനുസ്മരണപ്രാർഥന, അനുസ്മരണസമ്മേളനം എന്നിവ നടത്തപ്പെട്ടു. അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് പരിശുദ്ധ കുർബാനയ്ക്കു കാർമികനും അനുസ്മരണസമ്മേളനത്തിനു വിശിഷ്ടാഥിതിയുമായിരുന്നു.

# മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തായുടെ രണ്ടാം ചരമവാർഷികാചരണം - അനുസ്മരണ സിംപോസിയം



അതിരൂപതയുടെ മുൻ മെത്രാപ്പോലീത്തായായിരുന്ന മാർ ജോസഫ് പവ്വത്തിലിന്റെ രണ്ടാം ചരമവാർഷികാചരണം 2025 മാർച്ച് 18നു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയങ്കണത്തിലെ മാർത്ത് മറിയം കബറിടപ്പള്ളിയിൽ നടത്തപ്പെട്ടു. മെട്രോപ്പോലീറ്റൻ എമെരിത്തൂസ് അഭി. മാർ ജോസഫ് പെരുന്തോട്ടം പരിശുദ്ധ കുർബാനയ്ക്കു കാർമികത്വം വഹിച്ചു. ഷംഷാബാദ് രൂപതയുടെ സഹായമെത്രാൻ അഭി. മാർ തോമസ് പാടിയത്ത് വചനസന്ദേശം നൽകി.

ആരാധനക്രമത്തിലും വിശുദ്ധപാരമ്പര്യങ്ങളിലും ആഴമായ അവബോധത്തോടെ വിശ്വാസിസമൂഹത്തിന് ഉൾക്കാഴ്ച നൽകിയ സഭാപിതാവാണു മാർ ജോസഫ് പവ്വത്തിലെന്നും സഭയെ ജീവനെപ്പോലെ സ്നേഹിച്ച മാർ ജോസഫ് പവ്വത്തിൽ സഭയ്ക്കു കർമനിരതമായ ദിശാബോധം പകർന്ന പ്രവാചകശബ്ദമായിരുന്നെന്നും അദേഹത്തിന്റെ നിലപാടുകളും പ്രബോധനങ്ങളും സഭയ്ക്ക് എന്നും കരുത്തും ശക്തിയുമാണെന്നും മാർ തോമസ് പാടിയത്ത് കൂട്ടിച്ചേർത്തു.

അപ്പസ്തോലിക് നുൺഷ്യോ അഭി. മാർ ജോർജ് കോച്ചേരി, തക്കല രൂപതാ മെത്രാൻ അഭി. മാർ ജോർജ് രാജേന്ദ്രൻ, അതിരൂപതാ സിഞ്ചെല്ലൂ

സുമാരായ വെരി റവ. ഫാ. ആന്റണി എത്തക്കാട്, വെരി റവ. ഫാ. മാത്യു ചങ്ങങ്കരി, വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ, മെത്രാപ്പോലീത്തൻ പള്ളിവികാരി ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, ഡിപ്പാർട്ടുമെന്റുകളുടെ തലവന്മാർ എന്നിവർ പരിശുദ്ധ കുർബാനയ്ക്കും അനുസ്മരണശുശ്രൂഷ കൾക്കും സഹകാർമികരായിരുന്നു. ഇടവകകളിൽനിന്നുള്ള വൈദികർ, സന്യസ്തർ, അല്മായപ്രതിനിധികൾ തുടങ്ങിയവർ അനുസ്മരണശുശ്രൂഷ കളിൽ പങ്കെടുത്തു.

രണ്ടാം ചരമവാർഷികാചരണത്തോടനുബന്ധിച്ചു ഫ്രാൻസിസ് മാർ പാപ്പ ആരാധനക്രമരൂപീകരണത്തെക്കുറിച്ചു പഠിപ്പിക്കുന്ന *ദെസിദെരിയോ ദെസിദെരാവി* എന്ന അപ്പസ്തോലികലേഖനം ആധാരമാക്കി 2025 മാർച്ച് 15ന് അതിരൂപതാകേന്ദ്രത്തിലെ ആർച്ചുബിഷപ് പവ്വത്തിൽ ലിറ്റർജിക്കൽ റിസേർച്ച് സെന്ററിന്റെ ഹാളിൽ ഏകദിന സിംപോസിയവും നടത്തപ്പെട്ടു. മെട്രോപ്പോലീറ്റൻ എമെരിത്തൂസ് അഭി. മാർ ജോസഫ് പെരുന്തോട്ടം സിംപോസിയം ഉദ്ഘാടനം ചെയ്തു.

വടവാതൂർ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജി യസ് സയൻസസിലെ പ്രൊഫസർ ഫാ. ഡൊമിനിക് മുരിയൻകാവുങ്കൽ 'ആരാധനക്രമപരിശീലനം സഭയിൽ: പവ്വത്തിൽപിതാവിന്റെ ദർശനവും കാഴ്ചപ്പാടും' എന്ന വിഷയത്തിൽ ആദ്യത്തെ പ്രബന്ധം അവതരിപ്പിച്ചു. പ്രൊഫ. പി. സി. അനിയൻകുഞ്ഞ് മോഡറേറ്ററായിരുന്നു.

ഷംഷാബാദ് രൂപതയുടെ സഹായമെത്രാൻ അഭി. മാർ തോമസ് പാടിയത്ത് '*ദെസിദെരിയോ ദെസിദെരാവിയും* ആരാധനക്രമരൂപീകരണ ത്തിന്റെ അനിവാര്യതയും' എന്ന വിഷയത്തിൽ രണ്ടാമത്തെ പ്രബന്ധം അവതരിപ്പിച്ചു. സി.എം.സി. ചങ്ങനാശ്ശേരി ഹോളി ക്വീൻസ് പ്രൊവിൻ ഷ്യൽ സി. സോഫി റോസ് മോഡറേറ്ററായിരുന്നു.

സത്നാ സെന്റ് എഫ്രേംസ് തിയളോജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫ സർ ഫാ. ലോനപ്പൻ അരങ്ങാശ്ശേരി എം.എസ്.റ്റി. 'വിശ്വാസരൂപീകരണം ആരാധന ക്രമത്തിലൂടെ' എന്ന വിഷയത്തിൽ മൂന്നാമത്തെ പ്രബന്ധം അവതരിപ്പിച്ചു. അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് മോഡറേറ്ററായിരുന്നു.

അല്മായർക്കായുള്ള ഉന്നതദൈവശാസ്ത്രപഠനകേന്ദ്രമായ മാർതോമാ വിദ്യാനികേതന്റെ ഡയറക്ടർ ഫാ. തോമസ് കറുകക്കളം സ്വാഗതവും അതിരൂപതാ ലിറ്റർജിക്കൽ അപ്പോസ്തലേറ്റിന്റെ ഡയറക്ടർ ഫാ. ജോർജ് വല്ലയിൽ നന്ദിയും രേഖപ്പെടുത്തി.

# റിപ്പോർട്ട്:
# പതിനേഴാമതു പ്രസ്ബിറ്ററൽ കൗൺസിൽ രണ്ടാമതുയോഗം

അതിരൂപതയുടെ 17-ാമതു പ്രസ്ബിറ്ററൽ കൗൺസിലിന്റെ രണ്ടാമതു യോഗം 2025 ഫെബ്രുവരി 28നു നടത്തപ്പെട്ടു.

അതിരൂപതയുടെ പ്രോട്ടോസിഞ്ചെള്ളൂസ് എത്തക്കാട് പെരിയ ബഹു. ആന്റണി അച്ചൻ യോഗത്തിനു സ്വാഗതമറിയിച്ചു. ഫെബ്രുവരി 15നു നടത്തപ്പെട്ട 'കർഷകരക്ഷാനസ്രാണിമുന്നേറ്റ'ത്തിന്റെ വിജയത്തെയും അതിനായി വൈദികർ ഉൾപ്പെടെയുള്ളവരുടെ ആത്മാർഥമായ സഹകരണത്തെയും പരാമർശിച്ചു സംസാരിച്ച അദ്ദേഹം സാമൂഹികതിന്മകളുടെ വ്യാപനമെന്ന വിഷയത്തിൽ നാം ഗൗരവമായി ഇടപെടണമെന്നും ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പു മുൻനിർത്തിയുള്ള നിലപാടു സ്വീകരിക്കണമെന്നും അറിയിച്ചു.

പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി ചാമക്കാല സെബാസ്റ്റ്യൻ അച്ചൻ കഴിഞ്ഞ യോഗത്തിന്റെ റിപ്പോർട്ട് വായിക്കുകയും യോഗം അത് അംഗീകരിക്കുകയും ചെയ്തു. മുൻകൂട്ടി നിശ്ചയിച്ച അജണ്ടകൾ യോഗം ചർച്ച ചെയ്തു.

പ്രൈവറ്റ് യൂണിവേഴ്സിറ്റി ബിൽ സംബന്ധിച്ചുള്ള വിവരങ്ങൾ ഡോ. റൂബിൾ രാജ് അവതരിപ്പിച്ചു. അതിരൂപതയിൽ ഒരു സ്വകാര്യസർവകലാശാലയുടെ സാധ്യത, വെല്ലുവിളികൾ എന്നിവ പങ്കുവെച്ച അദ്ദേഹം ഇതൊരു സുവർണാവസരമാണെന്നു വിലയിരുത്തി. മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നെങ്കിൽ യുക്തമായ തീരുമാനമെടുത്തു സാധ്യതാപഠനം നടത്തി പ്രോജക്റ്റ് സയറക്ടറെയും സ്പെഷ്യൽ ഓഫീസറെയും നിശ്ചയിച്ചു സഹകാരികളായ സ്ഥാപനങ്ങളുടെ സമ്മേളനം വിളിച്ചുചേർത്തു ഡീറ്റെയ്ൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കണമെന്ന് അദ്ദേഹം നിർദേശിച്ചു. അംഗങ്ങൾ ഈ വിഷയം ചർച്ച ചെയ്യുകയും സംശയനിവാരണം വരുത്തുകയും ചെയ്തു.

അതിരൂപതയുടെ നിലവിലുള്ള സാമ്പത്തികസ്ഥിതിയും അതു മെച്ചപ്പെടുത്തുന്നതിനുള്ള മാർഗങ്ങളും അതിരൂപതാ പ്രൊക്യുറേറ്റർ മാളേക്കൽ പെരിയ ബഹു. ആന്റണി അച്ചൻ അവതരിപ്പിച്ചു. അംഗങ്ങൾ ക്രിയാത്മകമായ നിർദേശങ്ങൾ പങ്കുവെച്ചു.

പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിന്റെ നിർമാണപുരോഗതിയും പൂർത്തീകരണവും സംബന്ധിച്ചുള്ള വിവരങ്ങൾ പുതുവീട്ടിൽക്കളം ബഹു. ജോസഫ് (റ്റെജി) അച്ചൻ അറിയിച്ചു. പാറേൽ സെന്റ് മേരീസ് പള്ളിയുടെ ആരംഭം സംബന്ധിച്ചുള്ള സംക്ഷിപ്തചരിത്രവും പാറേൽപ്പള്ളിയുടെ പ്രാധാന്യവും പള്ളിയോട് അതിരൂപത മുഴുവനുമുള്ള വൈകാരികബന്ധവും അവതരിപ്പിച്ച ബഹു. അച്ചൻ മൂന്നുനിലകളിലായി പൂർത്തിയായിക്കൊണ്ടിരിക്കുന്ന ബൃഹത്തായ ഈ നിർമിതി അതിന്റെ രൂപഘടനയ്ക്കും സൗകര്യങ്ങൾക്കും അനുസരിച്ചുള്ള സ്വാഭാവികമായ കാലയളവുമാത്രമേ നിർമാണത്തിന് എടുക്കുന്നുള്ളൂയെന്നും അവസാനഘട്ടത്തിലെ നിർമാണപ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി ജൂലൈ അവസാനത്തോടെ കൂദാശയുടെ തീയതി സംബന്ധിച്ചുള്ള വിശദാംശങ്ങളിലേക്കു കടക്കാനാകുമെന്നും അറിയിച്ചു.

പള്ളിയുടെ കൂദാശ മനോഹരമായി ക്രമീകരിക്കുന്നതിനു പൊതുവായ ഒരു കമ്മിറ്റി അതിരൂപതാതലത്തിൽ ക്രമീകരിക്കുന്നത് ഉചിതമായിരിക്കുമെന്നുള്ള അച്ചന്റെ നിർദേശത്തെത്തുടർന്നു മുണ്ടകത്തിൽ ജോസഫ്, വാണിയപ്പുരയ്ക്കൽ ജോസഫ്, പുത്തൻപുരയ്ക്കൽ തോമസ് എന്നീ ബഹു. വൈദികർ കമ്മിറ്റി അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടു. പുതുവീട്ടിൽക്കളം ബഹു. ജോസഫ് (റ്റെജി) അച്ചൻ പാറേൽപ്പള്ളി നിർമാണത്തിനായി ചെയ്യുന്ന ത്യാഗനിർഭരമായ പ്രവർത്തനങ്ങളെ യോഗം പ്രശംസിച്ചു.

തിരുവനന്തപുരം, കൊല്ലം, അമ്പൂരി ഫൊറോനകളെ ഉൾപ്പെടുത്തി ഒരു പ്രത്യേക റീജൻ രൂപീകരിക്കുന്നതു സംബന്ധിച്ചുള്ള സാധ്യതകൾ കോട്ടയിൽ ബഹു. സിറിയക് അച്ചൻ അവതരിപ്പിച്ചു. തുടർന്നുള്ള ചർച്ചക്കൊടുവിൽ തിരുവനന്തപുരം മേഖലയുടെ വളർച്ചയ്ക്കുപകരിക്കുന്ന ഭരണപരമായ ക്രമീകരണങ്ങൾ നടത്തിയാൽ മതി എന്ന ധാരണയിൽ യോഗം എത്തിച്ചേർന്നു.

'കരുതൽ 2025' സംബന്ധിച്ചുള്ള ചർച്ചയിൽ, ചില പ്രത്യേകമായ നിയോഗങ്ങൾ മുൻനിർത്തി അതിരൂപത മുഴുവൻ പങ്കുചേരുന്ന സാമ്പത്തിക സമാഹരണമായ കരുതൽ 2022ൽ നടന്നപ്പോൾ മികച്ച പ്രതികരണമുണ്ടായെങ്കിലും നിലവിലെ സാഹചര്യം പരിഗണിച്ച് ഈ വർഷം അപ്രകാരമുള്ള ഒരു പൊതുസാമ്പത്തികസമാഹരണം വേണ്ടെന്ന അഭിപ്രായമാണു യോഗത്തിൽ ഉയർന്നത്.

'മൈ പാരിഷ് സോഫ്റ്റ്‌വെയർ' സംബന്ധിച്ചുള്ള ചർച്ചയിൽ അതിന്റെ പ്രാധാന്യവും സാധ്യതയും പ്രതിസന്ധികളും അവതരിപ്പിച്ചുകൊണ്ടു പുതുപ്പറമ്പ് ബഹു. ദേവസ്യ അച്ചൻ സംസാരിച്ചു. അജപാലനസഹായകമായ ഇടവക രജിസ്റ്ററുകൾ, അക്കൗണ്ടിങ് സോഫ്റ്റ്‌വെയർ, ഇന്റെറാക്റ്റീവ് ഇന്റെർഫെയ്സ്, ഇടവകയുടെ വെബ്സൈറ്റിനുള്ള സാധ്യതകൾ

എന്നിവ ഈ സോഫ്റ്റ്‌വെയറിന്റെ ഭാഗമാണെന്നും തൊഴിലവസരങ്ങൾ, ഓൺലൈൻ മാർക്കറ്റിങ് എന്നിവയ്ക്കുള്ള അവസരങ്ങളുൾപ്പെടെ അതിരൂപതയിൽ ഒരുമയുടെ സാധ്യതയാണ് 'മൈ പാരിഷ് സോഫ്റ്റ്‌വെയർ' ഒരുക്കുന്നതെന്നും ബഹു. അച്ചൻ അറിയിച്ചു. അതിരൂപതയിൽ ഈ സോഫ്റ്റ്‌വെയർ പ്രവർത്തനക്ഷമമാക്കുന്നതിന് ഊർജിതമായ പരിശ്രമം ആവശ്യമാണെന്നും പരസ്പരം സഹായിച്ചും കാര്യക്ഷമമായി ഇടപെട്ടും അതു സമയബന്ധിതമായി പൂർത്തിയാക്കണമെന്നും അഭി. മെത്രാപ്പോലീത്താ ആവശ്യപ്പെട്ടു.

നിയതമായ അധ്യക്ഷപ്രസംഗത്തിനും ഉപസംഹാരവാക്കുകൾക്കും പകരം ഓരോ വിഷയത്തിലും ഇടപെട്ടു സംസാരിക്കുകയും കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തുകൊണ്ട് അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ കൗൺസിൽ യോഗത്തിന് അധ്യക്ഷതവഹിച്ചു.

അതിരൂപതയുടെ സിഞ്ചെള്ളൂസ് തെക്കേക്കര പെരിയ ബഹു. ജോൺ അച്ചൻ ഏവർക്കും നന്ദി അറിയിച്ചു.

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(സെക്രട്ടറി)*

# പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതി

### വോക്സ് പോപ്പുളി 2025

അതിരൂപതാംഗങ്ങളായ മുനിസിപ്പൽ/ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളുടെ സംഗമം 'വോക്സ് പോപ്പുളി 2025' എന്ന പേരിൽ ഫെബ്രുവരി 22ന് അതിരൂപതാകേന്ദ്രത്തിലെ സന്ദേശനിലയം കാർഡിനൽ ടിസറാങ് ഹാളിൽ നടത്തപ്പെട്ടു. അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിൽ സംഗമം ഉദ്ഘാടനം ചെയ്തു വിഷയാവതരണം നടത്തി. 'മൂല്യവത്തായ സമൂഹനിർമിതിയിലും നസ്രാണിസമുദായശക്തീകരണത്തിലും സഭാംഗങ്ങളായ പൊതുപ്രവർത്തകരുടെ പങ്ക്' എന്നതായിരുന്നു വിഷയം.

ചങ്ങനാശ്ശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിൾ ആമുഖസന്ദേശം നൽകി. അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി അധ്യക്ഷനായിരുന്നു. ചർച്ചകൾക്കു ഡോ. റൂബിൾ രാജ് മോഡറേറ്ററായിരുന്നു. താലൂക്ക് അടിസ്ഥാനത്തിൽ ടൂറിസം വികസനസാധ്യതകൾ, കുട്ടനാടിന്റെ അതിജീവനം, രാഷ്ട്രീയരംഗത്തെ വെല്ലുവിളികൾ, സർക്കാറിന്റെ ക്ഷേമപദ്ധതികളുടെ ലഭ്യത എന്നീ വിഷയങ്ങൾ ഗ്രൂപ്പുകളായി ചർച്ച ചെയ്തു. തുടർന്നു ഗ്രൂപ്പ് ചർച്ചകളുടെ അവതരണവും പൊതുചർച്ചയും നടത്തപ്പെട്ടു. അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് സമാപനസന്ദേശം നൽകി. അതിരൂപതാ പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ സ്വാഗതവും ഫാ. ആന്റണി തലച്ചെല്ലൂർ നന്ദിയും അറിയിച്ചു. ഫാ. ജയിംസ് കൊക്കാവയലിൽ കാര്യപരിപാടികളുടെ അവതരണം നടത്തി.

### ഭാരവാഹികളുടെ സമ്മേളനം

അതിരൂപതാതലത്തിലുള്ള സംഘടനാഭാരവാഹികളുടെ സമ്മേളനം ഫെബ്രുവരി 26ന് അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ടു. രാഷ്ട്രീയ-സാമൂഹികവിഷയങ്ങൾ ചർച്ച ചെയ്തു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ അധ്യക്ഷനായിരുന്നു. അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട്, ഫാ. ജയിംസ് കൊക്കാവയലിൽ, ഫാ. സെബാസ്റ്റ്യൻ ചാമക്കാല, ഫാ. സാവിയോ മാനാട്ട്, ഫാ. ആന്റണി ആനക്കല്ലുങ്കൽ, അഡ്വ. ജോജി ചിറയിൽ, ഡോ. രേഖ മാത്യൂസ്, ബിജു സെബാസ്റ്റ്യൻ തുടങ്ങിയവർ പ്രസംഗിച്ചു.

### അപകീർത്തികേസിൽ ഇടക്കാല ഉത്തരവ്

അതിരൂപതാധ്യക്ഷൻ അഭി. മാർ തോമസ് തറയിലിനെതിരെ ഐ.റ്റു.ഐ. ന്യൂസ്, ഐ.റ്റു.ഐ. പ്ലസ് എന്നീ യൂട്യൂബ് ചാനലുകളിലൂടെ തിരുവനന്തപുരം ശ്രീകാര്യം സ്വദേശി സുനിൽ മാത്യു പ്രചരിപ്പിച്ച അപകീർത്തികരമായ പരാമർശങ്ങളടങ്ങിയ വീഡിയോകൾ പിൻവലിച്ചു നീക്കം ചെയ്യണമെന്നും യൂട്യൂബിലൂടെയോ മറ്റു നവമാധ്യമങ്ങളിലൂടെയോ ഇത്തരം സംഗതികൾ പ്രചരിപ്പിക്കുന്നതും പ്രസിദ്ധീകരിക്കുന്നതും നിരോധിച്ചുകൊണ്ടും തിരുവനന്തപുരം അഡീഷണൽ മുൻസിഫ് കോടതി ഉത്തരവു പുറപ്പെടുവിച്ചു.

ഈ വിഷയത്തിൽ തിരുവനന്തപുരം ലൂർദ് മാതാ ട്രസ്റ്റും ആർച്ചുബിഷപ് തോമസ് തറയിലും തിരുവനന്തപുരം മുൻസിഫ് കോടതിയിൽ 1643/2024

നമ്പറായി കേസ് ഫയൽ ചെയ്തിരുന്നു. സുനിൽ മാത്യു ഇതുമായി ബന്ധപ്പെട്ടു പ്രചരിപ്പിച്ച 23 വീഡിയോകളും വാദിഭാഗത്തുനിന്നു കോടതിയിൽ ഹാജരാക്കി. അവയുടെ വിശദാംശങ്ങൾ പരിശോധിച്ചും ഇരുകക്ഷികളുടെയും വാദം കേട്ടും കോടതി ഇൻജംഗ്ഷൻ ഹർജി തീർപ്പുകല്പിച്ചു.

ബഹു. സുപ്രീം കോടതിയുടെയും കേരള ഹൈക്കോടതിയുടെയും വിധി ന്യായങ്ങൾ ഉദ്ധരിച്ചു ഭരണഘടന നൽകുന്ന സംസാര-ആവിഷ്കാരസ്വാത ന്ത്ര്യങ്ങൾ മറ്റൊരാളെ അപമാനിക്കുന്നതിനുള്ള സ്വാതന്ത്ര്യമല്ലെന്നു കോടതി നിരീക്ഷിച്ചു. കേസിന് ആസ്പദമായ വീഡിയോകൾ പ്രഥമദൃഷ്ട്യാ അപകീർത്തി പരമാണെന്നും വാദികളുടെയും സ്ഥാപനത്തിന്റെയും സൽപ്പേരിനെ ബാധിക്കുന്ന താണെന്നും ഇത് അവർക്ക് അപരിഹാര്യമായ ബുദ്ധിമുട്ടുകൾക്ക് ഇടയാക്കി യെന്നും ബഹു. കോടതി ഉത്തരവിലൂടെ വ്യക്തമാക്കി.

**അഡ്വ. ജോജി ചിറയിൽ**
*(പി.ആർ.ഒ.)*

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡയറക്ടർ)*

❍

## പ്ലാസിഡ് അച്ചൻ : 40–ാം ചരമവാർഷികം
### മാന്നാനം സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ ആർക്കൈവ്സിൽ

**സ്ഥലം: ന്യൂ അക്കാഡമിക് ബ്ലോക്ക് (സെന്റ് ജോസഫ്സ് ട്രെയിനിങ് കോളേജ്, മാന്നാനം)**

**ഏപ്രിൽ 26 ശനി**

09.15 am : **ഫാ. പ്ലാസിഡ് അനുസ്മരണപ്രഭാഷണം**

ഉദ്ഘാടനം : **മാർ ജോസഫ് കല്ലറങ്ങാട്ട്** (പാലാ രൂപതാധ്യക്ഷൻ)

മുഖ്യപ്രഭാഷണം : **റവ. ഫാ. പോളി മണിയാട്ട്**
(പ്രസിഡന്റ്, പൗരസ്ത്യവിദ്യാപീഠം വടവാതൂർ)

04.00 pm : **ദീപശിഖാപ്രയാണം** (മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തായുടെ കബറിടത്തിൽനിന്നു ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് സി.എം.ഐ. ആശ്രമത്തിലെ പ്ലാസിഡ് അച്ചന്റെ കബറിടത്തിലേക്ക്)

**ഏപ്രിൽ 27 ഞായർ**

(ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് സി.എം.ഐ. ആശ്രമത്തിൽ)

11.00 am : **പരിശുദ്ധ കുർബാന, കബറിടത്തിൽ പ്രാർഥന**

കാർമികൻ : **കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
(മേജർ ആർച്ചബിഷപ് എമെരിത്തൂസ്, സീറോമലബാർസഭ)

തുടർന്ന് അനുസ്മരണം, ശ്രാദ്ധമൂട്ട്

02.00 pm : **അഖിലകേരള പ്ലാസിഡ് ക്വിസ്**

# സന്ദേശനിലയം

മ്ശിഹായിൽ സ്നേഹമുള്ളവരേ,

അനുതാപത്തിന്റെയും അനുരഞ്ജനത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും തപശ്ചര്യയുടേതുമായ കാലഘട്ടമാണു വലിയനോമ്പുദിനങ്ങൾ. ഈശോയുടെ പീഡാസഹനത്തെ ധ്യാനിച്ചുകൊണ്ടു പ്രാർഥന, പരിത്യാഗം, ഉപവിപ്രവർത്തനങ്ങൾ എന്നിവയിലൂടെ നോമ്പുകാലത്തിന്റെ ഇനിയുള്ള ദിവസങ്ങൾ ഫലദായകമാക്കാൻ ആത്മാർഥമായി പരിശ്രമിക്കാം. ഈശോമ്ശിഹാ നൽകുന്ന പ്രത്യാശയിൽ ശരണം പ്രാപിച്ച് ഉയിർപ്പുതിരുനാളിനൊരുങ്ങാം.

വിശ്വാസോത്സവദിനങ്ങൾ നമ്മുടെ വിശ്വാസജീവിതത്തിനു കൂടുതൽ കരുത്തു പകരുന്ന ദിനങ്ങളാകട്ടെ. തിരുവചനത്തിലൂടെ നമ്മോടു സംസാരിക്കുന്ന വചനമായ ഈശോയെ അടുത്തറിഞ്ഞു സ്നേഹിക്കാനും അവന്റെ സ്നേഹം രുചിച്ചറിയാനും ഓരോരുത്തർക്കും സാധിക്കട്ടെ. ഉത്സാഹത്തോടും തീക്ഷ്ണതയോടും കൂടി നമുക്ക് ഇതിൽ പങ്കാളികളാകാം. വാർഷികപരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കാൻ നിങ്ങൾക്കു സാധിക്കട്ടെ. ഏവർക്കും ഉയിർപ്പുതിരുനാളിന്റെ ആശംസകൾ നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ഏപ്രിൽ**

01 ചൊവ്വ : **വിശ്വാസോത്സവാരംഭം** (1 മുതൽ 10 വരെ തീയതികളിൽ)
06 ഞായർ : നോമ്പ് ആറാം ഞായർ
12 ശനി : **അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ**
13 ഞായർ : **ഓശാന ഞായർ**, നോമ്പ് ഏഴാം ഞായർ
16 ബുധൻ : **പെസഹാ ബുധൻ** *(16 മുതൽ 20 വരെ ഓഫീസ് അവധി)*
17 വ്യാഴം : **പെസഹാ വ്യാഴം**
18 വെള്ളി : **പീഡാനുഭവവെള്ളി** (ഉപവാസദിനം)
19 ശനി : **വലിയശനി**
20 ഞായർ : **ഉയിർപ്പുഞായർ**
27 ഞായർ : പുതുഞായർ, ഉയിർപ്പ് രണ്ടാം ഞായർ

**മെയ്**

01 വ്യാഴം : **തൊഴിലാളിമധ്യസ്ഥനായ മാർ യൗസേപ്പ്** *(മെയ് ദിനം, ഓഫീസ് അവധി)*
04 ഞായർ : ഉയിർപ്പ് മൂന്നാം ഞായർ

**വിശ്വാസോത്സവം**

**ഏപ്രിൽ 1 മുതൽ 10 വരെ** തീയതികളിൽ *രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ* വിശ്വാസോത്സവം നടത്തേണ്ടതാണ്. *(വിശ്വാസോത്സവം സംബന്ധിച്ച്*

*ഇടവകതലത്തിൽ ശ്രദ്ധിക്കേണ്ട വിവരങ്ങൾ* 2024-2025 *മതബോധന കലണ്ടർ 33-35 പേജുകളിൽ നൽകിയിട്ടുണ്ട്).* വിശ്വാസോത്സവദിനങ്ങളിൽ പി.റ്റി.എഫ്., ഇടവകയിലെ മറ്റു സംഘടനകൾ എന്നിവരുടെ സാന്നിധ്യസഹകരണങ്ങൾ ഉൾപ്പെടുത്തി ഇടവക മുഴുവന്റെയും വിശ്വാസപരിപോഷണത്തിനു വേദിയൊരുക്കുന്നത് ഉചിതമാണ്.

**അതിരൂപതാ സ്കോളർഷിപ്പ്**

ഈ വർഷത്തെ അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ **ഏപ്രിൽ 12ന്** അതതു ഫൊറോനാകേന്ദ്രങ്ങളിൽ *രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12 വരെ* നടത്തപ്പെടുന്നതാണ്. സാധ്യതാലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളവരും വിശ്വാസോത്സവത്തിന് 90% ഹാജറും സ്കോറും നേടിയിട്ടുള്ള കുട്ടികളെയാണ് ഈ പരീക്ഷയിൽ പങ്കെടുക്കാൻ അയക്കേണ്ടത്. ഇതിൽ പങ്കെടുക്കുന്ന കുട്ടികൾ 2025ലെ വിശ്വാസോത്സവത്തിന്റെ പൂർത്തീകരിച്ച വർക്ക്ബുക്ക് നിർബന്ധമായി കൊണ്ടുവരേണ്ടതാണ്.

**പ്രത്യേക വിശ്വാസപരിശീലന ക്ലാസ്സ്**

നവോദയ-സൈനികസ്കൂളുകളിൽ പഠിക്കുന്ന 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കും (സൺഡേസ്കൂളിൽ സ്ഥിരമായെത്താൻ സാധിക്കാത്തവർ) മറ്റു ഗൗരവതരമായ കാരണങ്ങളാൽ 2024-2025 വർഷത്തിൽ നിർദേശിച്ചിരിക്കുന്ന ഹാജർ നില (75%) ഇല്ലാത്തവരുമായ കുട്ടികൾക്കുമുള്ള പ്രത്യേമായ വിശ്വാസപരിശീലന ക്ലാസ്സുകൾ **ഏപ്രിൽ 21-25** തീയതികളിൽ *(രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ)* സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾ 2024-2025 മതബോധന കലണ്ടർ 35-36 പേജുകളിൽ നൽകിയിട്ടുണ്ട്.

കുട്ടികൾ ക്ലാസ്സിനു വരുമ്പോൾ വികാരിയച്ചന്റെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്. വേണ്ടത്ര ഹാജറില്ലാത്തവർ നിർബന്ധമായി ഈ ക്ലാസ്സിൽ പങ്കെടുക്കണം. പാഠപുസ്തകം, നോട്ട് ബുക്ക്, ബൈബിൾ, പേന എന്നിവ കരുതേണ്ടതാണ്.

പങ്കെടുക്കുന്നവരുടെ പേരുവിവരങ്ങൾ, നൽകപ്പെടുന്ന ഗൂഗിൾ ഫോം പൂരിപ്പിച്ച് **ഏപ്രിൽ പത്തിനകം** അയക്കേണ്ടതാണ്. ഇങ്ങനെ നൽകുന്ന ആദ്യത്തെ 80 പേർക്കാണ് ഇതിൽ പ്രവേശനം ലഭിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് 900 രൂപ.

**അധ്യാപകർക്കുള്ള പാഠപുസ്തകപരിചയപ്പെടുത്തൽ**

11, 12 ക്ലാസ്സുകളിലെ പരിഷ്കരിച്ച പാഠപുസ്തകത്തിന്റെ പരിചയപ്പെടുത്തൽ മെയ് മാസം സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതാണ്. ഹയർ കോഴ്സിൽ പഠിപ്പിക്കുന്ന അധ്യാപകർ ഇതിൽ പങ്കെടുക്കണം. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ബി.സി.റ്റി കോഴ്സ്**

വിശ്വാസപരിശീലനശുശ്രൂഷയ്ക്ക് ഏറ്റം അവശ്യമായ അടിസ്ഥാനബോധ്യങ്ങൾ നൽകുന്ന ബി.സി.റ്റി. കോഴ്സിന്റെ 2025ലെ ആദ്യ ബാച്ച് **മെയ് 21-23** തീയതികളിൽ സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതാണ്. ഇതുവരെയും

ബി.സി.റ്റി. കോഴ്സിൽ പങ്കെടുക്കാത്ത അധ്യാപകർ ഇതിൽ പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു. മെയ് ആദ്യവാരം Ecos@sandesലൂടെ കോഴ്സിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**ആറാമതു മിഷൻ മഹാസമ്മേളനം**

ഫിയാത്ത് മിഷന്റെ ആഭിമുഖ്യത്തിൽ മതാധ്യാപകർക്കായി **മെയ് ഒന്നിനു** ചെത്തിപ്പുഴ ക്രിസ്തു ജ്യോതി സ്കൂളിന്റെ ക്യാംപസിൽ 'വിശ്വാസപരിശീലക സംഗമം' നടത്തപ്പെടുന്നതാണ്. *രാവിലെ പത്തിന് ആരംഭിച്ച് ഉച്ചഭക്ഷണത്തോടെ* സംഗമം സമാപിക്കുന്നതാണ്. വിശ്വാസപരിശീലകരായ നിങ്ങളുടെ സാന്നിധ്യം ഇതിലുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

**ജൂബിലി വർഷാചരണം**

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലിയോടനുബന്ധിച്ചുള്ള ഒരുക്കത്തിന്റെ ഭാഗമായി സന്ദേശനിലയവും മിഷൻലീഗും ഒരുമിച്ചുള്ള പ്രവർത്തനങ്ങളെ ഇടവകതലത്തിൽ പ്രോത്സാഹിപ്പിക്കാൻ പ്രധാനാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് ഓർമിപ്പിക്കുന്നു. നോമ്പ്-ഉയിർപ്പുകാലപ്രവർത്തനങ്ങൾ മിഷൻലീഗ് പേജുകളിൽ നൽകിയിട്ടുണ്ട്.

**എക്കോസ്@സന്ദേശ്**

എല്ലാ ക്ലാസ്സുകളിലെയും രണ്ടാം ടേമിലെ പരീക്ഷയുടെ മാർക്കുകൾ ഇതിനോടകം Ecosൽ രേഖപ്പെടുത്തിയിരിക്കുമല്ലോ. *മാർച്ച് 30നു ശേഷം* വാചിക പരീക്ഷയുടെ മാർക്കും രണ്ടാം ടേമിലെ ഹാജറും എന്റർ ചെയ്യാവുന്നതാണ്. വിശ്വാസോത്സവത്തിനുശേഷം സ്കോർ, ഹാജർ എന്നിവ എന്റർ ചെയ്യുന്നതുവഴി പ്രമോഷൻ ലിസ്റ്റ് എളുപ്പത്തിൽ തയ്യാറാക്കാൻ സാധിക്കും. Ecosൽ എന്റർ ചെയ്യേണ്ട എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ആവശ്യമായ സർട്ടിഫിക്കറ്റുകൾ സന്ദേശനിലയത്തിൽനിന്നു നൽകാൻ സാധിക്കുകയുള്ളൂ എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

**സ്വാഗതം**

സൺഡേസ്കൂൾ ഫൊറോനാ ഓർഗനൈസർമാരായി പുതുതായി നിയമിതരായിരിക്കുന്ന ഫാ. യോഹന്നാൻ കട്ടത്തറ (ആലപ്പുഴ), ഫാ. വർക്കി മണക്കളം (അമ്പൂരി), ഫാ. വർഗീസ് പഞ്ഞിപ്പുഴ (ചമ്പക്കുളം), ഫാ. ജോസഫ് കുറശ്ശേരി (ചങ്ങനാശ്ശേരി), ഫാ. മാത്യു കരിക്കണ്ടം (കോട്ടയം), ഫാ. വർഗീസ് വരവുകാലായിൽ (കുടമാളൂർ), ഫാ. സെബാസ്റ്റ്യൻ കളത്തിപ്പറമ്പിൽ (കുറുമ്പനാടം), ഫാ. ജേക്കബ് കളത്തിവീട്ടിൽ (നെടുങ്കുന്നം), ഫാ. ആന്റണി കായലിൽപ്പറമ്പിൽ (തൃക്കൊടിത്താനം) എന്നിവരെ സന്ദേശനിലയകുടുംബത്തിലേക്കു ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

**നന്ദി-സ്വാഗതം**

റീജൻസിക്കാലത്തു സ്തുത്യർഹമായി സേവനമനുഷ്ഠിച്ച ബ്രദർ തോമസ് പുല്ലാട്ടുകാലായ്ക്കു സന്ദേശനിലയം-മിഷൻലീഗ് കുടുംബം സ്നേഹനിർഭരമായ നന്ദിയറിയിക്കുന്നു.

*ശേഷം പേജ് 43ൽ ➤➤➤*

# ചെറുപുഷ്പ മിഷൻലീഗ്
## (CML)

സ്നേഹമുള്ള കുഞ്ഞുമിഷണറിമാരേ,

നോമ്പിന്റെയും അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും വഴിയിലൂടെ സഞ്ചരിച്ച് ഉത്ഥാനാനുഭവത്തിലേക്കു നമ്മൾ പ്രവേശിക്കാൻ ഒരുങ്ങുകയാണ്. ചെറിയത്യാഗപ്രവൃത്തികൾ ചെയ്തും നമ്മെത്തന്നെ നിയന്ത്രിച്ചും ജീവിതത്തെ ക്രമീകരിച്ചും ഉത്ഥാനാനുഭവം നേടിയെടുക്കാം. വിശ്വാസോത്സവത്തിലും അനുബന്ധപ്രവർത്തനങ്ങളിലും തീക്ഷ്ണതയോടെ പങ്കെടുത്ത് ഈശോയെ കൂടുതൽ അറിയാനും അനുഭവിക്കാനും ശ്രമിക്കാം. നല്ല അവധിക്കാലം ആശംസിക്കുന്നു. ഏവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ഏപ്രിൽ**

01 ചൊവ്വ : വിശ്വാസോത്സവാരംഭം (1 മുതൽ 10 വരെ തീയതികളിൽ)

15 ചൊവ്വ : കയ്യെഴുത്തുമാസിക അതിരൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ട അവസാനതീയതി

16 ബുധൻ : **പെസഹാ ബുധൻ** *(16 മുതൽ 20 വരെ ഓഫീസ് അവധി)*

17 വ്യാഴം : **പെസഹാ വ്യാഴം**

18 വെള്ളി : **പീഡാനുഭവവെള്ളി** (ഉപവാസദിനം)

19 ശനി : **വലിയശനി**

20 ഞായർ : **ഉയിർപ്പുഞായർ**

28 തിങ്കൾ : **നേതൃത്വപരിശീലന ക്യാംപ് ആരംഭം** (28–30 തീയതികളിൽ സന്ദേശനിലയത്തിൽ)

**മെയ്**

01 വ്യാഴം : **തൊഴിലാളിമധ്യസ്ഥനായ മാർ യൗസേപ്പ്** (മെയ് ദിനം, ഓഫീസ് അവധി)

**നേതൃത്വപരിശീലന ക്യാംപ്-അതിരൂപതാഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

2025–2026 വർഷത്തിലെ നേതൃത്വപരിശീലന ക്യാംപും അതിരൂപതാഭാരവാഹികളുടെ തെരഞ്ഞെടുപ്പും **ഏപ്രിൽ 28–30** തീയതികളിൽ സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതാണ്. **ഏപ്രിൽ 28** *രാവിലെ ഒമ്പതിന് ആരംഭിച്ച്* **ഏപ്രിൽ 30**

*ഉച്ചകഴിഞ്ഞു രണ്ടിനു* ക്യാംപ് സമാപിക്കുന്നതാണ്. ഓരോ മേഖലയിലും ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജൂണിയർ ഓർഗനൈസർമാർ എന്നിവർ ഈ ക്യാംപിൽ പങ്കെടുക്കേണ്ടതാണ്.

കൂടാതെ, ഓരോ ഇടവകയിൽനിന്നും വികാരിയച്ചൻ നിർദേശിക്കുന്ന രണ്ടു കുട്ടികൾക്കുകൂടി പങ്കെടുക്കാവുന്നതാണ്. കുർബാനപ്പുസ്തകം, ബൈബിൾ, നോട്ട് ബുക്ക്, പേന, ബെഡ് ഷീറ്റ്, തോർത്ത്, ടോയ്ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. ക്യാംപ് ഫീസ് 750 രൂപ. പങ്കെടുക്കുന്നവരുടെ എണ്ണം **ഏപ്രിൽ 15നു മുമ്പായി** മിഷൻലീഗിന്റെ അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

### ജൂബിലി വർഷാചരണം

ജൂബിലി വർഷത്തിൽ 'പ്രത്യാശയുടെ തീർഥാടകർ' എന്ന നിലയിൽ ഉയിർപ്പുകാലത്തു താഴെപ്പറയുന്ന കാര്യങ്ങൾ ക്രമീകരിക്കാൻ സൺഡേസ്കൂളിന്റെയും മിഷൻലീഗിന്റെയും അഭിമുഖ്യത്തിൽ വിശ്വാസപരിശീലകർ ശ്രദ്ധിക്കുമല്ലോ.

1. ഭവനത്തിലോ ആശുപത്രികളിലോ കഴിയുന്ന രോഗികളെയും ശാരീരികബുദ്ധിമുട്ട് അനുഭവിക്കുന്നവരെയും സന്ദർശിച്ച് അവർക്കു പ്രത്യാശ നൽകുന്നവരാകാം.
2. രോഗീസന്ദർശനത്തിനായി നിശ്ചിതസമയം മാറ്റിവെക്കാം. അവർക്കുവേണ്ടി പ്രാർഥിക്കാം.
3. ഉയിർപ്പുകാലത്ത് (ഏപ്രിൽ 20 മുതൽ) 'ബൈബിൾ വേഴ്സ് ബോക്സിൽ' നിക്ഷേപിക്കാനായി കണ്ടെത്തേണ്ടതു സൗഖ്യദായകമായ തിരുവചനങ്ങളായിരിക്കണം.

### മേഖലാ ഡയറക്ടർമാർക്കു നന്ദി-സ്വാഗതം

മിഷൻലീഗ് മേഖലാ ഡയറക്ടർമാരായി സേവനമനുഷ്ഠിച്ച ഫാ. അബ്രാഹം തീമ്പലങ്ങാട്ട് (ആലപ്പുഴ), ഫാ. ചാക്കോ ഒറ്റാറയ്ക്കൽ (അമ്പൂരി), ഫാ. ജോസഫ് പുതുവീട്ടിൽക്കളം (ചമ്പക്കുളം), ഫാ. അബ്രാഹം തൊണ്ടിക്കാക്കുഴിയിൽ (ചങ്ങനാശ്ശേരി), ഫാ. ജോൺ തത്തക്കാട്ടുപുളിയ്ക്കൽ (കോട്ടയം), ഫാ. കുര്യൻ അമ്പലത്തുങ്കൽ (കുടമാളൂർ), ഫാ. മാത്യു വടക്കേറ്റത്ത് (കുറുമ്പനാടം), ഫാ. മാത്യു മരങ്ങാട്ട് (നെടുങ്കുന്നം), ഫാ. ലൂക്കാ വെട്ടുവേലിക്കളം (തൃക്കൊടിത്താനം) എന്നിവർക്കു മിഷൻലീഗ് കുടുംബം ഹൃദയംഗമമായ നന്ദിയറിയിക്കുന്നു.

മിഷൻലീഗ് മേഖലാ ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന ഫാ. യോഹന്നാൻ കട്ടത്തറ (ആലപ്പുഴ), ഫാ. വർക്കി മണക്കളം (അമ്പൂരി), ഫാ. വർഗീസ് പഞ്ഞിപ്പുഴ (ചമ്പക്കുളം), ഫാ. ജോസഫ് കുറശ്ശേരി (ചങ്ങനാശ്ശേരി), ഫാ. മാത്യു കരിക്കണ്ടം (കോട്ടയം), ഫാ. വർഗീസ് വരവുകാലായിൽ (കുടമാളൂർ), ഫാ. സെബാസ്റ്റ്യൻ കളത്തിപ്പറമ്പിൽ (കുറുമ്പനാടം), ഫാ. ജേക്കബ് കളത്തിവീട്ടിൽ (നെടുങ്കുന്നം), ഫാ. ആന്റണി കായലിൽപ്പറമ്പിൽ (തൃക്കൊടിത്താനം) എന്നിവരെ മിഷൻലീഗ് കുടുംബം ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

## പ്രത്യേക കൗൺസിൽ-മിഷൻ എക്സിബിഷൻ

**ഏപ്രിൽ 30** *രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1.30 വരെ* അതിരൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക കൗൺസിൽ ചെത്തിപ്പുഴ ക്രിസ്തു ജ്യോതി സ്കൂൾ ക്യാംപസിൽ നടത്തപ്പെടുന്നതാണ്. ഫിയാത്ത് മിഷന്റെ നേതൃത്വത്തിൽ മിഷനെക്കുറിച്ച് അറിവുനേടാൻ സഹായിക്കുന്ന മനോഹരമായ എക്സിബിഷനും അവിടെ ക്രമീകരിച്ചിട്ടുണ്ടാകും.

ഓരോ ശാഖയിൽനിന്നും ജോയിന്റ് ഡയറക്ടർ, ഓർഗനൈസർമാർ, ജൂനിയർ ഓർഗനൈസർമാർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അതിരൂപത-മേഖലാ എക്സിക്യൂട്ടിവ് അംഗങ്ങൾ എന്നിവർ ഇതിൽ പങ്കെടുക്കേണ്ടതാണ്. എല്ലാവരെയും ഈ കൗൺസിലിലേക്കും മിഷൻ എക്സിബിഷനിലേക്കും സ്വാഗതം ചെയ്യുന്നു.

പ്രത്യേക കൗൺസിലിൽ പങ്കെടുക്കുന്നവരുടെ എണ്ണം **ഏപ്രിൽ 15നു മുമ്പായി** അറിയിക്കാൻ മേഖല-ജോയിന്റ് ഡയറക്ടർ സിസ്റ്റർമാർ പ്രത്യേകം ശ്രദ്ധിക്കണം. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്.

❍

---

## ➤➤➤ *സന്ദേശനിലയം തുടർച്ച...*

പുതുതായി റീജൻസിക്കു നിയമിതനായിരിക്കുന്ന ബ്രദർ ചെറിയാൻ കണിച്ചേരിക്കു സന്ദേശനിലയം-മിഷൻലീഗ് കുടുംബം ഹൃദ്യമായ സ്വാഗതമറിയിക്കുന്നു.

### സ്പെരാൻസ 2025

സൺഡേസ്കൂളിന്റെ 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള ഏകദിന സെമിനാർ റീജൻ അടിസ്ഥാനത്തിൽ ഏപ്രിൽ മാസം നടത്തപ്പെടുന്നതാണ്. *രാവിലെ 9.30 മുതൽ വൈകുന്നേരം നാലുവരെയുള്ള* സെമിനാറിൽ കുട്ടികളുടെ കരിയർ, നേതൃത്വവാസന, ക്രൈസ്തവവ്യക്തിത്വവികാസം എന്നീ വിഷയങ്ങളാണു ചർച്ച ചെയ്യപ്പെടുന്നത്. സെമിനാർ സംബന്ധിച്ചുള്ള വിശദമായ വിവരങ്ങൾ വാട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെ അറിയിക്കുന്നതാണ്.

### ആദരാഞ്ജലികൾ

മാമ്മൂട് സൺഡേസ്കൂൾ അധ്യാപിക സി. മേരിലിറ്റ് എസ്.എ.ബി.എസ്.ന്റെ മാതാവിന്റെയും കൊടിനാട്ടുംകുന്ന് സൺഡേസ്കൂൾ അധ്യാപകൻ സിബിച്ചൻ ദേവസ്യയുടെ മാതാവിന്റെയും മരിയാപുരം സൺഡേസ്കൂൾ അധ്യാപകൻ തോമസ് ഫ്രാൻസിസിന്റെ മാതാവിന്റെയും ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ സൺഡേസ്കൂൾ അധ്യാപിക ബീന ജോബിയുടെ മാതാവിന്റെയും കുടമാളൂർ സൺഡേസ്കൂൾ അധ്യാപകൻ ജോയി ജോസഫ് കല്ലംപള്ളിയുടെ പിതാവിന്റെയും അധ്യാപിക ദിൽസി രാജു തുരുത്തേലിന്റെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം-മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

❍

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ സ്നേഹമുള്ളവരേ,

നോമ്പാചരണത്തിലൂടെ പുതുചൈതന്യമുൾക്കൊണ്ട് ഉയിർപ്പുതിരുനാളിന്റെ പുത്തനുണർവിൽ കുടുംബക്കൂട്ടായ്മകൾക്കു പുതിയ ഉൾക്കാഴ്ചകൾ നൽകാൻ നമുക്കൊന്നുചേർന്നു പ്രവർത്തിക്കാം. നിങ്ങളുടെ പ്രാർഥനയാലും സഹകരണത്താലും നമ്മുടെ അതിരൂപതാ ബൈബിൾ കൺവെൻഷൻ ഏറെ ദൈവാനുഗ്രഹപ്രദമാക്കാൻ സാധിച്ചതിൽ നന്ദിയറിയിക്കുന്നു. അഭിവന്ദ്യ മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെ ആഗ്രഹംപോലെ നൂറുമേനി സീസൺ 3 ഒരുലക്ഷമാളുകൾ പങ്കെടുക്കുന്ന മഹാസംഭവമാക്കി മാറ്റാം.

ഏതെങ്കിലും ഇടവകയിൽ കൂട്ടായ്മാതലമത്സരം നടത്തിയിട്ടില്ലെങ്കിൽ അവരും ഏപ്രിൽ ആറിനു നടത്തപ്പെടുന്ന ഇടവകതലമത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. പത്തുവചനങ്ങളെങ്കിലും മനഃപാഠമാക്കുന്നവരുടെ പേരുവിവരങ്ങൾ ഓൺലൈനിൽ രജിസ്റ്റർ ചെയ്യണം. അതിന്റെ പ്രിന്റെടുത്തു ഫൊറോന തിരിച്ച് അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായ്ക്കു ജൂബിലി സമ്മാനമായി നൽകേണ്ടതാണ്. ഇടവകകൾ ഇതിനോടു സഹകരിക്കുമല്ലോ. ആരും മാറിനിൽക്കാൻ ഇടയാകരുത്.

ഇനിയും ഏതെങ്കിലും ഇടവകയ്ക്കോ, കോൺഗ്രിഗേഷനോ ലിങ്ക്, യൂസർ നെയിം, പാസ്‌വേഡ് എന്നിവ ലഭിക്കാനുണ്ടെങ്കിൽ കുടുംബക്കൂട്ടായ്മയുടെ അതിരൂപതാ ഓഫീസിൽനിന്ന് അവ വാങ്ങി രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

പ്രാർഥനയോടെ,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

### നൂറുമേനി സീസൺ 3

ഉണ്ണീശോയ്ക്കുള്ള സമ്മാനമായി ഒരുലക്ഷമാളുകളെ സമ്മാനാർഹരാക്കുക.

**മത്സരനിർദേശങ്ങൾ**

- നൂറുമേനി സീസൺ 3 മത്സരത്തിൽ ഒരുലക്ഷമാളുകളെ പങ്കെടുപ്പിക്കണമെന്നാണ് അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ നിർദേശിച്ചിരിക്കുന്നത്. ഈ ലക്ഷ്യം നേടാനുള്ള തീവ്രയജ്ഞത്തിൽ ഇടവകകളുടെ സഹകരണം അഭ്യർഥിക്കുന്നു.
- രജിസ്ട്രേഷനുള്ള സൈറ്റ് ഓപ്പൺ ചെയ്തിട്ടുണ്ട്. ലിങ്ക്, യൂസർനെയിം, പാസ്‌വേഡ് എന്നിവ ലഭിക്കാത്തവർ ഓഫീസിൽ വിളിക്കുക: **7306208356**
- എല്ലാവരും ഏറ്റവും കുറഞ്ഞതു നൂറുമേനി സീസൺ 3 പഠനപുസ്തകത്തിലെ 10 വചനങ്ങൾ പഠിക്കുക. അവരുടെ പേരുവിവരങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യണം. പത്തുവചനങ്ങൾ പഠിച്ചവർക്കു സൺഡേസ്കൂൾ തലത്തിലോ ഇടവകതലത്തിലോ സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

◆ രജിസ്റ്റർ ചെയ്തവരുടെ പേരുവിവരങ്ങൾ പ്രിന്റെടുത്തു ഫൊറോനാടിസ്ഥാനത്തിൽ തിരിച്ച് ഒരുലക്ഷമാളുകളുടെ ലിസ്റ്റ് തയ്യാറാക്കി അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായ്ക്കു സമർപ്പിക്കേണ്ടതാണ്.

◆ പത്തുവചനങ്ങൾ പഠിച്ച എല്ലാവർക്കും ഇടവകതലമത്സരത്തിനു യോഗ്യത ലഭിക്കുന്നതാണ്.

**കൂട്ടായ്മാതലമത്സരം**

കുടുംബക്കൂട്ടായ്മ–സൺഡേസ്കൂൾ തലങ്ങളിൽ പ്രാഥമികമത്സരം നടത്തേണ്ടതാണ്.

**ഇടവകതലമത്സരം: ഏപ്രിൽ 6 ഞായർ** (3 മണിക്കൂർ)

◆ ഏപ്രിൽ 6 ഞായറാഴ്ച വിശ്വാസോത്സവത്തോടനുബന്ധിച്ചാണ് ഇടവകതലമത്സരം ക്രമീകരിച്ചിരിക്കുന്നത്. മുഴുവൻ കുട്ടികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും മതാധ്യാപകരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനുവേണ്ടിയാണു വിശ്വാസോത്സവദിനത്തിൽ മത്സരം ക്രമീകരിച്ചിരിക്കുന്നത്. A കാറ്റഗറി വാചികമത്സരമാണ്. അതു മൊബൈലിൽ വ്യക്തിപരമായി പകർത്തി **7306208356** എന്ന വാട്സ്ആപ്പ് നമ്പറിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

◆ ഇടവകതലത്തിൽ നടത്തപ്പെടുന്ന മത്സരത്തിൽ A വിഭാഗത്തിൽ 30 മാർക്കും B വിഭാഗത്തിൽ 75 മാർക്കും C മുതൽ F വരെയുള്ള വിഭാഗങ്ങളിൽ 100 മാർക്കും ലഭിക്കുന്ന എല്ലാവർക്കും അതിരൂപതയിൽനിന്നു നൂറുമേനി മെഗാസമ്മാനങ്ങൾ ലഭിക്കുന്നതാണ്.

◆ തിരുബാലസഖ്യം മുതൽ 12–ാം ക്ലാസ്സ് വരെയുള്ള കുട്ടികൾ സങ്കീർത്തനം 119 മുഴുവൻ മനഃപാഠമാക്കിയാൽ അവർക്ക് അതിരൂപതയിൽനിന്ന് 2000 രൂപ ക്യാഷ് പ്രൈസ് ലഭിക്കുന്നതാണ്.

◆ A കാറ്റഗറി ഒഴികെയുള്ളവർക്കു വചനം മനഃപാഠമാക്കിയെഴുതുന്ന രീതിയിലാണ് ഇടവകതലമത്സരം ക്രമീകരിക്കുന്നത്. 3 മണിക്കൂർ സമയം നൽകേണ്ടതാണ്. ഇടവകതലത്തിലെ വ്യക്തിഗതമത്സരത്തിൽ ലഭിക്കുന്ന മാർക്കനുസരിച്ചാണ് ഓരോ കാറ്റഗറികളിലെയും ഇടവക–ഫൊറോന–അതിരൂപതാവിജയികളെ നിശ്ചയിക്കുന്നത്. വ്യക്തിഗതമത്സരം ഇടവകതലംകൊണ്ടു പൂർത്തിയാകുന്നതാണ്.

◆ ഇടവകതലമത്സരത്തിന്റെ മൂല്യനിർണയത്തിനായി വിശ്വാസപരിശീലകർ, സിസ്റ്റർമാർ, കുടുംബക്കൂട്ടായ്മാ ലീഡർമാർ എന്നിവരുടെ സഹായം തേടേണ്ടതാണ്. മൂല്യനിർണയത്തിനുള്ള റ്റീമിനെ മുൻകൂട്ടി ഒരുക്കാൻ ശ്രദ്ധിക്കണം. *ഏപ്രിൽ പതിനാറിനകം* പേപ്പർ വാല്യുവേഷൻ പൂർത്തിയാക്കി മാർക്ക് വിവരങ്ങൾ മത്സരാർഥികളെ അറിയിക്കേണ്ടതും അവ പൂർണമായി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതുമാണ്. വ്യക്തിപരമായും കുടുംബപരമായും സമ്മാനാർഹരായവരുടെ പേരുവിവരങ്ങളും സമ്മാനാർഹരുടെ ഉത്തരപേപ്പറുകളും **ഏപ്രിൽ 21നു മുമ്പായി** കുടുംബക്കൂട്ടായ്മയുടെ അതിരൂപതാ ഓഫീസിൽ നൽകേണ്ടതാണ്. മൂല്യനിർണയത്തിനുള്ള ഉത്തരസൂചിക നൂറുമേനി സീസൺ 3 പഠനപുസ്തകം 124–131 വരെയുള്ള പേജുകളിൽ നൽകിയിട്ടുണ്ട്.

◆ ഇടവകതലമത്സരത്തിനു വരുമ്പോൾ മത്സരാർഥികൾ റൈറ്റിങ് പാഡ്, പേന എന്നിവ കൊണ്ടുവരേണ്ടതാണ്. സീൽ ചെയ്ത പേപ്പറാണു പരീക്ഷക്കു നൽകേണ്ടത്. വ്യക്തിഗതമത്സരത്തിൽ പങ്കെടുത്തവരുടെ ഉത്തരപേപ്പറുകൾ ഒരുമിച്ചു പിൻ ചെയ്യാനും ഒരു കുടുംബത്തിൽനിന്നും പലമത്സരാർഥികൾ ഉണ്ടെങ്കിൽ അവരുടെ വ്യക്തിപരമായ പേപ്പറുകൾ ഒരുമിച്ചുചേർത്ത് ഒരു സെറ്റാക്കി നൽകാനും ശ്രദ്ധിക്കണം.

**മൂല്യനിർണയം**

◆ ഇടവകകളിൽ മൂല്യനിർണയം നടത്തുമ്പോൾ ഒരു വാക്യത്തിന് ഒരു മാർക്കാണു നൽകേണ്ടത്. വചനം, അധ്യായം, വാക്യം എന്നിവ ശരിയാക്കിയാൽ ഒരു മാർക്ക് ലഭിക്കും. ഏതെങ്കിലും ഒന്നു തെറ്റിയാൽ പകുതി മാർക്ക് ലഭിക്കുന്നതാണ്. ഒന്നിൽ കൂടുതൽ വാക്യങ്ങളടങ്ങിയ വചനഭാഗമെഴുതുമ്പോൾ വാക്യങ്ങളുടെ എണ്ണമനുസരിച്ച് ഒരു മാർക്ക് വീതം നൽകേണ്ടതാണ്.

◆ റ്റീം (കുടുംബം) മത്സരത്തിന്റെ മാർക്ക് കഴിഞ്ഞവർഷത്തെപ്പോലെ വ്യക്തിപരമായ മത്സരം നടത്തി റ്റീമംഗങ്ങളുടെ മാർക്ക് കണക്കാക്കുകയാണ്. (A+B+C = റ്റീം മാർക്ക്)

◆ പുസ്തകത്തിൽ ഈശോമ്ശിഹാ എന്നാണു വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് 'യേശു' എന്ന് എഴുതിയാലും മാർക്ക് നൽകേണ്ടതാണ്. അക്ഷരത്തെറ്റിനു മാർക്ക് കുറക്കേണ്ടതില്ല.

**ഫൊറോനാതലമത്സരം: മെയ് 11 ഞായർ** (ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ)

| |
|---|
| ഓൾ ഇൻഡ്യ എൻ.ഇ.ഇ.റ്റി. പരീക്ഷ മെയ് നാലിനു നടത്തപ്പെടുന്നതിനാൽ അന്നു നടത്താനിരുന്ന ഫൊറോനാതലമത്സരം മെയ് 11 ഞായറിലേക്കു മാറ്റിയിരിക്കുന്നു. |

**പഠനഭാഗം**: നൂറുമേനി സീസൺ 3 പഠനപുസ്തകത്തിൽനിന്നു റോമാ ലേഖനം മുതൽ വെളിപാടുവരെ 60 ശതമാനം ചോദ്യങ്ങൾ, 119-ാം സങ്കീർത്തനം 20%, യാക്കോബ്ശ്ലീഹായുടെ ലേഖനം 20%.

◆ ഇടവകതലത്തിൽ മത്സരിച്ച കുടുംബാംഗങ്ങൾക്കാണു ഫൊറോനാതലമത്സരത്തിനു യോഗ്യത ലഭിക്കുന്നത്. ഒരു കുടുംബത്തിൽനിന്ന് ഒരു റ്റീമിൽ മിനിമം 2 പേരോ മാക്സിമം 3 പേരോ ഉണ്ടാകാവുന്നതാണ്. ഇടവകതലത്തിൽ കുടുംബത്തിൽനിന്നും മത്സരിക്കുന്നവരുടെ ആകെ മാർക്ക് (A+B+C =150) നൂറ്റമ്പതും അതിൽ കൂടുതലും ലഭിച്ചാൽ അവർ ഫൊറോനാതലമത്സരത്തിൽ പങ്കെടുക്കുന്നതിനു യോഗ്യരായിത്തീരുന്നു. ഇടവകതലത്തിൽ മത്സരിക്കാത്ത ഒരാൾക്കു ഫൊറോനാതലമത്സരത്തിൽ കുടുംബമായി മത്സരിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല. മത്സരം ഒബ്ജക്റ്റീവ് രീതിയിലാണു നടത്തപ്പെടുന്നത്. ഒരു റ്റീമിന് 100 ചോദ്യങ്ങളടങ്ങുന്ന ചോദ്യാവലി നൽകുകയും അതിൽനിന്നും ശരിയായ ഉത്തരങ്ങൾ റ്റീമിലുള്ളവർ ചേർന്ന് ആലോചിച്ചു മാർക്ക് ചെയ്യുന്ന രീതിയാണ് ഈ വർഷം സ്വീകരിച്ചിരിക്കുന്നത്.

**റീജൻ തല മത്സരം: ജൂൺ 8 ഞായർ (ഉച്ചകഴിഞ്ഞ് 2 മുതൽ** – ഓഡിയോ വിഷൽ റൗണ്ട്)

◆ ഓരോ ഫൊറോനയിൽനിന്നും ഒന്നാമതെത്തുന്ന റ്റീമിനു റീജൻ തല മത്സരത്തിനു യോഗ്യത ലഭിക്കുന്നതാണ്.

◆ റീജൻ തല മത്സരത്തിൽ ആദ്യസ്ഥാനത്തെത്തുന്ന അഞ്ചു റ്റീമുകൾ ഗ്രാൻഡ് ഫിനാലെയിലേക്കു തെരഞ്ഞെടുക്കപ്പെടുന്നതാണ്.

**പ്രത്യേകസമ്മാനങ്ങൾ**

◆ ഓരോ ക്ലാസ്സിലും മുഴുവൻ കുട്ടികളെയും പങ്കെടുപ്പിക്കുന്ന മതാധ്യാപകർക്ക് ഇടവകയിൽനിന്നു സമ്മാനങ്ങൾ നൽകേണ്ടതാണ്.

◆ എല്ലാ അധ്യാപകരും കുട്ടികളും പങ്കെടുക്കുന്ന ഇടവകകൾക്ക് അതിരൂപതയിൽനിന്നു പ്രത്യേകപുരസ്കാരം നൽകുന്നതാണ്.

◆ എല്ലാ കുടുംബാംഗങ്ങളെയും പങ്കെടുപ്പിക്കുന്ന കൂട്ടായ്മകൾക്കു ഇടവകയിൽനിന്നു സമ്മാനം നൽകേണ്ടതാണ്.

**ഇടവകകൾക്കു പ്രത്യേകപുരസ്കാരം**

◆ കുടുംബങ്ങളുടെ ആനുപാതികമനുസരിച്ച് ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്കു ഫൊറോനാടിസ്ഥാനത്തിൽ അതിരൂപതയിൽനിന്നു പ്രത്യേകപുരസ്കാരം നൽകുന്നതാണ്.

**മത്സര കാറ്റഗറി**

| | |
|---|---|
| A കാറ്റഗറി | തിരുബാലസഖ്യം മുതൽ ക്ലാസ്സ് 4 വരെ (വചനം പറയുക) |
| B കാറ്റഗറി | 5 മുതൽ 7 വരെ ക്ലാസ്സുകൾ |
| C കാറ്റഗറി | 8 മുതൽ 12 വരെ ക്ലാസ്സുകൾ |
| D കാറ്റഗറി | 18 മുതൽ 30 വയസുവരെ |
| E കാറ്റഗറി | 31 മുതൽ 55 വയസുവരെ |
| F കാറ്റഗറി | 56 വയസു മുതൽ മുകളിലേക്ക് |

സന്യാസിനികൾ, സന്യാസാർഥിനികൾ, വൈദികാർഥികൾ എന്നിവർക്കു പ്രത്യേകമത്സരങ്ങൾ നടത്തപ്പെടുന്നതാണ്.

**മത്സരക്രമീകരണം**

**കൂട്ടായ്മ/സൺഡേസ്കൂൾ മത്സരം**: ജനുവരി - മാർച്ച് മാസങ്ങളിൽ

**ഇടവകതലമത്സരം**: (ഏപ്രിൽ 6, 3 മണിക്കൂർ)

**ഫൊറോനാതലമത്സരം**: ഫാമിലി - ഒബ്ജക്റ്റീവ് ടൈപ്പ് (മെയ് 11, ഉച്ചകഴിഞ്ഞ് 2 - 5)

**റീജൻ തല മത്സരം**: ഓഡിയോ - വിഷ്വൽ (ജൂൺ 8)

**ഗ്രാൻഡ് ഫിനാലെ**: ജൂലൈ 11

**നൂറുമേനിസംഗമം – സമ്മാനദാനം**: ജൂലൈ 12

119–ാം സങ്കീർത്തനം മുഴുവൻ പഠിക്കുന്ന സൺഡേസ്കൂൾ കുട്ടികൾക്ക് 2000 ക്യാഷ് പ്രൈസും 100 മാർക്ക് ലഭിക്കുന്ന എല്ലാവർക്കും അതിരൂപതയുടെ നൂറുമേനി സമ്മാനവും ലഭിക്കുന്നതാണ്.

ഗ്രാൻഡ് ഫിനാലെ

മെമെന്റോ & ക്യാഷ് പ്രൈസ്

ഒന്നാം സമ്മാനം ₹25000
രണ്ടാം സമ്മാനം ₹15000
മൂന്നാം സമ്മാനം ₹10000
നാലാം സമ്മാനം ₹5000
അഞ്ചാം സമ്മാനം ₹3000

**ഓൺലൈൻ വീഡിയോ കോമ്പറ്റിഷൻ**

ഓൺലൈൻ വീഡിയോ മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും സമ്മാനം ലഭിക്കുന്നതാണ്. ഏറ്റവും കൂടുതൽ ലൈക്ക്, ഷെയർ, വ്യൂവേഴ്സ് നേടുന്നവർക്കു ക്യാഷ് അവാർഡുകൾ ലഭിക്കുന്നതാണ്.

**സൺഡേസ്കൂൾ-വ്യക്തിഗതമത്സരം**

സമയം 2 മിനിറ്റിൽ താഴെ

നൂറുമേനി സീസൺ 3 പഠനപുസ്തകത്തിൽനിന്നു തങ്ങളെ സ്വാധീനിച്ച ദൈവവചനങ്ങൾ, പുസ്തകം, അധ്യായം, വാക്യം സഹിതം മനഃപാഠമാക്കി ഷെയർ ചെയ്യുന്ന മത്സരമാണിത്.

വീഡിയോ അയക്കേണ്ട **അവസാനതീയതി - ഏപ്രിൽ 1**

വീഡിയോ ഷെയർ ചെയ്യേണ്ട നമ്പർ - **7306208356**

119-ാം സങ്കീർത്തനം മുഴുവൻ മനഃപാഠമാക്കി ആദ്യം അപ്‌ലോഡ് ചെയ്യുന്ന 25 സൺഡേസ്കൂൾ കുട്ടികൾക്കു പ്രത്യേകസമ്മാനം ലഭിക്കുന്നതാണ്.

**വീഡിയോ മത്സര കാറ്റഗറി**

1. തിരുബാലസഖ്യം മുതൽ 4 വരെ ക്ലാസ്സുകൾ
2. 5 മുതൽ 7 വരെ ക്ലാസ്സുകൾ
3. 8 മുതൽ 12 വരെ ക്ലാസ്സുകൾ
4. 18 മുതൽ 30 വയസുവരെ
5. 30 വയസിനു മുകളിലുള്ളവർ

വ്യക്തിപരമായി വചനങ്ങൾ പറയുന്ന വീഡിയോ ഉടൻ ഷെയർ ചെയ്യുക: **7306208356**

**സന്യസ്തമത്സരം**

നാലു കാറ്റഗറികളിലായാണു സന്യസ്തമത്സരം നടത്തപ്പെടുന്നത്.

1. ഫോർമീസ്
2. 40 വയസിനും അതിനു താഴെയും
3. 40 മുതൽ 65 വയസുവരെ
4. 66 മുതൽ മുകളിലേക്ക്

നൂറും അതിൽ കൂടുതലും മാർക്ക് ലഭിക്കുന്ന എല്ലാവർക്കും അതിരൂപത യിൽനിന്നു സമ്മാനങ്ങൾ ലഭിക്കുന്നതാണ്.

**കോൺഗ്രിഗേഷൻ തല മത്സരം**

* ആദ്യനാലുസ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് അതിരൂപതാതലമത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

* **ഏപ്രിൽ 22നു മുമ്പായി** മത്സരത്തിൽ പങ്കെടുത്തവരുടെ പേരും മാർക്കും ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

* കോൺവെന്റുകളിലും കോൺഗ്രിഗേഷൻ തലത്തിലും നൂറുമേനി വചന മനഃപാഠമത്സരം സൗകര്യപ്രദമായ തീയതികളിൽ നടത്തേണ്ടതാണ്

* നൂറുമേനിമത്സരത്തിൽ പങ്കെടുക്കുന്ന സന്യസ്തരുടെയും വൈദികാർഥിക ളുടെയും പേരും ലഭിച്ച മാർക്കും നൂറുമേനി സൈറ്റിൽ അപ്‌ലോഡ് ചെയ്യണം. യൂസർനെയ്മും പാസ്‌വേഡും ലഭിക്കുന്നതിനു വിളിക്കുക: **7306208356**

**അതിരൂപതാതലമത്സരം: ഏപ്രിൽ 26 ശനി**
(രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ)
സ്ഥലം: എ.കെ.എം. പബ്ളിക് സ്കൂൾ, മോർക്കുളങ്ങര
കൂടുതൽ വിവരങ്ങൾക്ക്: **7306208356**

* **വൈദികാർഥികൾക്കുള്ള മത്സരം മെയ് മാസത്തിലെ മേജർ ഗ്യാതറിങ്ങിന്റെ സമയത്തു നടത്തപ്പെടുന്നതാണ്.**


# സദസ്

**അതിരൂപതാ കൾച്ചറൽ അക്കാഡമി**
**സന്ദേശനിലയം മൂന്നാം നില, ആർച്ചുബിഷപ് ഹൗസ്,**
**പി.ബി. നമ്പർ 20, ചങ്ങനാശേരി 686101**
**ഫോൺ: 9447464457**

## സംഗീതോത്സവം

അതിരൂപതാ കൾച്ചറൽ അക്കാഡമിയായ സദസിൽ **2025 ഏപ്രിൽ 1 മുതൽ മെയ് 31 വരെ** സംഗീതോപകരണങ്ങൾ, സംഗീതം, ചിത്രരചന, ഡാൻസ്, സ്കേറ്റിങ് എന്നിവ പഠിക്കാൻ സുവർണാവസരം!

**അധ്യാപകർ**

| | |
|---|---|
| ഗിറ്റാർ | : അഗസ്റ്റിൻ (പ്രൊഫഷണൽ ആർട്ടിസ്റ്റ്) |
| തബല, ജാസ് ഡ്രം | : വിനോദ് പെരുന്ന, ജോ ജാക്സൺ |
| വയലിൻ | : സദൻ വാകത്താനം |
| ശാസ്ത്രീയസംഗീതം | : അനുമോൾ മങ്കൊമ്പ് |
| സ്കേറ്റിങ്/ഡാൻസ് | : അജി ജോസഫ് |
| ചിത്രരചന | : ജോസ് അയ്യനാട്ട് |

**ഫാ. തോമസ് തൈക്കാട്ടുശ്ശേരിൽ** *(ഡയറക്ടർ)*

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോമ്ശിഹായിൽ പ്രിയരേ,

പാതിനോമ്പു പിന്നിട്ടു പീഡാനുഭവവാരത്തിലേക്കും ഉയിർപ്പുതിരുനാളിലേക്കും നാം അടുത്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ രക്ഷയുടെ രഹസ്യങ്ങളെ ഏറ്റവും ആഴമായി ധ്യാനിക്കുന്ന നാളുകളാണിത്. അതിന്റെ ചൈതന്യം നമ്മുടെ കുടുംബങ്ങളിലും കുടുംബപ്രേഷിതശുശ്രൂഷകളിലും നിറയുന്നതിനായി ആഗ്രഹിക്കുകയും പ്രാർഥിക്കുകയും ചെയ്യാം.

2023–2024 കാലയളവിലെ അതിരൂപതാസമിതിയുടെ നേതൃപരമായ ശുശ്രൂഷകൾ അവസാനിക്കുകയാണ്. എടുത്തുപറയത്തക്കവിധത്തിലുള്ളതും അഭിനന്ദനാർഹവുമായ കർമപരിപാടികളായിരുന്നു ഈ അതിരൂപതാസമിതി ആസൂത്രണം ചെയ്തു നടപ്പിലാക്കിയത്. അതിരൂപതയിലെ ഇടവകകളിലൂടെ കടന്നുപോയ പിതൃവേദി റൂബി ജൂബിലി പേടകപ്രയാണവും ഫൊറോനാതലത്തിൽ നടത്തപ്പെട്ട കുടുംബസമ്മേളനങ്ങളും വിശ്വാസപ്രഘോഷണറാലികളും ജൂബിലിയുടെ സമാപനാഘോഷങ്ങളും കലോത്സങ്ങളും ഏറ്റവും ഒടുവിലായി മാതൃവേദി മെഗാ മാർഗംകളിയും അതിരൂപതാഭാരവാഹികളുടെ ഇച്ഛാശക്തിയുടെയും കൂട്ടായ്മയുടെയും വിജയമായിരുന്നു. എല്ലാവർക്കും പ്രത്യേകം നന്ദി.

ഏപ്രിൽ അഞ്ചിനു പുതിയഭാരവാഹികൾ ചുമതലയേൽക്കുകയാണ്. കുടുംബപ്രേഷിതശുശ്രൂഷകൾ യൂണിറ്റ് തലം മുതൽ ശക്തീകരിക്കുകയും സജീവമാക്കുകയും ചെയ്യുകയെന്ന ദൗത്യത്തിൽ നൂതനവും കാര്യക്ഷമവുമായ കർമപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ ഇവർക്കു സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

സ്നേഹപൂർവം

**ഫാ. ജോസഫ് ഇരുപ്പക്കാട്ട്**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### മാതൃവേദി - പിതൃവേദി 2025-2026 അതിരൂപതാസമിതി

മാതൃവേദി–പിതൃവേദി 2025–2026 പ്രവത്തനവർഷത്തെ ഭാരവാഹികളെ അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാലയുടെ അധ്യക്ഷതയിലുള്ള യോഗത്തിൽ തെരഞ്ഞെടുത്തു. തെരഞ്ഞെടുക്കപ്പെട്ടവരും സെനറ്റ് അംഗങ്ങളായി നേരത്തെ നാമനിർദേശം ചെയ്യപ്പെട്ടവരും അതിരൂപതാ ആനിമേഷൻ കോർ റ്റീം അംഗങ്ങളും മറ്റു ഫൊറോനാ കൗൺസിലർമാർ അതിരൂപതാ ആനിമേഷൻ എക്സിക്യൂട്ടിവ് അംഗങ്ങളുമാണ്.

**മാതൃവേദി അതിരൂപതാ ആനിമേഷൻ കോർ റ്റീം**

റോസമ്മ സോണി (പ്രസിഡന്റ്)

മോളിമ്മ ആന്റണി (സെക്രട്ടറി)

സാലി ജോജി (ട്രെഷറർ)

ഗ്രെയ്സി സ്കറിയ (വൈസ് പ്രസിഡന്റ്)

അനു ഷിജോ (ജോയിന്റ് സെക്രട്ടറി)

സാലി വർഗീസ് | (സെനറ്റ് മെമ്പർമാർ)
ബെസ്റ്റി ജോജി |

**പിതൃവേദി അതിരൂപതാ ആനിമേഷൻ കോർ ടീം**

റോയി കപ്പാങ്കൽ (പ്രസിഡന്റ്)

സോജൻ സെബാസ്റ്റ്യൻ (സെക്രട്ടറി)

സിബി പാറപ്പയിൽ (ട്രെഷറർ)

മാത്യു എം. പുത്തൂർ (വൈസ് പ്രസിഡന്റ്)

ജോർജ് തോമസ് (ജോയിന്റ് സെക്രട്ടറി)

**വനിതാദിനാചരണം**

മാർച്ച് എട്ടിലെ അന്താരാഷ്ട്രവനിതാദിനം യൂണിറ്റ്-ഫൊറോനാതലങ്ങളിൽ വിവിധ പരിപാടികളോടെ സമുചിതമായി ആചരിച്ചു. വിവിധ മേഖലകളിൽ മികവു തെളിയിച്ചവരും പ്രതിസന്ധിഘട്ടങ്ങളിൽ സവിശേഷമായ അതിജീവന ശേഷി പ്രദർശിപ്പിച്ചവരുമായ വനിതകളെ ആദരിച്ചു.

**മാർ ജോസഫ് പവ്വത്തിൽ രണ്ടാമത് അനുസ്മരണ സിംപോസിയം**

സീറോമലബാർസഭ അതിന്റെ വ്യക്തിത്വവും ആരാധനക്രമപൈതൃകവും എക്കാലവും സംരക്ഷിക്കണമെന്ന നിലപാടു സ്വീകരിക്കുകയും പൊതുസമൂഹ ത്തിൽ നമ്മുടെ സമുദായത്തിന്റെ അവകാശങ്ങൾക്കായി ധീരമായി പോരാടുകയും ചെയ്ത മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തായുടെ രണ്ടാം ചരമവാർഷിക ത്തോടനുബന്ധിച്ചു മാർതോമാവിദ്യാനികേതനും അതിരൂപതാ ലിറ്റർജിക്കൽ അപ്പോസ്തലേറ്റും സംയുക്തമായി സംഘടിപ്പിച്ച ഏകദിന സിംപോസിയത്തിൽ മാതൃവേദി-പിതൃവേദി അതിരൂപതാഭാരവാഹികൾ പങ്കെടുത്തു.

**മാർ യൗസേപ്പിതാവിന്റെ മരണതിരുനാൾ**

പിതൃവേദിയുടെ സ്വർഗീയമധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെ മരണ തിരുനാൾ ഇടവകകളിൽ സമുചിതമായി ആഘോഷിച്ചു. ജോസഫ് നാമധാരിക ളായ പിതാക്കന്മാർക്ക് ആശംസകളറിയിച്ചു. ഇടവകകളിൽ സംഘടിപ്പിക്കപ്പെട്ട ഊട്ടുനേർച്ചക്കുള്ള തയ്യാറെടുപ്പുകളിൽ മാതൃവേദി-പിതൃവേദി അംഗങ്ങൾ സജീവമായി പങ്കുചേർന്നു.

**പ്രോലൈഫ് ദിനാചരണം**

മംഗളവാർത്തതിരുനാൾദിനമായ മാർച്ച് 25ന് അതിരൂപതാതലത്തിൽ പ്രോ ലൈഫ് ദിനാചരണം നടത്തപ്പെട്ടു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോ ലീത്തൻപള്ളിയങ്കണത്തിലെ മാർത്ത് മറിയം കബറിടപ്പള്ളിയിൽ പ്രോലൈഫ് ജപമാല, പരിശുദ്ധ കുർബാനയുടെ ആരാധന, പ്രോലൈഫ് സന്ദേശം, പെരുന്ന

ബസ് സ്റ്റാൻഡിലേക്കു റാലി, സന്ദേശപ്രഘോഷണം എന്നിവ പ്രോലൈഫ് ദിനാചരണത്തിന്റെ ഭാഗമായിരുന്നു.

## ഓർമിക്കാൻ

**അതിരൂപതാതലവാർഷികം-പ്രവർത്തനവർഷോദ്ഘാടനം**

**ഏപ്രിൽ 5** *രാവിലെ 9.15 മുതൽ ഉച്ചയ്ക്ക് 1.30 വരെ* ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ മാതൃവേദി-പിതൃവേദി അതിരൂപതാവാർഷികവും പുതിയ പ്രവർത്തനവർഷ ഉദ്ഘാടനവും നടത്തപ്പെടുന്നതാണ്. 2023-2024 അതിരൂപതാസമിതിയംഗങ്ങൾക്കുള്ള നന്ദിപ്രകാശനവും 2025-2026 അതിരൂപതാസമിതിയുടെ സത്യപ്രതിജ്ഞയും പ്രസ്തുത സമ്മേളനത്തിലുണ്ടായിരിക്കുന്നതാണ്. അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിലാണു സമ്മേളനത്തിന്റെ ഉദ്ഘാടകൻ. മികച്ച ഫൊറോനകൾ, യൂണിറ്റുകൾ എന്നിവയ്ക്കുള്ള അവാർഡുകളും ബെസ്റ്റ് ഓഫ് ഇൻഡ്യ വേൾഡ് റെക്കോഡ് ലഭിച്ച മാതൃവേദി മെഗാ മാർഗംകളിയിൽ പങ്കെടുത്തവർക്കു സർട്ടിഫിക്കറ്റുകളും തദവസരത്തിൽ നൽകുന്നതാണ്.

## വിവാഹഒരുക്കസെമിനാർ

| മാസം | തീയതി | സ്ഥലം |
|---|---|---|
| ഏപ്രിൽ | 07, 08, 09 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 23, 24, 25 | |
| | 28, 29, 30 | |
| മെയ് | 05, 06, 07 | |
| | 12, 13, 14 | |
| | 19, 20, 21 | |

**കൂടുതൽ വിവരങ്ങൾക്ക്: 0481 2424476, 9447016240**
**വിളിക്കേണ്ട സമയം: 10am - 5pm**

# യുവദീപ്തി-എസ്.എം.വൈ.എം.

**വനിതാദിനാചരണം**

യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്രവനിതാദിനാചരണത്തിന്റെ ഭാഗമായി ആര്യങ്കാവ് സെന്റ് മേരീസ് പള്ളിയുടെ ഹാളിൽ മാർച്ച് എട്ടിനു വനിതാദിനം ആചരിച്ചു. 18 ഫൊറോനകളിൽനിന്നുള്ള പ്രതിനിധികളും ഭാരവാഹികളും ഈ ദിനാചരണത്തിൽ പങ്കെടുത്തു. അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് എലിസബത്ത് വർഗീസിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ ആര്യങ്കാവ് പഞ്ചായത്ത് പ്രസിഡന്റ് സുജ തോമസ് വനിതാദിനം ഉദ്ഘാടനം ചെയ്തു.

അതിരൂപതാ ആനിമേറ്റർ സി. തെരസീന എൽ.ഡബ്ല്യൂ.എസ്.എച്ച്. ആമുഖപ്രഭാഷണം നടത്തി. ആര്യങ്കാവ് പള്ളിയുടെ വികാരി ഫാ. ഫിലിപ്പ് തയ്യിൽ, അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ, അസ്സി. ഡയറക്ടർ ഫാ. ജോസഫ് പുതുവീട്ടിൽക്കളം, ഫൊറോനാ ഡയറക്ടർ ഫാ. വർഗീസ് കൊച്ചുപറമ്പിൽ, വാർഡ് മെമ്പർ ജെസീന്ത റോയി, ഫൊറോനാ ഡെപ്യൂട്ടി പ്രസിഡന്റ് ജോസ്ന ജോസ്, കെ.സി.വൈ.എം. സെനറ്റ് മെമ്പർ സ്നേഹ സജി, അതിരൂപതാ സെക്രട്ടറി ജിയ വിൽസൺ എന്നിവർ പ്രസംഗിച്ചു.

വനിതാദിനത്തോടനുബന്ധിച്ചുള്ള പാനൽ ചർച്ചയിൽ സി. റോസ്‌ലിൻ എസ്.എം., അതിരൂപതയുടെ മുൻ ഡെപ്യൂട്ടി പ്രസിഡന്റ് ഡെയ്സി വർഗീസ്, പഞ്ചായത്ത് പ്രസിഡന്റ് സുജ തോമസ് എന്നിവർ പങ്കെടുത്തു. വനിതാദിനത്തിന്റെ ഭാഗമായി നടത്തപ്പെട്ട മത്സരങ്ങളിലൂടെ ആനി കെ. തോമസ് (സെന്റ് മേരീസ് പാറേൽ), അലീന അന്ന സണ്ണി (സെന്റ് മേരീസ് ആര്യങ്കാവ്), റോസി ജോജി (സെന്റ് ആന്റണീസ് പറാൽ) എന്നിവർ 'മിസ് യുവദീപ്തി'യായി തെരഞ്ഞെടുക്കപ്പെട്ടു.

**ലഹരിവിരുദ്ധവർഷാചരണം**

ഇന്നു നമ്മുടെ സമൂഹം അഭിമുഖീകരിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നങ്ങളിലൊന്നാണു മയക്കുമരുന്നിന്റെ ഉപയോഗം. യുവജനങ്ങളും കുട്ടികളും വൻതോതിൽ ഇതിനിരയാകുന്നു. മയക്കുമരുന്നു ജീവിതം നശിപ്പിക്കുകയും കുടുംബങ്ങൾ തകർക്കുകയും ചെയ്യുന്നു. മനുഷ്യസമൂഹത്തെ കാർന്നുതിന്നുന്ന ലഹരിക്കെതിരെ അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം. 'സേവ്' എന്ന പേരിൽ ഒരുവർഷക്കാലം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളുമായി സമൂഹത്തിലിറങ്ങുകയാണ്.

യുവജനങ്ങളെ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ അണിചേർക്കാൻ യുവദീപ്തി-എസ്.എം.വൈ.എം ആഗ്രഹിക്കുന്നു. യൂണിറ്റുകളിൽ 7 പേരടങ്ങുന്ന 'ആന്റി ഡ്രഗ് ആക്ഷൻ ഫോറം' രൂപീകരിച്ചിട്ടുണ്ട്. മാർച്ച് 23ന് ആന്റി ഡ്രഗ് ഫോറത്തിന്റെ നേതൃത്വത്തിൽ പ്രതിജ്ഞ ചൊല്ലി ഒരുവർഷത്തെ കർമപദ്ധതി ഉദ്ഘാടനം ചെയ്തു. അന്നേദിവസം ലഹരിക്കെതിരെയുള്ള ലഘുലേഖ യുവജനങ്ങൾക്കും പൊതുജനങ്ങൾക്കും നൽകി. യൂണിറ്റുകളിൽ ലഹരിക്കെതിരെ ഫോട്ടോ ബൂത്ത് ക്രമീകരിച്ചു സോഷ്യൽ മീഡിയ ക്യാംപെയ്ൻ സംഘടിപ്പി

ക്കുന്നതാണ്. ഇതുവരെ ലഹരിവസ്തുക്കൾ ഉപയോഗിക്കാത്ത യുവജനങ്ങളെ പ്രത്യേകം ആദരിക്കുകയും ചെയ്യും.

**യൂത്ത് ട്രെയിനിങ് പ്രോഗ്രാം (വൈ.റ്റി.പി.)**

അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിലുള്ള യൂത്ത് ട്രെയിനിങ് പ്രോഗ്രാമിന്റെ (വൈ.റ്റി.പി.) അടുത്ത ബാച്ച് **ഏപ്രിൽ 26നു** ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ *രാവിലെ പത്തിന് ആരംഭിച്ച് വൈകുന്നേരം നാലിനു* സമാപിക്കുന്നതാണ്. ശനിയാഴ്ചകളിലാണു ക്ലാസ്സുകൾ നടത്തപ്പെടുന്നത്. പ്രശസ്തരായ വ്യക്തികൾ നയിക്കുന്ന ക്ലാസ്സുകളും വർക്ക്ഷോപ്പുകളും വ്യക്തിത്വവികസനത്തിനും നേതൃത്വവാസന വളർത്തുന്നതിനും ആധ്യാത്മിക വളർച്ചയ്ക്കും ഏറെ ഉപകരിക്കുന്നതാണ്. കോഴ്സിന്റെ കാലാവധി ഒരുവർഷമാണ്. കോഴ്സിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ യുവദീപ്തിയുടെ അതിരൂപതാ ഓഫീസിൽ പേരുവിവരങ്ങൾ നൽകേണ്ടതാണ്.

**ഈ മാസത്തെ പരിപാടികൾ**

| | |
|---|---|
| ഏപ്രിൽ 06 | ◆ ജലദിനാചരണത്തിന്റെ ഭാഗമായി യൂണിറ്റുകളിൽ ജലസ്രോതസുകൾ വൃത്തിയാക്കുക, ജലവിതരണം നടത്തുക<br>◆ ലഹരിക്കെതിരെയുള്ള പ്രവർത്തനം – 'സേവ്' (യൂണിറ്റുകളിൽ ലഹരിവിരുദ്ധ എക്സിബിഷൻ, പ്രതിജ്ഞ, മറ്റു പ്രവർത്തനങ്ങൾ) |
| ഏപ്രിൽ 12 | : 'വചനവചസ്' ഓഫ്ലൈൻ പരീക്ഷയുടെ ഫൈനൽ റൗണ്ട് |
| ഏപ്രിൽ 25-27 | : പ്രാർഥന-പഠന-പരിശീലന ക്യാംപ്: എടത്വാ / പുളിങ്കുന്ന് ഫൊറോന |

**ഫാ. സാവിയോ മാനാട്ട്**
*(ജോയിന്റ് ഡയറക്ടർ)*

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**
*(ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**അരുൺ റ്റോം**
*(പ്രസിഡന്റ്)*

# സീയോൻ ധ്യാനകേന്ദ്രം

**ഏപ്രിൽമാസത്തെ ശുശ്രൂഷകൾ**

01–03 – സൺഡേസ്കൂൾ ക്യാംപ്, പൊടിപ്പാറ ഹോളി ഫാമിലി ഇടവക

04–06 – സൺഡേസ്കൂൾ ധ്യാനം, പാറേൽ സെന്റ് മേരീസ് ഇടവക

07–09 – വിവാഹഒരുക്കസെമിനാർ

13–15 – കെ.സി.എസ്.എൽ. ക്യാംപ്

16–20 – പീഡാനുഭവവാര അവധി

23–25, 28–30 – വിവാഹഒരുക്കസെമിനാർ

**സീനിയർ സിറ്റിസൺസ് ഗ്രെയ്സ്ഫുൾ ധ്യാനം**

പ്രായമായവർക്ക് അനുഗ്രഹപ്രദമായി 11 ധ്യാനങ്ങൾ നടത്തപ്പെട്ടു. വിവിധ രൂപതകളിൽനിന്നുള്ള പ്രായമായവർ ഇതിൽ പങ്കെടുക്കുകയും ബന്ധുമിത്രാദികളെ കൂട്ടിക്കൊണ്ടുവരുകയും ചെയ്യുന്നുണ്ട്. ധ്യാനം വഴിയായി പ്രായമായവർക്കു സാന്ത്വനവും സമാധാനവും സൗഖ്യവും നൽകാൻ സാധിച്ചു. അഭി. പിതാക്കന്മാരുടെ സാന്നിധ്യവും അനുഗ്രഹവും പ്രായമായവർക്ക് ഏറെ സന്തോഷം നൽകി. സമപ്രായത്തിലുള്ളവരും സമാനമായ അനുഭവങ്ങളുള്ളവരും ഒന്നിച്ചു താമസിച്ചു തീക്ഷ്ണമായി പ്രാർഥിച്ചു സൗഖ്യശുശ്രൂഷകൾ സ്വീകരിച്ചു സംതൃപ്തിയോടെ കടന്നുപോയി.

2025-ാം ജൂബിലി വർഷത്തിൽ ജൂൺ മുതൽ എല്ലാ മാസവും സീനിയർ സിറ്റിസൺസ് ധ്യാനം ഉണ്ടായിരിക്കുന്നതാണ്. അടുത്തധ്യാനം: **ജൂൺ 8–11** ബുക്കിങ്ങിന്: **8086399023**

**സീനിയർ സിറ്റിസൺസ് സംഗമം-രോഗീദിനാചരണം**

മേല്പറഞ്ഞവ ഇടവകകളിൽ നടത്താൻ വിളിക്കുക: **9495107045**

**കുട്ടികൾക്കുള്ള ധ്യാനം**

അവധിക്കാലത്തു **മെയ് 22–25** തീയതികളിൽ ഫാ. പോൾ വേങ്ങാശ്ശേരിയുടെ നേതൃത്വത്തിൽ 7 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കു ധ്യാനമുണ്ടായിരിക്കുന്നതാണ്. ബുക്ക് ചെയ്യേണ്ട നമ്പർ: **9778167769**

**കുട്ടികൾക്കു സ്മാർട്ട് ക്യാംപ്**

അവധിക്കാലത്തു **മെയ് 15** *രാവിലെ 9 മുതൽ* **മെയ് 16** *വൈകുന്നേരം നാലുവരെ* മെന്റർ സിജു ആലഞ്ചേരിയുടെയും ടീമിന്റെയും നേതൃത്വത്തിൽ 5 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി ഇന്റർനാഷണൽ മെന്റർമാർ ക്ലാസ്സുകളെടുക്കുന്നതാണ്. ബുക്കിങ്ങിന്: **8086399023**

*ശേഷം പേജ് 61ൽ* ➤➤➤

# ചാസ്സ്
## (CHANGANACHERRY SOCIAL SERVICE SOCIETY)

**ചാസ്സിൽനിന്നും ആശംസകൾ**

ഒരു സാമ്പത്തികവർഷംകൂടി കടന്നുപോയിരിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ നമ്മുടെ പ്രവർത്തനങ്ങൾ സാമൂഹിക-സാമ്പത്തിക ഓഡിറ്റിങ്ങിനു വിധേയമാക്കേണ്ട സമയമാണിത്. ഒപ്പം 2025-2026 വർഷത്തിൽ പ്രാവർത്തികമാക്കേണ്ട പദ്ധതികളെക്കുറിച്ച് ആസൂത്രണം നടത്തുകയും ചെയ്യണം. പ്രത്യേകമായി നമ്മുടെ മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം, ഓഡിറ്റിങ്ങിനുള്ള മുന്നൊരുക്കങ്ങൾ, ക്യാഷ് ബുക്ക്, രസീത്, വൗച്ചർ, വ്യക്തിഗത-വായ്പാ രജിസ്റ്ററുകൾ, ലഘുനിക്ഷേപവായ്പാപട്ടികകൾ, മറ്റനുബന്ധരേഖകൾ എന്നിവ കൃത്യമായും വ്യക്തമായും തയ്യാറാക്കി സമയബന്ധിതമായി ഓഡിറ്റിങ് പൂർത്തിയാക്കാൻ ശ്രദ്ധിക്കണം.

നമ്മുടെ ട്രസ്റ്റുകൾക്ക് 12 എ.ബി. ലഭ്യമാക്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ ത്വരിതഗതിയിൽ മുന്നോട്ടുപോകുന്നു. പൊതുനന്മ ലക്ഷ്യമാക്കിയുള്ള ജനകീയ പ്രവർത്തനങ്ങളും പരിപാടികളും ട്രസ്റ്റിന്റെ പേരിൽ സംഘടിപ്പിക്കുകയും അവ കൃത്യമായി രേഖാമൂലം സൂക്ഷിക്കുകയും ചെയ്യണം. ഇത് 12 എ.ബി. രജിസ്ട്രേഷന് അപേക്ഷിക്കുമ്പോൾ റിപ്പോർട്ട് സമർപ്പിക്കാൻ സഹായിക്കും. മ്യൂചൽ ബനഫിറ്റ് സ്കീം, സ്വയംസഹായസംഘം എന്നിവയിലെ അംഗങ്ങൾക്കായുള്ള മരണാനന്തരസഹായപദ്ധതിയിലെ പ്രീമിയം ജൂലൈ 31നു മുമ്പായി അടയ്ക്കണമെന്ന വിവരവും ഓർമപ്പെടുത്തുന്നു.

കൂടാതെ, വളരെപ്രധാനപ്പെട്ട വിഷയമാണ് ഇന്നു നമ്മുടെ നാടിനെ ഗ്രസിച്ചിരിക്കുന്ന ലഹരിയുടെ ഉപയോഗം. ഈ മഹാവിപത്തിനെതിരെ നമ്മുടെ യൂണിറ്റുകളുടെ നേതൃത്വത്തിൽ ശക്തമായ ബോധവത്കരണപ്രവർത്തനങ്ങളും ആവശ്യമെങ്കിൽ കൗൺസെലിങ് ഉൾപ്പെടെയുള്ള കാര്യങ്ങൾ അടിയന്തരമായി സംഘടിപ്പിച്ചു യുവജനങ്ങളെ സംരക്ഷിക്കാൻ പരിശ്രമിക്കാം.

ചാസ്സിന്റെ പ്രവർത്തനങ്ങൾ 60-ാം വർഷത്തിലേക്കു കടക്കുന്ന ഈ അവസരത്തിൽ വ്യത്യസ്തവും നൂതനവുമായ ആശയങ്ങളും കർമപദ്ധതികളും യൂണിറ്റ്-മേഖലാതലങ്ങളിൽ നടപ്പിലാക്കണം. ഏവരുടെയും പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ ചാസ്സിനു പുത്തൻ ദിശാബോധം നൽകും. മേല്പറഞ്ഞകാര്യങ്ങളിലെല്ലാം സജീവസഹകരണം അഭ്യർത്ഥിക്കുന്നു. മേഖലകളിൽ അന്താരാഷ്ട്ര വനിതാദിനാചരണം ഭംഗിയായി ക്രമീകരിച്ചവർക്കു പ്രത്യേകനന്ദിയും അഭിനന്ദനവും അറിയിക്കുന്നു. ഏവർക്കും ഉയിർപ്പുതിരുനാളാശംസകൾ നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## കേന്ദ്രവാർത്തകൾ

**സ്റ്റൈപ്പെന്റോടുകൂടി ഇന്റേൺഷിപ്പിനുള്ള അവസരം:** 'പ്രൈം മിനിസ്റ്റേഴ്സ് ഇന്റേൺഷിപ്പ് സ്കീം' പ്രകാരം കോട്ടയം എം.ആർ.എഫ്. ടയേഴ്സിൽ സ്റ്റൈപ്പെന്റോടുകൂടി ചാസ്സിന്റെ സഹകരണത്തോടെ ഇന്റേൺഷിപ്പിന് 21 മുതൽ 24 വയസുവരെ പ്രായമുള്ള ആൺകുട്ടികൾക്ക് അവസരമൊരുക്കി. ഫെബ്രുവരി 26നു ചാസ്സ് കോൺഫെറൻസ് ഹാളിൽ നടത്തപ്പെട്ട ഇന്റർവ്യൂവിൽ പങ്കെടുത്ത 68 പേരിൽനിന്ന് 47 പേർ ഇന്റർവ്യൂ പാസായി. മാർച്ച് 4 മുതൽ അവർ ഇന്റേൺഷിപ്പിൽ പ്രവേശിച്ചു.

**കൗൺസിലർമാരുടെ നിയമനം:** മാർച്ച് 13നു ചാസ്സ് കോൺഫെറൻസ് ഹാളിൽ കൗൺസിലർമാർക്കായി നടത്തപ്പെട്ട ഇന്റർവ്യൂവിൽ 20 പേർ പങ്കെടുത്തു. യോഗ്യരായ നാലുപേരെ ചാസ്സിന്റെ ഡി-അഡിക്ഷൻ സെന്ററുകളിൽ നിയമിച്ചു.

**വനിതാദിനാചരണം:** ചാസ്സിൽ ഇന്റേൺഷിപ്പ് ചെയ്യുന്ന സോഷ്യൽ വർക്ക് വിദ്യാർഥികളുടെ നേതൃത്വത്തിൽ മാർച്ച് ഏഴിന് അന്താരാഷ്ട്രവനിതാദിനാചരണം നടത്തപ്പെട്ടു. ഇതിന്റെ ഭാഗമായി ചാസ്സിലെയും കോപ്റ്റാക്കിലെയും മുതിർന്ന വനിതകളെ ആദരിച്ചു. സമ്മേളനത്തിൽ ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം അധ്യക്ഷതവഹിച്ചു. ചാസ്സ് അസ്സി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല ആശംസയർപ്പിച്ചു.

**സോഷ്യൽ വർക്ക് വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പ് പ്രോഗ്രാം**

സോഷ്യൽ വർക്ക് ബിരുദപഠനത്തിന്റെ ഭാഗമായി മാർച്ച്-ഏപ്രിൽ മാസങ്ങളിൽ ഇന്റേൺഷിപ്പിനുവേണ്ടി പരുമല സെന്റ് ഗ്രിഗോറിയോസ്, കോട്ടയം ബി.സി.എം., കട്ടപ്പന ക്രൈസ്റ്റ് എന്നീ കോളേജുകളിൽനിന്ന് എം.എസ്.ഡബ്ല്യൂ. വിദ്യാർഥികൾ ചാസ്സിലെത്തി.

## സ്വാശ്രയസംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 18.02.2025 | ഇത്തിത്താനം | തണൽ | 11 |
| 26.02.2025 | മുഹമ്മ | ഹരിത | 10 |
| 01.03.2025 | വടവാതൂർ | സാന്തോം | 11 |
| 03.03.2025 | വെട്ടിമുകൾ | കൃപ | 15 |
| 12.03.2025 | ആർപ്പൂക്കര | സംഗമപ്രിയ | 11 |
| 15.03.2025 | കോട്ടയ്ക്കുപുറം | മാതാ | 14 |
| 18.03.2025 | ആർപ്പൂക്കര | മഹിമ | 10 |

## സാമൂഹ്യസുരക്ഷാസഹായപദ്ധതി

**1. എസ്.എച്ച്.ജി. മരണാനന്തരസഹായം** (ഒരു കുടുംബത്തിന് 20,000 രൂപ അനുവദിച്ചു)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 708. ജയിംസ് ജോസഫ് | കൃപ | മുണ്ടുപാലം | തൃക്കൊടിത്താനം |

**2. മ്യൂച്വൽ ബനഫിറ്റ് സ്കീം (എം.ബി.എസ്.)** ഒരു കുടുംബത്തിന് 10,000 രൂപ വീതം 9 കുടുംബങ്ങൾക്ക് 90,000 രൂപ മരണാനന്തരസഹായം അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1201. ഏലിക്കുട്ടി ജോസഫ് കോലേട്ട് | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 1202. വി. ദേവസ്യ തോപ്പിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 1203. മറിയാമ്മ ഫ്രാൻസിസ് പുതുവേൽ | കൊടുപ്പുന്ന | എടത്വാ |
| 1204. ഏലിയാമ്മ ജോർജ് കാട്ടാമ്പള്ളിൽ | കോയിൽമുക്ക് | എടത്വാ |
| 1205. സുധ ബാബു മഠത്തിൽപറമ്പിൽ | മാടപ്പള്ളി | കുറുമ്പനാടം |
| 1206. മറിയാമ്മ പുന്നൂർ പുത്തൻപറമ്പിൽ | കരുവാറ്റ | എടത്വാ |
| 1207. ഏലിയാമ്മ ആന്റണി തുണ്ടുപറമ്പിൽ | പച്ച-ചെക്കിടിക്കാട് | എടത്വാ |
| 1208. റ്റി. കെ. കുരുവിള തുണ്ടിയിൽ | ചേപ്പുംപാറ | കോട്ടയം |
| 1209. ഇ. ജെ. വർഗീസ് ഇത്തിക്കായിപ്പുറം | പുന്നമട | ആലപ്പുഴ |

## മേഖലാവാർത്തകൾ

**അന്താരാഷ്ട്രവനിതാദിനാചരണം:** ചാസ്സ് മേഖലകളുടെ നേതൃത്വത്തിൽ യൂണിറ്റുകളിൽ അന്താരാഷ്ട്രവനിതാദിനാചരണം നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർമാർ അധ്യക്ഷതവഹിച്ചു. ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, അസ്സി. ഡയറക്ടർമാരായ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, ഫാ. ജോർജ് തൈച്ചേരിൽ, ഫാ. വർഗീസ് നമ്പിമഠം എന്നിവർ സന്ദേശങ്ങൾ നൽകി. പൊതുസേവനരംഗത്തു പ്രവർത്തിക്കുന്നവർ ആശംസകളർപ്പിച്ചു. യൂണിറ്റ് ഭാരവാഹികളും മേഖലാ കോഡിനേറ്റർമാരും പരിപാടികൾക്കു നേതൃത്വം നൽകി.

| *തീയതി* | *മേഖല* | *ഉദ്ഘാടനം* | *ക്ലാസ്സ് നയിച്ചത്* |
|---|---|---|---|
| മാർച്ച് 04 | പുളിങ്കുന്ന് | റിനി ചന്ദ്രൻ (വൈസ് പ്രസിഡന്റ്, കാവാലം) | അഡ്വ. അജേഷ് കുമാർ |
| മാർച്ച് 06 | ചമ്പക്കുളം | പാർവതി വിജയൻ (ഫസ്റ്റ് ക്ലാസ്സ് ജുഡീഷൽ മജിസ്ട്രേറ്റ്) | അഡ്വ. പ്രീതി എം. ജെ. |
| മാർച്ച് 07 | എടത്വാ | ജിൻസി ജോളി (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്) | ബീന സെബാസ്റ്റ്യൻ കെ. (പ്രിൻസിപ്പൽ, സെന്റ് മേരീസ് എച്ച്.എസ്.എസ്. ചമ്പക്കുളം) |
| മാർച്ച് 08 | ആലപ്പുഴ | നീനു ജോസഫ് (പഞ്ചായത്ത് പ്രസിഡന്റ്, പുളിങ്കുന്ന്) | അഡ്വ. ആർ. സനൽകുമാർ |
| മാർച്ച് 08 | കൊല്ലം | അന്നമ്മ ഫ്രാൻസിസ് (മുൻ ബ്ലോക്ക് മെമ്പർ, അഞ്ചൽ) | അന്നമ്മ ഫ്രാൻസിസ് |
| മാർച്ച് 08 | കുടമാളൂർ | ബിൻസി സെബാസ്റ്റ്യൻ (ചെയർപേഴ്സൺ, കോട്ടയം മുനിസിപ്പാലിറ്റി) | സി. ഡോ. അനൂജ എസ്.ഡി. |

| | | | |
|---|---|---|---|
| മാർച്ച് 10 | തുരുത്തി | മിനി വിജയകുമാർ (പ്രസിഡന്റ്, വാഴപ്പള്ളി പഞ്ചായത്ത്) | ഷിജി ജോൺസൺ (പ്രിൻസിപ്പൽ, സെന്റ് തെരേസാസ് എച്ച്.എസ്.എസ്. വാഴപ്പള്ളി) |
| മാർച്ച് 11 | കുറുമ്പനാടം | ഫാ. ജോർജ് പനക്കേഴം (ഡയറക്ടർ, ചാസ്സ്) | സുബി വർഗീസ് (അസ്സി. പ്രൊഫ. എസ്. ബി. കോളേജ് ചങ്ങനാശ്ശേരി) |
| മാർച്ച് 11 | അതിരമ്പുഴ | റോസമ്മ സോണി (ജില്ലാ പഞ്ചായത്ത് മെമ്പർ, കോട്ടയം) | റോസമ്മ സോണി |
| മാർച്ച് 15 | ചങ്ങനാശ്ശേരി | ജിജി ആന്റണി (മേഖലാ സെക്രട്ടറി) | ജിജി റ്റെസ് ഗ്രിഗറി (റിട്ട. പ്രിൻസിപ്പൽ, സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് എച്ച്.എസ്.എസ്., നെടുങ്കുന്നം) |
| മാർച്ച് 15 | തൃക്കൊടിത്താനം | കൃഷ്ണകുമാരി രാജശേഖരൻ (ചെയർപേഴ്സൺ, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി) | ആർ. രാജേഷ് (സി.ഇ.ഒ. പ്രിവന്റീവ് ഓഫീസർ, എക്സൈസ്) |
| മാർച്ച് 17 | മണിമല | അജിത രതീഷ് (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്) | |

**സൗജന്യ മെഡിക്കൽ ക്യാംപ്:** ലോക ക്യാൻസർ ദിനാചരണത്തോടനുബന്ധിച്ച് ആശുപത്രികളുടെ സഹകരണത്തോടെ ചാസ്സ് യൂണിറ്റുകളിൽ സൗജന്യ മെഡിക്കൽ ക്യാംപ് നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർമാരും ഭാരവാഹികളും ഇതിനു നേതൃത്വം നൽകി.

| *തീയതി* | *യൂണിറ്റ്* | *ആശുപത്രി* |
|---|---|---|
| 23.02.2025 | പൊടിപ്പാറ | സെന്റ് തോമസ് ഹോസ്പിറ്റൽ, ചെത്തിപ്പുഴ |
| 23.02.2025 | ചമ്പക്കര | |
| 23.02.2025 | ഇത്തിത്താനം | |
| 07.03.2025 | മുഹമ്മ | പുഷ്പഗിരി മെഡിക്കൽ കോളേജ്, തിരുവല്ല |
| 15.03.2025 | പുഴവാത് | സെന്റ് തോമസ് ഹോസ്പിറ്റൽ, ചെത്തിപ്പുഴ |

**മേഖലാസമ്മേളനം:** കഴിഞ്ഞവർഷത്തെ മേഖലാപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അടുത്ത ആറുമാസത്തേക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും മേഖലാസമ്മേളനങ്ങൾ നടത്തപ്പെട്ടു. യൂണിറ്റ് ഭാരവാഹികൾ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യൂണിറ്റ് ഡയറക്ടർമാർ അധ്യക്ഷതവഹിച്ചു. ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, അസ്സി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട് ചാമക്കാല എന്നിവർ മേഖലകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി നൂതനപദ്ധതികൾ വിശദീകരിച്ചു. ചാസ്സ് റ്റീം ലീഡർ ബാബു ജോസഫ്, പ്രോഗ്രാം ഓഫീസർ സി. ലിൻസി എ.എ.എസ്.സി., എന്നിവർ പ്രസംഗിച്ചു. മേഖലാ കോഡിനേറ്റർമാരായ ബിനു ജോസഫ്, ഡി. ജോസഫ് എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

| *തീയതി* | *മേഖല* | *യൂണിറ്റ്* |
|---|---|---|
| മാർച്ച് 04 | പുളിങ്കുന്ന് | കാവാലം സെന്റ് തെരേസാസ് |
| മാർച്ച് 06 | ചമ്പക്കുളം | ചേന്നങ്കരി സെന്റ് ജോസഫ്സ് |
| മാർച്ച് 08 | ആലപ്പുഴ | കൈതവന ഇമ്മാക്കുലേറ്റ് ഹാർട്ട് |

**നേത്രപരിശോധനാ ക്യാംപ്:** വടക്കേ അമിച്ചകരി ചാസ്സ് യൂണിറ്റിന്റെയും ഇടവകയിലെ മറ്റു സംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ ആലപ്പുഴയിലെ കെയർ ഐ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ ഫെബ്രുവരി 26നു നേത്ര പരിശോധനാ ക്യാംപ് നടത്തപ്പെട്ടു. യൂണിറ്റിന്റെ ഡയറക്ടർ ഫാ. അലക്സ് പാറപ്പുറം ക്യാംപ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്കു നേതൃത്വം നൽകി.

**കേശദാനം:** പൊടിപ്പാറ സോഷ്യൽ സർവീസ് ട്രസ്റ്റിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 23നു നടത്തപ്പെട്ട ക്യാൻസർ രോഗനിർണയ ക്യാംപിനോടനുബന്ധിച്ചു ക്യാൻസർ രോഗികൾക്കു വിഗ്ഗ് നിർമിക്കുന്നതിന് ഏഴു പെൺകുട്ടികൾ കേശദാനം നടത്തി.

**സ്വാശ്രയസംഘവാർഷികം:** പങ്ങട 'ഗ്രാമദീപം' സ്വാശ്രയസംഘത്തിന്റെ 17–ാമതു വാർഷികം ഫെബ്രുവരി 23നു സംഘാംഗം ബൈജു പി. ജെ.യുടെ വസതിയിൽ നടത്തപ്പെട്ടു. പ്രസിഡന്റ് കെ. എം. മാത്യു അധ്യക്ഷതവഹിച്ചു. മേഖലാ കോഡിനേറ്റർ റ്റോം സി. തയ്യിൽ വാർഷികം ഉദ്ഘാടനം ചെയ്തു. സെക്രട്ടറി വിപിൻ ചന്ദ്രൻ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ഫിലിപ്പ് ഐക്കര ആശംസയർപ്പിച്ചു.

ഏറ്റുമാനൂർ 'മാവേലി' വനിതാസ്വാശ്രയസംഘത്തിന്റെ ഒന്നാം വാർഷികം മാർച്ച് ഒന്നിനു സംഘാംഗം ഗ്രെയ്സി ജോർജിന്റെ വസതിയിൽ നടത്തപ്പെട്ടു. ചാസ്സ് അസ്സി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല വാർഷികം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഷീബ റോയി അധ്യക്ഷതവഹിച്ചു. സെക്രട്ടറി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യൂണിറ്റ് ഭാരവാഹികൾ സന്നിഹിതരായിരുന്നു.

**പച്ചക്കറിവിത്ത്–ഗ്രോ ബാഗ് വിതരണം ചെയ്യൽ:** അടുക്കളത്തോട്ടനിർമാണത്തിലൂടെ വിഷരഹിതപച്ചക്കറികൾ ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പുളിങ്കുന്ന് ഫൊറോനാ യൂണിറ്റിൽ മാർച്ച് എട്ടിന് 350 കുടുംബങ്ങളിൽ പച്ചക്കറി വിത്തുകളും ഗ്രോ ബാഗുകളും വിതരണം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. റ്റോം പുത്തൻകളം വിതരണോദ്ഘാടനം നിർവഹിച്ചു.

**കർഷകസംഗമം:** മണിമല ഹോളി മേജൈ ഫൊറോനാപ്പള്ളിയുടെ ഹാളിൽ ഫെബ്രുവരി 23നു നടത്തപ്പെട്ട കർഷകസംഗമത്തിൽ ചാസ്സ് സ്വാശ്രയവിപണി ഉല്പന്നങ്ങൾ, മാലിന്യസംസ്കരണോപാധികൾ എന്നിവയുടെ പ്രദർശനവും വിപണനവും ഉണ്ടായിരുന്നു. ചാസ്സ് യൂണിറ്റും ഫാർമർ ഇൻട്രസ്റ്റെഡ് ഗ്രൂപ്പുകളും ഇതിനു നേതൃത്വം നൽകി.

**യൂണിറ്റ് വാർഷികം:** മാമ്പുഴക്കരി യൂണിറ്റിന്റെ വാർഷികം മാർച്ച് 16നു മാമ്പുഴക്കരി ലൂർദ് മാതാ പള്ളിയുടെ ഹാളിൽ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് താന്നിയത്ത് മുഖ്യസന്ദേശം നൽകി. ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം വാർഷികം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജിജി കെ. മൈക്കിൾ അധ്യക്ഷതവഹിച്ചു. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്കു നേതൃത്വം നൽകി.

**തയ്യൽപരിശീലനാരംഭം:** കൂത്രപ്പള്ളിയിലെ ഫാ. ജോർജ് പനക്കേഴം മെമ്മോറിയൽ ട്രെയിനിങ് സെന്ററിൽ മാർച്ച് 17നു മൂന്നുമാസത്തെ തയ്യൽപരിശീലനം ആരംഭിച്ചു. 12 വനിതകൾ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്.

**ബോധവത്കരണ ക്ലാസ്സ്:** ഇരവുചിറ ചാസ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഇരവുചിറ സെന്റ് മേരീസ് പള്ളിയുടെ ഹാളിൽ മാർച്ച് 13ന് 'സോഷ്യൽ മീഡിയയുടെ ദുരുപയോഗം' എന്ന വിഷയത്തിൽ ബോധവത്കരണ ക്ലാസ്സ് നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. ജയിംസ് അത്തിക്കളം അധ്യക്ഷതവഹിച്ചു. അസാജ ഐ.റ്റി. സൊല്യൂഷൻസിലെ അഫിൻ വിൻസെന്റ് ക്ലാസ്സ് നയിച്ചു.

## എസ്.എൽ.സി.എ.-കേരള

**ലഹരിവിരുദ്ധബോധവത്കരണം:** വാഴൂർ ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങൾക്കായി ചാസ്സ് എസ്.എൽ.സി.എ.യുടെ നേതൃത്വത്തിൽ ഫെബ്രുവരി 24നു ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ലഹരിവിരുദ്ധബോധവത്കരണ സെമിനാർ നടത്തപ്പെട്ടു. ചാസ്സ് അസ്സി. ഡയറക്ടറും സ്റ്റേറ്റ് ലെവൽ കോഡിനേറ്റിങ് ഏജൻസിയുടെ (എസ്.എൽ.സി.എ.) കോഡിനേറ്ററുമായ ഫാ. ജോസഫ് ചോരേട്ട് ചാമക്കാല, കറ്റാനം ഐ.ആർ.സി.എ. പ്രോജക്റ്റ് കോഡിനേറ്റർ ലിജു തോമസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

---

*➢➢➢ സീയോൻ ധ്യാനകേന്ദ്രം തുടർച്ച...*

### എഫ്.ഡി.എസ്.എച്ച്.ജെ. സിസ്റ്റേഴ്സിനു നന്ദി

സീയോൻ ധ്യാനകേന്ദ്രത്തിൽ 12 വർഷങ്ങളായി സേവനം ചെയ്ത പുന്നവേലി എഫ്.ഡി.എസ്.എച്ച്.ജെ. സന്യാസസഭയിലെ സിസ്റ്റർമാർക്കും ഇപ്പോൾ ഇവിടെ സേവനം ചെയ്യുന്ന സി. ആനി എഫ്.ഡി.എസ്.എച്ച്.ജെ., സി. റോസ് എഫ്.ഡി.എസ്.എച്ച്.ജെ. എന്നിവർക്കും എഫ്.ഡി.എസ്.എച്ച്.ജെ. മദർ ജനറൽ സി. റോസ് ചക്കാലക്കുന്നേലിനും പ്രത്യേകമായ നന്ദിയും പ്രാർഥനകളും അറിയിക്കുന്നു.

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

# ചാസ്സ്-ഖാദി ഗ്രാമവ്യവസായമേഖല

## വുഡ് ക്രാഫ്റ്റ് പരിശീലനം

ചാസ്സ്-ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയുടെ കീഴിൽ കേന്ദ്രസർക്കാരിന്റെ ഖാദി ഗ്രാമവ്യവസായ കമ്മിഷന്റെ അംഗീകാരത്തോടെ മാമ്മൂട് ചാസ്സ് ഫർണിച്ചർ യൂണിറ്റിൽ മാർച്ച് നാലിന് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ മരപ്പണിപരിശീലനത്തിൽ പ്രായോഗികപരിജ്ഞാനമുള്ള ഇരുപതുപേർക്കായി 20 ദിവസത്തെ വുഡ് ക്രാഫ്റ്റ് പരിശീലനം ആരംഭിച്ചു.

ഖാദി ഗ്രാമോദ്യോഗ് വിദ്യാലയ പ്രിൻസിപ്പൽ ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറയുടെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ ഖാദി ഗ്രാമവ്യവസായ കമ്മിഷൻ എക്സിക്യുട്ടിവ് സുധേശിനി പരിശീലനം ഉദ്ഘാടനം ചെയ്തു. ചാസ്സ്-ഖാദി ജനറൽ മാനേജർ ജോൺ സക്കറിയാസ്, ചാസ്സ് ഫർണിച്ചർ കോഡിനേറ്റർ റിനു ദേവസ്യ, ചാസ്സ് ഫർണിച്ചർ മാമ്മൂട് യൂണിറ്റ് മാനേജർ ആന്റണി ജേക്കബ് എന്നിവർ പ്രസംഗിച്ചു. പരിശീലനത്തിനുശേഷം ഖാദി ഗ്രാമവ്യവസായ കമ്മിഷൻ ഈ 20 പേർക്കും സർട്ടിഫിക്കറ്റുകളും റ്റൂൾ കിറ്റും സൗജന്യമായി നൽകി.

## തയ്യൽ മെഷീൻ ഓപ്പറേറ്റർ പരിശീലനം

കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഖാദി ഗ്രാമവ്യവസായ കമ്മിഷന്റെ അംഗീകാരത്തോടെ ചാസ്സ്-ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയിൽ മാർച്ച് ഏഴിന് 20 വനിതകൾക്കായി 15 ദിവസത്തെ തയ്യൽ മെഷീൻ ഓപ്പറേറ്റർ പരിശീലനം ആരംഭിച്ചു. ഖാദി ഗ്രാമോദ്യോഗ് വിദ്യാലയ പ്രിൻസിപ്പൽ ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറയുടെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ ഖാദി ഗ്രാമവ്യവസായ കമ്മിഷൻ സംസ്ഥാന ഡയറക്ടർ സി. ജി. ആണ്ടവർ പരിശീലനം ഉദ്ഘാടനം ചെയ്തു.

ഖാദി കമ്മിഷൻ എക്സിക്യുട്ടിവ് നാഗറെഡ്ഡി, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് മെമ്പറും മുൻ പ്രസിഡന്റുമായ ഗീത കുര്യാക്കോസ്, ചാസ്സ്-ഖാദി ജനറൽ മാനേജർ ജോൺ സക്കറിയാസ്, ഖാദി വിദ്യാലയ സ്റ്റാഫ് സെക്രട്ടറി ജിജി ബോബി, വിദ്യാലയ സീനിയർ ഇൻസ്ട്രക്റ്റർ ശശികുമാർ, കോഴ്സ് ഇൻ ചാർജ് ബിന്ദു വർഗീസ് എന്നിവർ പ്രസംഗിച്ചു. പരിശീലനത്തിനുശേഷം ഖാദി ഗ്രാമവ്യവസായ കമ്മിഷൻ ഈ 20 പേർക്കും സർട്ടിഫിക്കറ്റുകളും റ്റൂൾ കിറ്റും സൗജന്യമായി നൽകി.

## ബേക്കറി പരിശീലനസമാപനം

ഫെബ്രുവരി മൂന്നിനു കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സെന്റ് ജോസഫ്സ് പബ്ലിക് സ്കൂളിലാരംഭിച്ച ഒരുമാസത്തെ ബേക്കറി പരിശീലനം മാർച്ച് രണ്ടിനു സമാപിച്ചു. 33 വിദ്യാർഥികൾ പരിശീലനത്തിൽ പങ്കെടുത്തു.

## ടോയ്‌ലറ്റ് സോപ്പ് നിർമാണപരിശീലനസമാപനം

ഫെബ്രുവരി മൂന്നിനു കോട്ടയം ബസേലിയസ് കോളേജിൽ ആരംഭിച്ച ഒരു മാസത്തെ ടോയ്‌ലറ്റ് സോപ്പ് നിർമാണപരിശീലനം മാർച്ച് രണ്ടിനു സമാപിച്ചു. 20 വിദ്യാർഥികൾ പരിശീലനത്തിൽ പങ്കെടുത്തു.

**തയ്യൽപരിശീലനസമാപനം**

കോഴഞ്ചേരി സെന്റ് തോമസ് കോളേജിൽ ഫെബ്രുവരി 17ന് ആരംഭിച്ച ഒരു മാസത്തെ തയ്യൽപരിശീലനം മാർച്ച് 17നു സമാപിച്ചു. 12 വിദ്യാർഥികൾ പരിശീലനത്തിൽ പങ്കെടുത്തു.

**ബ്യൂട്ടീഷൻ കോഴ്സ് സമാപനം**

കോഴഞ്ചേരി സെന്റ് തോമസ് കോളേജിൽ ഫെബ്രുവരി 17ന് ആരംഭിച്ച ഒരുമാസത്തെ ബ്യൂട്ടീഷൻ കോഴ്സ് മാർച്ച് 17നു സമാപിച്ചു. 10 വിദ്യാർഥികൾ പങ്കെടുത്തു.

**മെഴുകുതിരിനിർമാണപരിശീലനസമാപനം**

ചേർപ്പുങ്കൽ ബി.വി.എം. കോളേജിൽ മാർച്ച് 17ന് ആരംഭിച്ച ഒരാഴ്ചത്തെ മെഴുകുതിരിനിർമാണപരിശീലനം മാർച്ച് 22നു സമാപിച്ചു. 12 വിദ്യാർഥികൾ പരിശീലനത്തിൽ പങ്കെടുത്തു.

**കുടനിർമാണപരിശീലനസമാപനം**

ചേർപ്പുങ്കൽ ബി.വി.എം. കോളേജിൽ മാർച്ച് 17ന് ആരംഭിച്ച ഒരാഴ്ചത്തെ കുടനിർമാണപരിശീലനം മാർച്ച് 22നു സമാപിച്ചു. 27 വിദ്യാർഥികൾ പരിശീലനത്തിൽ പങ്കെടുത്തു.

**2025 ഏപ്രിൽ മാസത്തിലാരംഭിക്കുന്ന സ്റ്റൈപ്പെന്ററി/ ഫീ ബേസിസ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു (9961274993, 9447160207, 7907144684)**

<table>
<tr><th>കോഴ്സുകൾ</th><th>തുടങ്ങുന്ന തീയതി</th><th>കാലാവധി</th><th>ഫീസ്</th><th>പ്രതിമാസ സ്റ്റൈപ്പെന്റ്</th><th>സ്ഥലം</th><th>സീറ്റ് എണ്ണം</th></tr>
<tr><td>സെമി ഓട്ടോമാറ്റിക് വിവീങ് കോഴ്സ്</td><td>21.04.2025</td><td rowspan="2">6 മാസം</td><td rowspan="3"></td><td>3000</td><td>കെ.ജി.വി., മല്ലപ്പള്ളി</td><td>10</td></tr>
<tr><td>കാർപ്പെന്ററി</td><td>23.04.2025</td><td rowspan="2">1500</td><td>ചാസ്സ് ഫർണിച്ചർ, മാമ്മൂട്</td><td>20</td></tr>
<tr><td>ബീ- കീപ്പിങ് കോഴ്സ്</td><td>15.04.2025</td><td>ഒരു മാസം</td><td rowspan="2">കെ.ജി.വി., മല്ലപ്പള്ളി</td><td>20</td></tr>
<tr><td>ബ്യൂട്ടീഷൻ കോഴ്സ്</td><td>28.04.2025</td><td>2 മാസം</td><td>4400</td><td></td><td>10</td></tr>
</table>

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
*(ഡയറക്ടർ, ചാസ്സ്-ഖാദി;*
*പ്രിൻസിപ്പൽ, കെ.ജി.വി. മല്ലപ്പള്ളി)*
***7994111005***

**ഫാ. ജോർജ് പനക്കേഴം**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*
***9496807124***

**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*
***9633521483***

# ക്രിസ്സ്

**(KUTTANAD RESEARCH AND REVIVAL INITIATIVE SOCIETY)**

## ക്രിസ്സ്-ഇൻഫാമിൽനിന്നും ഉയിർപ്പുതിരുനാളിന്റെ പ്രാർഥനാശംസകൾ

പ്രിയപ്പെട്ടവരേ,

ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി മന്നിലവതരിച്ച ഈശോമ്ശിഹായെ തിരിച്ചറിയാനും കൂടുതൽ പരിചയപ്പെടാനും പങ്കുവെക്കാനുമുള്ള ദിനങ്ങളാണ് അമ്പതുനോമ്പിന്റേത്. പാവപ്പെട്ടവരോടും അരികുവത്കരിക്കപ്പെട്ടവരോടും അവഗണിക്കപ്പെട്ടവരോടും പക്ഷം ചേർന്നതാണ്; അധികാരവർഗത്തിന്റെ അനീതിക്കെതിരെ ശബ്ദമുയർത്തിയതാണ് ഈശോയുടെ കുരിശിലേക്കുള്ള വഴിയുടെ പ്രധാനപ്പെട്ട കാരണങ്ങൾ. അവഗണിക്കപ്പെട്ടിടത്തുനിന്നും പാർശ്വവത്കരിക്കപ്പെട്ടിടത്തുനിന്നും മുഖ്യധാരയിലേക്കു വരാനുള്ള സന്ദേശമാണ് ഈശോയുടെ ഉത്ഥാനം നൽകുന്നത്. കുട്ടനാടിന്റെ സാമൂഹികനവോത്ഥാനത്തിനായി, ഉയിർത്തെഴുന്നേൽപ്പിനായി ക്രിസ്സിനൊപ്പം നമ്മുടെ കരം ചേർക്കാം. ഈ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ക്രിയാത്മകവും ഫലപ്രദവുമാകാൻ ഏവരുടെയും പ്രാർഥനയും പിന്തുണയും പ്രതീക്ഷിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് പള്ളിച്ചിറയിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. തോമസ് താന്നിയത്ത്**
*(ഡയറക്ടർ)*

### പ്രതിഷേധസായാഹ്നസദസ്

നെൽകർഷകരോടുള്ള അവഗണന അവസാനിപ്പിക്കുക എന്ന ആവശ്യം ഉന്നയിച്ചുകൊണ്ടു ക്രിസ്സ്-ഇൻഫാമിന്റെയും കത്തോലിക്കാകോൺഗ്രസിന്റെയും ആഭിമുഖ്യത്തിൽ മാർച്ച് 15നു രാമങ്കരിയിൽ നടത്തപ്പെട്ട പ്രതിഷേധസായാഹ്നസദസ് അതിരൂപതയുടെ മുൻമേലധ്യക്ഷൻ അഭി. മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് മുഖ്യസന്ദേശം നൽകി. കത്തോലിക്കാകോൺഗ്രസ് അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ അധ്യക്ഷതവഹിച്ച സമ്മേളനത്തിൽ ക്രിസ്സ് ഡയറക്ടർ ഫാ. തോമസ് താന്നിയത്ത് വിഷയാവതരണപ്രസംഗം നടത്തി. ക്രിസ്സ് അസ്സി. ഡയറക്ടർ ഫാ. ജോസഫ് പള്ളിച്ചിറയിൽ ആമുഖസന്ദേശം നൽകി. റ്റോം ജോസഫ്, ജോർജ് മാത്യു വാച്ചാപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

### വനിതാശക്തീകരണസംഗമം

മാർച്ച് 22നു ക്രിസ്സ്-ഇൻഫാം ചങ്ങനാശ്ശേരിയുടെ ആഭിമുഖ്യത്തിൽ മാമ്പുഴക്കരി ക്രിസ്സ് സെന്ററിൽ വനിതാദിനാചരണവും വനിതാശക്തീകരണസംഗമവും നടത്തപ്പെട്ടു. ക്രിസ്സ്-ഇൻഫാം ഡയറക്ടർ ഫാ. തോമസ് താന്നിയത്തിന്റെ

*ശേഷം പേജ് 71ൽ ➤➤➤*

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഹോം ഭവനനിർമാണപദ്ധതി

കളർ എ ഹോം ഭവനനിർമാണപദ്ധതിയിൽ **2024 ഡിസംബറിൽ** ഇടവകകൾ സമാഹരിച്ച തുകയും **2025 ഫെബ്രുവരി 19 മുതൽ മാർച്ച് 22 വരെ** അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 72. | കട്ടച്ചിറ | 71160 | 28000 |
| 73. | ഏറ്റുമാനൂർ | 420485 | 168194 |
| 74. | ളായിക്കാട് | 110750 | 44300 |
| 75. | അതിരമ്പുഴ | 931348 | 372538 |
| 76. | കോട്ടയ്ക്കുപുറം | 211150 | 84460 |
| 77. | താഴത്തുവടകര | 55150 | 22060 |
| 78. | എടത്വാ | 392530 | 157011 |
| 79. | മണിമല ഓൾഡ് | 119060 | 47620 |
| 80. | പാമ്പാടി | 22750 | 9100 |
| 81. | മുട്ടാർ ന്യൂ | 30670 | 12267 |
| 82. | പഴവങ്ങാടി | 459302 | 183720 |
| 83. | കണ്ണാടി സെന്റ് റീത്താസ് | 35670 | 35670 |
| 84. | പൊങ്ങ | 40900 | 16360 |
| 85. | നെടുമൺ | 8900 | 3560 |
| 86. | പത്തനാപുരം | 11300 | 4520 |
| 87. | പുളിങ്കുന്ന് | 312955 | 125382 |
| 88. | പുറക്കാട് | 82750 | 62150 |
| 89. | ആനക്കുളം | 13300 | 5320 |
| 90. | വെട്ടിമുകൾ | 249582 | 99833 |
| 91. | കൂത്രപ്പള്ളി | 277950 | 111180 |
| 92. | വില്ലൂന്നി | 313010 | 125204 |
| 93. | പാറേൽ | 597590 | 239036 |
| 94. | നാലുകോടി | 627460 | 250984 |
| 95. | ആറുമാനൂർ | 73720 | 29500 |
| 96. | തത്തംപള്ളി | 454520 | 181808 |

| | | | |
|---|---|---|---|
| 97. | കോട്ടാങ്ങൽ | 455636 | 18213 |
| 98. | വായ്പൂർ ഓൾഡ് | 32685 | 13073 |
| 99. | കൊട്ടാരക്കര | 17050 | 6820 |
| 100. | ഫിൽഗിരി | 62900 | 25160 |
| 101. | ആർപ്പൂക്കര | 113155 | 45262 |
| 102. | മങ്കൊമ്പ് | 33150 | 13260 |
| 103. | പള്ളാത്തുരുത്തി | 64900 | 25960 |
| 104. | കണ്ടങ്കരി | 33650 | 13500 |
| 105. | തിരുവല്ലം | 45300 | 18120 |
| 106. | കൈതവന | 132686 | 53075 |
| 107. | കൊല്ലാട് | 125660 | 50264 |
| 108. | കൊല്ലം | 113100 | 45240 |
| 109. | മാമ്മൂട് | 212160 | 84870 |
| 110. | അരുവിക്കുഴി | 138095 | 55240 |
| 111. | ചാഞ്ഞോടി | 202790 | 81116 |
| 112. | പാണ്ടി | 25500 | 10200 |
| 113. | മാവേലിക്കര | 79100 | 31640 |
| 114. | കലവൂർ | 33660 | 13464 |
| 115. | പുന്നവേലി | 57710 | 23084 |
| 116. | നിരണം | 15850 | 6340 |
| 117. | തിരുവല്ല-മുത്തൂർ | 36500 | 14600 |
| 118. | കിഴക്കേ മിത്രക്കരി | 53430 | 21372 |
| 119. | പടഹാരം | 34160 | 13664 |
| 120. | വായ്പൂർ ന്യൂ | 87900 | 35160 |
| 121. | പച്ചക്കാട് | 1750 | 700 |
| 122. | പള്ളിക്കുന്ന് | 57300 | 22920 |
| 123. | പുന്നമട | 101550 | 40620 |
| 124. | പുനലൂർ | 66720 | 26688 |
| 125. | തുരുത്തി | 406220 | 162000 |
| 126. | തോട്ടയ്ക്കാട് | 257050 | 102820 |
| 127. | മണ്ണന്തല | 175900 | 70360 |

| | | | |
|---|---|---|---|
| 128. | അറുനൂറ്റംപാടം | 71200 | 28480 |
| 129. | ഇരവുചിറ | 132900 | 53160 |
| 130. | കാവാലം ലിസ്യൂ | 97620 | 39040 |
| 131. | പൂന്തോപ്പ് | 195530 | 78210 |
| 132. | മുട്ടാർ ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ | 30630 | 12300 |
| 133. | അമ്പൂരി | 120000 | 48000 |
| 134. | മണ്ണഞ്ചേരി | 45100 | 18040 |
| 135. | കുന്നന്താനം | 79101 | 31640 |
| 136. | കേശവദാസപുരം | 55000 | 22000 |
| 137. | കറിക്കാട്ടൂർ | 57310 | 23000 |
| 138. | വിതുര | 16550 | 6620 |
| 139. | പാലോട് | 5400 | 2160 |
| 140. | മാന്നാനം | 147640 | 59056 |

*(തുടരും...)*

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

**കളർ എ ഡ്രീം പദ്ധതിയിലേക്ക് 2025 ഫെബ്രുവരി 27 മുതൽ മാർച്ച് 22 വരെ** ഇടവക/സംഘടനകളിൽനിന്നും ലഭിച്ച സംഭാവന

| | ഇടവക / സംഘടന | തുക |
|---|---|---|
| 1. | കൂത്രപ്പള്ളി സെന്റ് മേരീസ് ചർച്ച് | 100000 |
| 2. | കായൽപ്പുറം സെന്റ് ജോസഫ്സ് ചർച്ച് | 90000 |

STH SAH

# ആതുരശുശ്രൂഷാമേഖല

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### അന്താരാഷ്ട്രവനിതാദിനാചരണം

അന്താരാഷ്ട്രവനിതാദിനാഘോഷത്തിന്റെ ഭാഗമായി മാർച്ച് ആറിനു കേരള പോലീസിന്റെ സഹകരണത്തോടെ ആശുപത്രിയിലെ വനിതാ ഡോക്ടർമാർ, ജീവനക്കാർ, നഴ്സിങ്-അലൈഡ് കോളേജുകളിലെ വിദ്യാർഥികൾ എന്നിവർക്കായി സെൽഫ് ഡിഫൻസ് ട്രെയിനിങ് പ്രോഗ്രാം, കലാപരിപാടികൾ, വനിതാ ശക്തീകരണവും സുരക്ഷയും പ്രമേയമാക്കിയുള്ള സെമിനാർ എന്നിവയും മാർച്ച് 10ന് 'സ്റ്റെപ്പ് എഗൻസ്റ്റ് ഡാർക്ക്നെസ്' എന്ന സന്ദേശവുമായി നൈറ്റ് വാക്കത്തോണും നടത്തപ്പെട്ടു.

ഈ വർഷത്തെ 'വുമൺ അച്ചീവേഴ്സ് അവാർഡ്' കഴിഞ്ഞ അഞ്ചു പതിറ്റാണ്ടിലേറെയായി ഭിന്നശേഷിക്കാരായ പെൺകുട്ടികളുടെ പുനരധിവാസത്തിനായി നിസ്വാർഥസേവനം നടത്തുന്ന ചെത്തിപ്പുഴ മേഴ്സി ഹോമിനുവേണ്ടി മദർ സുപ്പീരിയർ സി. സെലിൻ ജോസ് എസ്.ഡി. എക്സി. ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്തിൽനിന്നും ഏറ്റുവാങ്ങി. പൊതുസമ്മേളനത്തിൽ മൈൻഡ് പവർ ട്രെയിനർ പ്രൊഫ. ഡോ. ആൻസി ജോസഫ് ഉദ്ഘാടനം നിർവഹിച്ചു വനിതാ ദിനസന്ദേശം നൽകി. അനസ്തേഷ്യോളജി വിഭാഗം മേധാവി ഡോ. കുക്കു ജോൺ അധ്യക്ഷതവഹിച്ച ചടങ്ങിൽ നഴ്സിങ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. ഷൈല ഐപ്പ് വർഗീസ്, ചീഫ് നഴ്സിങ് ഓഫീസർ സി. മെറീന എസ്.ഡി., രശ്മി റ്റി. എസ്. എന്നിവർ പ്രസംഗിച്ചു.

### ലോക കിഡ്നി ദിനാചരണം-സ്നേഹസംഗമം

ലോക കിഡ്നി ദിനാചരണത്തിന്റെ ഭാഗമായി നെഫ്രോളജി ആൻഡ് റീനൽ ട്രാൻസ്പ്ലാന്റേഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ മാർച്ച് 13നു വൃക്കരോഗികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സ്നേഹസംഗമം നടത്തപ്പെട്ടു. അതിരൂപതയുടെ മുൻ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം സംഗമം ഉദ്ഘാടനം ചെയ്തു. ഇതിന്റെ ഭാഗമായി പാലാത്ര കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന സൗജന്യ ഡയാലിസിസ് കിറ്റ് വിതരണം ചങ്ങനാശ്ശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിൾ നിർവഹിച്ചു. നെഫ്രോളജി ആൻഡ് റീനൽ ട്രാൻസ്പ്ലാന്റേഷൻ വിഭാഗം കൺസൾട്ടന്റ് നെഫ്രോളജിസ്റ്റ് ഡോ. ഹരീഷ് കെ. ജി. ബോധവത്കരണ ക്ലാസ്സ് നയിച്ചു.

### വനിതകളുടെ നൈറ്റ് വാക്കത്തോൺ

അന്താരാഷ്ട്രവനിതാദിനത്തോടനുബന്ധിച്ചു മാർച്ച് പത്തിനു വനിതകളുടെ മെഗാ വാക്കത്തോൺ നടത്തപ്പെട്ടു. സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾ വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ചങ്ങനാശ്ശേരിയുടെ ചരിത്രത്തിൽ ഇടംപിടിക്കുന്ന ആശയമാണ് ആശുപത്രി മുമ്പോട്ടുവെച്ചതെന്നു ചങ്ങനാശ്ശേരി മുനിസിപ്പൽ ചെയർപേഴ്സൺ കൃഷ്ണകുമാരി രാജശേഖരൻ അഭിപ്രായപ്പെട്ടു.

'സ്റ്റെപ്പ് എഗൻസ്റ്റ് ഡാർക്ക്നെസ്' എന്ന സന്ദേശവുമായി ചെത്തിപ്പുഴ സർഗക്ഷേത്ര വിമൻസ് ഫോറം, ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജ്, കുരിശുമ്മൂട് സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻ-മീഡിയ വില്ലേജ് തുടങ്ങിയ സാമൂഹികസാംസ്കാരികസംഘടനകളിലെ വനിതകൾ അണിനിരന്ന പരിപാടി നഗരത്തിനു പുതുമയായിരുന്നു. പെരുന്ന ബസ് സ്റ്റാൻഡിൽ നിന്നും ആരംഭിച്ച വാക്കത്തോൺ കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഹേമലത പ്രേംസാഗർ ഫ്ളാഗ് ഓഫ് ചെയ്തു. എസ്. ബി. കോളേജ് മൈതാനിയിൽ അവസാനിച്ച വാക്കത്തോണിൽ സിനിമാതാരം കൃഷ്ണപ്രഭ മുഖ്യാതിഥിയായിരുന്നു. വനിതാ ഡി. ജെ. ഏലിയൻ ലാൻസിന്റെ സംഗീതനിശയും ഒരുക്കിയിരുന്നു.

**ക്യാൻസർ ബോധവത്കരണ ക്ലാസ്സ്**

ആശുപത്രിയും പൊടിപ്പാറ ഹോളി ഫാമിലി, ഇത്തിത്താനം സെന്റ് മേരീസ് എന്നീ പള്ളികളിലെ ചാസ്സ് യൂണിറ്റുകളും സംയുക്തമായുള്ള ക്യാൻസർ ബോധവത്കരണ ക്ലാസ്സ് ഫെബ്രുവരി 26നു നടത്തപ്പെട്ടു. സർജിക്കൽ ഓങ്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഓങ്കോളജിസ്റ്റ് പ്രൊഫ. ഡോ. ജേക്കബ് കുര്യൻ, കൺസൾട്ടന്റ് ഓങ്കോളജിസ്റ്റ് ഡോ. ബ്ലെസി ജോൺസ് എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

**സൗജന്യ ക്യാൻസർ നിർണയ ക്യാംപ്**

ആശുപത്രിയും ചെത്തിപ്പുഴ സർഗക്ഷേത്ര വിമൻസ് ഫോറവും സംയുക്തമായി ഫെബ്രുവരി 24 മുതൽ മാർച്ച് ഏഴുവരെയുള്ള തീയതികളിൽ സൗജന്യ ക്യാൻസർ നിർണയ ക്യാംപ് സംഘടിപ്പിച്ചു. അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിൽ ക്യാംപ് ഉദ്ഘാടനം ചെയ്തു. 'കരുതൽ 2025' എന്ന പദ്ധതിയുടെ ഭാഗമായുള്ള ക്യാംപിൽ രജിസ്റ്റർ ചെയ്ത 300 പേർക്കു മാമ്മോഗ്രാം-പാപ്പ് സ്മിയർ പരിശോധനകൾ സൗജന്യമായിരുന്നു. പ്രൊഫ. ഡോ. ജേക്കബ് കുര്യൻ, ഡോ. ബ്ലെസി ജോൺസ് എന്നിവർ ക്യാംപിനു നേതൃത്വം നൽകി.

**ചുമതലയേറ്റു**

കൺസൾട്ടന്റ് ഗ്യാസ്ട്രോഎന്ററോളജിസ്റ്റായി ഡോ. നിത്യ വി. ചുമതലയേറ്റു.

**ഫാ. ജയിംസ് പി. കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടർമാർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

**വനിതാദിനാഘോഷം**

മാർച്ച് എട്ടിന് അന്താരാഷ്ട്രവനിതാദിനത്തോടനുബന്ധിച്ച് ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ വനിതാജീവനക്കാർക്കു പൊന്നാട, മെമെന്റോ, നിത്യോപയോഗത്തിനുള്ള ഗ്ലൗസ്, ക്യാപ്പ്, വൃക്ഷത്തൈ എന്നിവ നൽകി ആദരിച്ചു. എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, അസ്സി. എക്സി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ എന്നിവർ ആദരിക്കലിനും ഇൻ-ചാർജുമാർ, മറ്റു സ്റ്റാഫ് എന്നിവർ പരിപാടികൾക്കും നേതൃത്വം നൽകി.

അന്നേദിവസം പുന്നപ്ര പ്രത്യാശ മരിയധാം സൈക്കോ-സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററിൽ 'ആഘോഷരാവ്' എന്ന പരിപാടിയും നടത്തപ്പെട്ടു. എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ വനിതാദിനത്തിന്റെ സന്ദേശം നൽകി. അസ്സി. എക്സി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ, ഇൻ-ചാർജുമാർ, മറ്റു സ്റ്റാഫ് എന്നിവരുടെ സാന്നിധ്യത്തിൽ കേക്ക് മുറിച്ച് ആഘോഷങ്ങൾക്കു തുടക്കമിട്ടു. സ്റ്റാഫിന്റെ കലാപരിപാടികൾ ഇതിന്റെ ഭാഗമായിരുന്നു.

**ലോകപുകവലിവിരുദ്ധദിനാചരണം**

ലോകപുകവലിവിരുദ്ധദിനത്തോടനുബന്ധിച്ചു *പുകവലി ഉപേക്ഷിക്കേണ്ടതിന്റെ ആവശ്യകത* എന്ന വിഷയത്തെ ആസ്പദമാക്കി മാർച്ച് 12നു ജനറൽ മെഡിസിൻ വിഭാഗത്തിലെ ഡോ. ഗോവിന്ദ് എസ്. അന്നേദിവസം ആശുപത്രിയിലെത്തിച്ചേർന്നവർക്കായി ബോധവത്കരണ സെമിനാർ നയിച്ചു. ക്ലിനിക്കൽ ആൻഡ് നോൺ ക്ലിനിക്കൽ സ്റ്റാഫും രോഗികളും സെമിനാറിൽ പങ്കെടുത്തു.

**ലോക ഗ്ലോക്കോമ ദിനാചരണം**

ലോക ഗ്ലോക്കോമ ദിനത്തോടനുബന്ധിച്ച് 'ഗ്ലോക്കോമ രഹിത ലോകത്തിനായി ഒന്നിച്ചുകൈകോർക്കുക' എന്ന ആശയത്തെ ആസ്പദമാക്കി മാർച്ച് 12നു നേത്രവിഭാഗത്തിന്റെ മേധാവി ഡോ. അനിൽ ദത്ത് ആശുപത്രിയിലെത്തിച്ചേർന്നവർക്കായി ബോധവത്കരണ സെമിനാർ നയിച്ചു. ക്ലിനിക്കൽ ആൻഡ് നോൺ ക്ലിനിക്കൽ സ്റ്റാഫും രോഗികളും അവരുടെ കൂട്ടിരിപ്പുകാരും സെമിനാറിൽ പങ്കെടുത്തു. ബോധവത്കരണത്തിനുള്ള പോസ്റ്റർ പ്രദർശിപ്പിക്കുകയും ചെയ്തു.

**ലാബ് ടെക്നിഷൻ ദിനാഘോഷം**

മാർച്ച് 13നു ലാബ് ടെക്നിഷൻ ദിനാഘോഷം നടത്തപ്പെട്ടു. എല്ലാ ലാബ് ടെക്നിഷൻ സ്റ്റാഫിനെയും എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ ആദരിച്ചു. ഇൻ-ചാർജുമാർ, മറ്റു സ്റ്റാഫ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

**ലോക കിഡ്നി ദിനാചരണം**

മാർച്ച് 13നു നെഫ്രോളജി- ഡയാലിസിസ് യൂണിറ്റ് എന്നീ വിഭാഗങ്ങളുടെ നേതൃത്വത്തിൽ ലോക കിഡ്നി ദിനാചരണം നടത്തപ്പെട്ടു. വൃക്കരോഗികളു

ടെയും അവരുടെ കുടുംബാംഗങ്ങളുടെയും സ്നേഹസംഗമം ഇതിന്റെ ഭാഗമായിരുന്നു. എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, നെഫ്രോളജി വിഭാഗം മേധാവി ഡോ. വിനോദ് ചന്ദ്രൻ, ഇൻ-ചാർജുമാർ, മറ്റു സ്റ്റാഫ് എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി. ഈ സ്നേഹസംഗമത്തിൽ ആലപ്പുഴ ജോയി ആലുക്കാസ് ഗ്രൂപ്പിന്റെ സഹകരണത്തോടെ സൗജന്യ ഡയലൈസർ കിറ്റുകൾ വിതരണം ചെയ്തു.

**ആശീർവാദകർമം: നവീകരിച്ച അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്ക്**

അത്യാധുനികസൗകര്യങ്ങളോടുകൂടെ നവീകരിച്ച അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്കിന്റെ ആശീർവാദകർമം മാർച്ച് 17ന് എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ നിർവഹിച്ചു. അസ്സി. എക്സി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ, ഇൻ-ചാർജുമാർ, മറ്റു സ്റ്റാഫ് എന്നിവർ ഇതിൽ പങ്കുചേർന്നു. നവീകരിച്ച അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്കിൽ ഇൻഷുറൻസ്, ഐ.പി. ബില്ലിങ്, ഇ.സി.എച്ച്.എസ്. എന്നീ വിഭാഗങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
*(അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് ഡയറക്ടർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

---

➤➤➤ *ക്രിസ്സ് തുടർച്ച...*

അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി സംഗമം ഉദ്ഘാടനം ചെയ്തു. മാതൃവേദി പുളിങ്കുന്ന് ഫൊറോനാ പ്രസിഡന്റ് ബീന ജോസഫ് കൊച്ചുകല്ലാത്ത് വനിതാദിനസന്ദേശം നൽകി. അസ്സി. ഡയറക്ടർ ഫാ. ജോസഫ് പള്ളിച്ചിറയിൽ അനുഗ്രഹപ്രഭാഷണം നടത്തി. ഇൻഫാം സെക്രട്ടറി റ്റോം ജോസഫ് ചമ്പക്കുളം ആശംസ നേർന്നു.

'സ്ത്രീശക്തീകരണം', 'വനിതകളും വ്യവസായസംരംഭങ്ങളും' എന്നീ വിഷയങ്ങളിൽ യഥാക്രമം കത്തോലിക്കാകോൺഗ്രസിന്റെ അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ, ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിന്റെ വൈസ് പ്രിൻസിപ്പൽ പ്രൊഫ. റാണി മരിയ തോമസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. കുട്ടനാട്ടിലെ ചമ്പക്കുളം, എടത്വാ, പുളിങ്കുന്ന്, ആലപ്പുഴ, മുഹമ്മ ഫൊറോനകളിൽനിന്നു നൂറ്റിയിരുപത്തിയഞ്ചോളം വനിതകൾ സംഗമത്തിൽ പങ്കെടുത്തു.

# പ്രവാസി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹമുള്ള പ്രവാസിസഹോദരങ്ങളേ,

ഏവർക്കും ഉയിർപ്പുതിരുനാളിന്റെ പ്രാർഥനാമംഗളങ്ങൾ ആശംസിക്കുന്നു. ഉത്ഥിതനായ മ്ശിഹായുടെ സ്മരണയിൽ ഈസ്റ്റർ ആഘോഷിക്കാം.

മാർ യൗസേപ്പിതാവിന്റെ മരണതിരുനാളിനോടനുബന്ധിച്ച് അതിരൂപതയുടെ മുൻ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം, ഡയറക്ടർ, ജോസഫ് നാമധാരികളായ പ്രവാസികൾ എന്നിവർക്കു നാമഹേതുകതിരുനാളിന്റെ ആശംസ കളറിയിച്ചു.

മാർച്ച് 29ന് ഓൺലൈൻ പ്ലാറ്റ്ഫോമിൽ ഫാ. മാത്യു വയലാമണ്ണിൽ സി.എസ്.റ്റി. നയിച്ച ജൂബിലി വർഷ പ്രവാസി ഏകദിന ബൈബിൾ കൺവെൻഷനിൽ പ്രവാസി കൾ പങ്കെടുത്തു.

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷത്തിന്റെ ഭാഗ മായി പ്രവാസികളെയും മടങ്ങിയെത്തിയ പ്രവാസികളെയും കോർത്തിണക്കി **ഏപ്രിൽ 1-30** തീയതികളിൽ അഖണ്ഡ ബൈബിൾ പാരായണം നടത്തപ്പെടുന്ന താണ്.

നമ്മുടെ പത്താം വാർഷികത്തോടനുബന്ധിച്ചു കമ്മിറ്റികളുടെ മീറ്റിങ്ങുകൾ മാർച്ച് 1, 8, 9, 11, 16, 21, 22, 25, 30 എന്നീ തീയതികളിൽ നടത്തപ്പെട്ടു. മാർച്ച് 17നു കുവൈറ്റ് ചാപ്റ്ററിന്റെ ഫാമിലി മീറ്റും എക്സിക്യൂട്ടിവ് മീറ്റിങ്ങും നടത്ത പ്പെട്ടു. എട്ടോളം പുതിയ കുടുംബങ്ങൾ ഇതിൽ പങ്കെടുത്തു.

മാർച്ച് 18നു യു.എ.ഇ. ചാപ്റ്ററിന്റെ എക്സിക്യൂട്ടിവ് മീറ്റിങ് നടത്തപ്പെട്ടു. ബഹറൈനിൽനിന്നുള്ള യാത്രാമധ്യേ തെറ്റായവിവരങ്ങളുടെ അടിസ്ഥാനത്തിൽ അബുദാബി എയർപോർട്ടിൽ പോലീസ് കസ്റ്റഡിയിയിലാകുകയും തടങ്കലിൽ കഴിയുകയും ചെയ്ത തകഴി സ്വദേശിയായ യുവാവിനെ എങ്ങനെ മോചിപ്പിക്കാൻ സാധിക്കുമെന്നു കമ്മിറ്റി ചർച്ച ചെയ്യുകയും അതിനാവശ്യമായ നിയമനടപടികൾ ചെയ്തുവരുകയാണെന്നും ഈ മിഷന്റെ ഉത്തരവാദിത്വം ലഭിച്ചിരുന്നവർ എക്സിക്യൂട്ടിവ് മീറ്റിങ്ങിൽ അറിയിച്ചു. മാർച്ച് 20ന് ഈ സഹോദരനെ നാട്ടി ലെത്തിക്കാൻ സാധിച്ചു. ഈ പരിശ്രമത്തിൽ ഞങ്ങളോടൊപ്പമുണ്ടായിരുന്ന ഫാ. പോൾ വേങ്ങാശ്ശേരി, ഗ്ലോബൽ കോഡിനേറ്റർ, യു.എ.ഇ. ചാപ്റ്റർ എക്സി ക്യൂട്ടിവ് കമ്മിറ്റി അംഗങ്ങൾ, കോഡിനേറ്റർമാർ എന്നിവർക്കു നന്ദിയറിയിക്കുന്നു.

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(ഡയറക്ടർ)*

**NB: ഓഫീസ് സമയം- രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ- 9207470117/ 8089920614 (NORKA HELP DESK)**

# കത്തോലിക്കാകോൺഗ്രസ്
# (AKCC)

**'കർഷകർ അടിമകളല്ല': മാർ ജോസഫ് പെരുന്തോട്ടം**

കർഷകർ അടിമകളല്ല ഈ നാടിന്റെ ഉടമകളാണെന്നും കർഷകരോടുള്ള സമീപനത്തിൽ മാറ്റം വരുത്താൻ സർക്കാർ തയ്യാറാകണമെന്നും കോടിക്കണക്കിന് ആളുകൾ പട്ടിണി കിടക്കുന്ന നമ്മുടെ രാജ്യത്തു കർഷകൻ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾക്കു യോഗ്യമായ വില നൽകാത്തത് അപമാനകരമാണെന്നും അതിരൂപതയുടെ മുൻ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം പ്രസ്താവിച്ചു.

കാർഷികമേഖലയിലെ അനിശ്ചിതത്വം അവസാനിപ്പിക്കണമെങ്കിൽ പുതിയ തലമുറ ഈ മേഖലയിലേക്കു കടന്നുവരണമെന്നും അതിനു സാധിക്കണമെങ്കിൽ മികച്ച പ്രതിഫലം ഈ മേഖലയിൽനിന്നു ലഭ്യമാകണമെന്നും സർക്കാരുകളുടെ സജീവമായ ഇടപെടലുകൾ ഈ രംഗത്ത് അനിവാര്യമാണെന്നും ഇടനിലക്കാരെ ഒഴിവാക്കി നേരിട്ടു കർഷകരിലേക്കു പ്രതിഫലമെത്തിക്കുന്ന രീതിയിൽ കാര്യങ്ങൾ മാറ്റപ്പെടേണ്ടിയിരിക്കുന്നു എന്നും കൃഷി ഉപജീവനമാക്കി മാറ്റിയിരിക്കുന്ന പൊതുസമൂഹത്തിനു താങ്ങും തണലുമായി മാറേണ്ടതു സർക്കാരുകളുടെ ഉത്തരവാദിത്വവും കടമയുമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കത്തോലിക്കാ കോൺഗ്രസ് അതിരൂപതാസമിതിയും ക്രിസ്സ്-ഇൻഫാമും സംയുക്തമായി മാർച്ച് 15നു രാമങ്കരിയിൽ സംഘടിച്ച പ്രതിഷേധസായാഹ്നസദസ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കൊയ്ത്ത്-മെതിയന്ത്രങ്ങൾ യഥാസമയം ലഭ്യമാക്കുക, കൊയ്തെടുത്ത നെല്ല് കൃത്യസമയത്തു ശേഖരിക്കുക, ഏജന്റുമാരുടെ അനാവശ്യമായ ഇടപെടലുകൾ ഒഴിവാക്കുക, ശേഖരിച്ച നെല്ലിന്റെ പണം ഒരാഴ്ചക്കുള്ളിൽ കർഷകരുടെ അക്കൗണ്ടുകളിൽ എത്തിക്കുക, താങ്ങുവില നാല്പതുരൂപയായി വർധിപ്പിക്കുക, ചെലവുകൾക്ക് ആനുപാതികമായി ഹാൻഡിലിങ് ചാർജ് ഉയർത്തുക എന്നീ ആവശ്യങ്ങളുന്നയിച്ചു നടത്തപ്പെട്ട ഈ പരിപാടിയിൽ അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ അധ്യക്ഷനായിരുന്നു.

അതിരൂപതയുടെ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട്, ക്രിസ്സ്-ഇൻഫാം ഡയറക്ടർ ഫാ. തോമസ് താന്നിയത്ത്, ജോയിന്റ് ഡയറക്ടർ ഫാ. ജോസഫ് പള്ളിച്ചിറയിൽ, ഫാ. ഫിലിപ്പ് വൈക്കത്തുകാരൻവീട്ടിൽ, ഫാ. റ്റോം പുത്തൻകളം, ഫാ. ജോസഫ് ചൂളപ്പറമ്പിൽ, ഫാ. ജോസഫ് കട്ടപ്പുറം, ഫാ. ജോസഫ് കുറിയന്നൂർപറമ്പിൽ, അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, അതിരൂപതാ വൈസ് പ്രസിഡന്റുമാരായ സി. റ്റി. തോമസ്, ജോർജുകുട്ടി മുക്കത്ത്, റോസിലിൻ കെ. കുരുവിള, അതിരൂപതാ ഓഫീസ് ചാർജ് സെക്രട്ടറി ജിനോ ജോസഫ് കളത്തിൽ, പ്രോഗ്രാം കൺവീനർമാരായ ചാക്കപ്പൻ ആന്റണി, ജോസി ഡൊമിനിക്, സെക്രട്ടറിമാരായ കുഞ്ഞ് കളപ്പുര, സെബാസ്റ്റ്യൻ വർഗീസ്, പി. സി. കുഞ്ഞപ്പൻ, ജെസി ആന്റണി, സിസി

അമ്പാട്ട്, അഡ്വ. പി. പി. ജോസഫ്, സണ്ണിച്ചൻ കൊടുപ്പുന്ന, മാത്തുക്കുട്ടി കഞ്ഞിക്കര, സോണിച്ചൻ ആന്റണി, തോമസ് ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു. ബാബു വള്ളപ്പുര, ലിസി ജോസ്, എബിൻ അലക്സാണ്ടർ, മിനി പാലത്തിങ്കൽ, നൈനാൻ തോമസ്, ജോജൻ സെബാസ്റ്റ്യൻ, ആന്റപ്പൻ മുട്ടേൽ, സൈനോ തോമസ് എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

**ജെ. ബി. കോശി കമ്മിഷൻ റിപ്പോർട്ടിൽ സർക്കാർ കൃത്യതയോടെ ഇടപെടണം**

ജെ. ബി. കോശി കമ്മിഷൻ റിപ്പോർട്ടിലെ നിർദേശങ്ങൾ ഉടൻ പരിഗണിക്കുമെന്നും വകുപ്പുകൾക്കു നടപ്പാക്കാൻ കഴിയുന്നതും ഇനി നടപ്പാക്കാത്തതുമായ കാര്യങ്ങൾ ഉടൻ നടപ്പാക്കണമെന്നുമുള്ള ഫെബ്രുവരി 17നു മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട അവലോകനയോഗത്തിലെ നിർദേശങ്ങൾ സ്വാഗതാർഹമാണെങ്കിലും ഇതുവരെ നടപ്പാക്കിയ നിർദേശങ്ങൾ എന്തൊക്കെയാണെന്നും നടപടിക്രമങ്ങളിലെ പുരോഗതിയെന്തെന്നു വ്യക്തമാക്കണമെന്നും കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതി ആവശ്യപ്പെട്ടു

ക്രൈസ്തവസഭയെ സംബന്ധിച്ച ഒരു കമ്മിഷൻ റിപ്പോർട്ട് എന്ന നിലയിൽ ഇതു പുറത്തുവിടാനും സഭാധികാരികളുമായി ചർച്ച ചെയ്തു യോഗ്യമായി നടപ്പാക്കാനുമാണു സർക്കാർ നടപടികൾ സ്വീകരിക്കേണ്ടതെന്നു യോഗം മുന്നറിയിപ്പു നൽകി. ഇതുസംബന്ധിച്ച അവലോകനയോഗങ്ങളിലും ചർച്ചകളിലും ക്രൈസ്തവസഭയുടെ പ്രതിനിധികളെ ഉൾപ്പെടുത്താൻ സർക്കാർ തയ്യാറാകണമെന്നും നാളേറെയായിട്ടും ഈ കമ്മിഷനെ സംബന്ധിച്ച റിപ്പോർട്ടുകൾ പുറത്തുവിടാത്തത് ആശങ്കാജനകമാണെന്നും ഒരു സമുദായത്തിന്റെ വളർച്ചയ്ക്കും നിലനിൽപ്പിനും അനിവാര്യമായ നിർദേശങ്ങളുൾക്കൊള്ളുന്ന ഈ കമ്മിഷൻ റിപ്പോർട്ട് ഉടൻ പുറത്തുവിടണമെന്നും നടപ്പാക്കാൻ കഴിയുന്നവ ഉടൻ നടപ്പാക്കണമെന്നും യോഗം ആവശ്യപ്പെട്ടു. കമ്മിഷൻ റിപ്പോർട്ട് പരിഗണിച്ചു നടപ്പാക്കുമെന്നു പറയുമ്പോഴും റിപ്പോർട്ടിലെ നിർദേശങ്ങൾ ക്രൈസ്തവസഭാനേതൃത്വം, സമുദായസംഘടനകൾ എന്നിവയുമായി ചർച്ച ചെയ്തു നടപ്പാക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കാത്തതു ദുരൂഹതയാണെന്നും യോഗം വിലയിരുത്തി

കർഷകരക്ഷാനസ്രാണിമുന്നേറ്റത്തിന്റെ അവലോകനത്തിനായി ഫെബ്രുവരി 19ന് അതിരൂപതാകേന്ദ്രത്തിലെ സന്ദേശനിലയത്തിന്റെ ഹാളിൽ നടത്തപ്പെട്ട അതിരൂപതാ എക്സിക്യൂട്ടിവ് കമ്മിറ്റിയംഗങ്ങൾ, ഫൊറോനാ പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറിമാർ എന്നിവരുടെ സംയുക്തയോഗത്തിലാണ് ഈ ആവശ്യം ഉന്നയിച്ചത്.

അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിലിന്റെ അധ്യക്ഷതയിലുള്ള യോഗം അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ഉദ്ഘാടനം ചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, കർഷകരക്ഷാനസ്രാണിമുന്നേറ്റത്തിന്റെ ജനറൽ കൺവീനർ

ജിനോ ജോസഫ് കളത്തിൽ, അതിരൂപതാ വൈസ് പ്രസിഡന്റുമാരായ സി. റ്റി. തോമസ്, ജോർജുകുട്ടി മുക്കത്ത്, ഷിജി ജോൺസൺ, റോസിലിൻ കെ. കുരുവിള, ഗ്ലോബൽ വൈസ് പ്രസിഡന്റ് രാജേഷ് ജോൺ നന്തികാട്ട്, മീഡിയ കൗൺസിൽ ഗ്ലോബൽ ജനറൽ കോഡിനേറ്റർ അഡ്വ. മനു ജെ. വരാപ്പള്ളി, ഭാരവാഹികളായ സെബാസ്റ്റ്യൻ വർഗീസ്, കുഞ്ഞ് കളപ്പുര, സേവ്യർ തോമസ് കൊണ്ടോടി, സെബാസ്റ്റ്യൻ പുല്ലാട്ടുകാല, ചാക്കപ്പൻ ആന്റണി, സിസി അമ്പാട്ട്, ജെസി ആന്റണി, ജോർജ് കുര്യൻ, ജോസി ഡൊമിനിക്, സിനി പ്രിൻസ് എന്നിവർ പ്രസംഗിച്ചു.

**കത്തോലിക്കാകോൺഗ്രസ് ഗ്ലോബൽ അവകാശപ്രഖ്യാപനനേതൃസമ്മേളനം**

കത്തോലിക്കാകോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ മാർച്ച് ഒന്നിനു കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടത്തപ്പെട്ട ഗ്ലോബൽ അവകാശ പ്രഖ്യാപനനേതൃസമ്മേളനത്തിൽ കത്തോലിക്കാകോൺഗ്രസിന്റെ അതിരൂപതാ സമിതിപ്രതിനിധികൾ പങ്കെടുത്തു.

**ഭാരവാഹികളുടെ സമ്മേളനം**

കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതിയുടെ 2023-2027 വർഷത്തെ ഭാരവാഹികളുടെ സമ്മേളനം മാർച്ച് 11ന് അതിരൂപതാകേന്ദ്രത്തിലെ മാർതോമാ വിദ്യാനികേതന്റെ ഹാളിൽ നടത്തപ്പെട്ടു. സംഘടനയുടെ ഭാവിപ്രവർത്തനങ്ങൾ, തുടർപരിപാടികൾ എന്നിവ വിലയിരുത്തി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു.

**മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തായുടെ രണ്ടാം ചരമവാർഷികം**

അതിരൂപതയുടെ മുൻമേലധ്യക്ഷനായിരുന്ന മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തായുടെ രണ്ടാം ചരമവാർഷികദിനമായ മാർച്ച് 18ന് അതിരൂപതാ ഭാരവാഹികൾ കബറിടത്തിലെത്തി അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാലയുടെ നേതൃത്വത്തിലുള്ള ഒപ്പീസിൽ പങ്കെടുത്തു.

**കർദിനാൾ മാർ ആന്റണി പടിയറ-മാർ ജോസഫ് പവ്വത്തിൽ അനുസ്മരണം**

അതിരൂപതയുടെ മുൻമേലധ്യക്ഷന്മാരായിരുന്ന കർദിനാൾ മാർ ആന്റണി പടിയറ, മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്താ എന്നിവരുടെ 25, 2 ചരമ വാർഷികങ്ങൾ ആചരിക്കുന്നതിന്റെ ഭാഗമായി മാർച്ച് 23ന് അതിരൂപതാകേന്ദ്ര ത്തിലെ സന്ദേശനിലയത്തിന്റെ ഹാളിൽ അനുസ്മരണപരിപാടികൾ നടത്തപ്പെട്ടു.

**തുടർപരിപാടികൾ**

* വനിതാ കൗൺസിൽ സംഗമം: **ഏപ്രിൽ 6** (ഉച്ചകഴിഞ്ഞ് 3- സന്ദേശനിലയം ഹാളിൽ)
* എക്സലെൻഷ്യ സീസൺ ത്രീ: മാർ ജോസഫ് പവ്വത്തിൽ സ്മാരക ഹെറിറ്റേജ് ക്വിസ്

  യൂണിറ്റ് തലം - **ഏപ്രിൽ 10**; മേഖലാതലം - **ഏപ്രിൽ 27**; അതിരൂപതാതലം - **മെയ് 10**

**മെറിറ്റ് അവാർഡ്**

എസ്.എസ്.എൽ.സി, +2 പരീക്ഷകളിൽ ഉന്നതവിജയം നേടുന്ന വിദ്യാർഥികളെ ആദരിക്കുന്ന മെറിറ്റ് അവാർഡ് **ജൂൺ ഒന്നിനു** ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിൽ നടത്തപ്പെടുന്നതാണ്.

**കരുവള്ളിക്കാട് തീർഥാടനം**

കത്തോലിക്കാകോൺഗ്രസ് അതിരൂപതാഭാരവാഹികളുടെ നേതൃത്വത്തിൽ **ഏപ്രിൽ നാലിനു** കരുവള്ളിക്കാട് തീർഥാടനം നടത്തപ്പെടുന്നതാണ്.

**കത്തോലിക്കാകോൺഗ്രസ് ജന്മദിനാഘോഷം**

കത്തോലിക്കാകോൺഗ്രസിന്റെ 107-ാമതു ജന്മദിനാഘോഷം അഞ്ചു പാസ്റ്ററൽ റീജനുകൾ കേന്ദ്രീകരിച്ചു മേഖലാതലസമ്മേളനങ്ങളായി ഏപ്രിൽ മാസം നടത്തപ്പെടുന്നതാണ്.

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

# കേരള ലേബർ മൂവുമെന്റ് (KLM)

### ഫീൽഡേ 2025

കെ.എൽ.എം.ന്റെ നേതൃത്വത്തിലുള്ള കായികമേള 'ഫീൽഡേ 2025' എന്ന പേരിൽ ഫെബ്രുവരി 23നു ചങ്ങനാശ്ശേരി സെന്റ് ബർക്ക്മൻസ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഗ്രൗണ്ടിൽ നടത്തപ്പെട്ടു. വ്യക്തിഗതമായ കായികമത്സരങ്ങളോടൊപ്പം 22 റ്റീമുകൾ പങ്കെടുത്ത വടംവലിമത്സരവും ഇതിന്റെ ഭാഗമായിരുന്നു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളത്തിന്റെ അധ്യക്ഷതയിലുള്ള ഉദ്ഘാടനസമ്മേളനത്തിൽ നാഷണൽ ഗോൾഡ് മെഡൽ നീന്തൽതാരം ബിജോമോൻ പഴയമഠം ദീപശിഖ തെളിയിച്ചു. ചങ്ങനാശ്ശേരി സർക്കിൾ ഇൻസ്പെക്ടർ വിനോദ് കുമാർ ബി. കായികമത്സരങ്ങൾ ഫ്ളാഗ് ഓഫ് ചെയ്തു.

അതിരൂപതയുടെ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് വടംവലിമത്സരം ഉദ്ഘാടനം ചെയ്തു. സ്കൂളിന്റെ മാനേജർ ഫാ. ജേക്കബ് ചെത്തിപ്പുഴ സമ്മാനദാനം നിർവഹിച്ചു. ഓവറോൾ ചാമ്പ്യൻഷിപ്പ് എടത്വാ യൂണിറ്റും ഫസ്റ്റ് റണ്ണർ അപ്പ് വെട്ടിമുകൾ യൂണിറ്റും പുരുഷന്മാരുടെ വടംവലിമത്സരത്തിൽ ഒന്നാം സ്ഥാനം വെട്ടിമുകൾ യൂണിറ്റും രണ്ടാം സ്ഥാനം നാലുകോടി യൂണിറ്റും സ്ത്രീകളുടെ വടംവലിമത്സരത്തിൽ എടത്വാ യൂണിറ്റ് ഒന്നാം സ്ഥാനവും പാറേൽ യൂണിറ്റ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

വ്യക്തിഗതമത്സരത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കിയ പുരുഷന്മാരുടെ വിഭാഗത്തിൽ വെളിയനാട് യൂണിറ്റിലെ ബിനോയ് ബി., വെട്ടിമുകൾ യൂണിറ്റിലെ ബോണി റ്റോം, വനിതാവിഭാഗത്തിൽ ഇരവുചിറ യൂണിറ്റിലെ മറിയാമ്മ ചാക്കോ എന്നിവർ 'ഫീൽഡേ സ്റ്റാർ' പുരസ്കാരങ്ങൾ നേടി. ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., കൺവീനർ ജെയ്സ് ജേക്കബ്, ഷാജി കോര, ലാലി ബോബൻ, ഷൈജു തോമസ് എന്നിവർ ക്രമീകരണങ്ങൾക്കു നേതൃത്വം നൽകി.

### പൽഹൂസാ നേതൃത്വ കൺവെൻഷൻ

**കോട്ടയം:** കെ.എൽ.എം. കോട്ടയം ഫൊറോനയുടെ ആഭിമുഖ്യത്തിൽ മാർച്ച് രണ്ടിനു കൂരോപ്പട മാർ സ്ലീവാ പള്ളിയുടെ ഹാളിൽ പൽഹൂസാ നേതൃത്വ കൺവെൻഷൻ നടത്തപ്പെട്ടു. കൂരോപ്പട പള്ളിയുടെ വികാരി ഫാ. ബനഡിക്റ്റ് മാളേക്കൽ സി.എം.ഐ. കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ഫൊറോനാ കോഡിനേറ്റർ റ്റോമി തോമസ് മേക്കാട്ട്, ഫൊറോനാ സെക്രട്ടറി വിന്നി ബെന്നി, ഫൊറോനാ ട്രെഷറർ ബിനു മാത്യു എന്നിവർ പ്രസംഗിച്ചു. അതതു യൂണിറ്റ് സെക്രട്ടറിമാർ യൂണിറ്റുകളിലെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. കെ. ഡി. ചാക്കോ, ഷാജി കോര എന്നിവർ നവീനസംരംഭകത്വസാധ്യതകളെപ്പറ്റി ക്ലാസ്സുകളെടുത്തു.

**നെടുങ്കുന്നം:** കെ.എൽ.എം. നെടുങ്കുന്നം ഫൊറോനയുടെ ആഭിമുഖ്യത്തിൽ മാർച്ച് 16നു കൂത്രപ്പള്ളി സെന്റ് മേരീസ് പള്ളിയുടെ ഹാളിൽ പൽഹൂസാ നേതൃത്വ കൺവെൻഷൻ നടത്തപ്പെട്ടു. കൂത്രപ്പള്ളി പള്ളിയുടെ വികാരി ഫാ. തോമസ് മംഗലത്ത് കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തി. ഫൊറോനാ കോഡിനേറ്റർ പി. എം. ജോസഫ് സ്വാഗതമാശംസിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ജോയിന്റ് സെക്രട്ടറി ലാലി ബോബൻ, ഫൊറോനാ സെക്രട്ടറി ബീന സെബാസ്റ്റ്യൻ, യൂണിറ്റ് കോഡിനേറ്റർ റ്റി. എം. ജോർജ് എന്നിവർ പ്രസംഗിച്ചു. അതതു യൂണിറ്റ് സെക്രട്ടറിമാർ യൂണിറ്റുകളിലെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. കെ. ഡി. ചാക്കോ, ഷാജി കോര എന്നിവർ നവീന സംരംഭകത്വസാധ്യതകളെപ്പറ്റി ക്ലാസ്സുകളെടുത്തു.

**വനിതാദിനാഘോഷം**

കെ.എൽ.എം.ന്റെ ആഭിമുഖ്യത്തിൽ മാർച്ച് ഒമ്പതിനു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ അന്താരാഷ്ട്രവനിതാദിനാഘോഷം നടത്തപ്പെട്ടു. സ്ത്രീശക്തിയുടെ അപരിമേയമായ കഴിവുകൾ ഇനിയും സമൂഹത്തിൽ വെളിവാക്കപ്പെടണമെന്നു സമ്മേളനം ഉദ്ഘാടനം ചെയ്ത കോട്ടയം നഗരസഭാ ചെയർപേഴ്സൺ ബിൻസി സെബാസ്റ്റ്യൻ പ്രസ്താവിച്ചു. അതിരൂപതാ ജോയിന്റ് സെക്രട്ടറി ലാലി ബോബന്റെ അധ്യക്ഷതയിലുള്ള പൊതുസമ്മേളനത്തിൽ അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് അനുഗ്രഹപ്രഭാഷണം നടത്തി.

അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, മെത്രാപ്പോലീത്തൻ പള്ളിയുടെ വികാരി ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ജോയിന്റ് സെക്രട്ടറി ഷാജി കോര, റെനി കുര്യാക്കോസ്, ലീന ജോഷി, മാർട്ടിൻ ആന്റണി എന്നിവർ പ്രസംഗിച്ചു. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിന്റെ വൈസ് പ്രിൻസിപ്പൽ ഡോ. റാണി മരിയ തോമസ് വനിതകൾക്കുള്ള നവീനസംരംഭകത്വസാധ്യതകളെപ്പറ്റി ക്ലാസ്സെടുത്തു.

മികച്ച കർഷക കുറുമ്പനാടം യൂണിറ്റിലെ ലിജി ജിജോ, ഏറ്റവും കൂടുതൽ മക്കളുള്ള കെ.എൽ.എം. വനിതാംഗം നാലുകോടി യൂണിറ്റിലെ റോസമ്മ കുര്യാക്കോസ്, യൂണിറ്റുകളിലെ കെ.എൽ.എം. വനിതാജനപ്രതിനിധികൾ എന്നിവരെ പ്രത്യേകം ആദരിച്ചു. യൂണിറ്റുകൾ കലാപരിപാടികൾ അവതരിപ്പിച്ചു. യൂണിറ്റുകളിലെ വനിതാപ്രവർത്തകർ സമ്മേളനത്തിൽ പങ്കെടുത്തു. റോസമ്മ കെ. റ്റി., ബീന സെബാസ്റ്റ്യൻ എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

**വനിതാദിനത്തിൽ നവസംരംഭവുമായി എടത്വാ വനിതാ യൂണിറ്റ്**

അന്താരാഷ്ട്രവനിതാദിനമായ മാർച്ച് എട്ടിന് എടത്വാ സെന്റ് ജോർജ് ഫൊറോനാ ഇടവകയിലെ കെ.എൽ.എം. സെന്റ് അൽഫോൻസാ എസ്.എച്ച്.ജി. 'പുണ്യാളൻ കാൻഡിൽസ്' എന്ന പേരിൽ മെഴുകുതിരിനിർമാണ യൂണിറ്റ് ആരംഭിച്ചു. എടത്വാ ഫൊറോനാപ്പള്ളിയുടെ വികാരി ഫാ. ഫിലിപ്പ് വൈക്കത്തുകാരൻവീട്ടിൽ യൂണിറ്റ് വെഞ്ചരിച്ചു.

**'തച്ചൻ എന്റെ അഭിമാനം'- ജൂബിലി തൊഴിൽപ്രോത്സാഹനമാസാചരണം**

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലിയോടനുബന്ധിച്ചു മാർച്ച്, തൊഴിൽപ്രോത്സാഹനമാസമായി ആചരിച്ചു.

**കെ.എൽ.എം. അംഗത്വമാസാചരണം**

നവീനതൊഴിൽസംരംഭകത്വസാധ്യതകളെ പരിചയപ്പെടുത്തിക്കൊണ്ടുള്ള സെമിനാർ ഇടവകയിൽ സംഘടിപ്പിക്കുക, കേന്ദ്ര-സംസ്ഥാനസർക്കാരുകൾ വിഭാവനം ചെയ്യുന്ന സംരംഭകത്വസാധ്യതകളും മൈക്രോ സ്മോൾ ആൻഡ് മീഡിയം എന്റർപ്രൈസസ് സെക്ടറിനായുള്ള പ്രത്യേകപദ്ധതികളും പരിചയപ്പെടുത്തുക, ഇടവകയിൽ ജോലി ചെയ്യുന്നവരെ (ഉദാ: കപ്യാർ) ആദരിക്കുക, ഇടവകാംഗങ്ങളായവരുടെ തൊഴിൽസ്ഥാപനങ്ങളിൽ അർഹരായ നമ്മുടെ ഇടവകയിലെ യുവജനങ്ങൾക്കും മറ്റുള്ളവർക്കും ജോലി ലഭിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുക, ആവശ്യമായിടത്ത് അതിരൂപത മുഴുവനും തൊഴിൽസാധ്യത അറിയിക്കേണ്ടതുണ്ടെങ്കിൽ കെ.എൽ.എം. ഓഫീസിൽ അറിയിക്കുക. മാർച്ച് 26ലെ പാതിനോമ്പു പ്രാർഥനാദിനമായി ആചരിക്കുക.

കെ.എൽ.എം. അതിരൂപതാ ഓഫീസിൽനിന്നും നൽകപ്പെട്ട ഈ നിർദേശങ്ങളോടുചേർന്നു യൂണിറ്റുകളിൽ തൊഴിൽപ്രോത്സാഹനമാസാചരണത്തിന്റെ കർമപരിപാടികൾ നടത്തപ്പെട്ടു.

**സ്നേഹസ്പർശം**

കിടങ്ങറ സ്നേഹതീരം പോപ്പ് ജോൺ 23 റീഹാബിലിറ്റേഷൻ സെന്ററിൽ മാർച്ച് രണ്ടിനു ചീരഞ്ചിറ സെന്റ് ജോർജ് പള്ളിയുടെ വികാരി ഫാ. ജോസഫ് പൂവത്തുശ്ശേരിയോടൊപ്പം ചീരഞ്ചിറ കെ.എൽ.എം. യൂണിറ്റിലെ അംഗങ്ങൾ വൈകുന്നേരത്തെ ഭക്ഷണം നൽകി.

തൃക്കൊടിത്താനം കെ.എൽ.എം. സെന്റ് സേവ്യേഴ്സ് ന്യൂമാൻ സംഘത്തിന്റെ നേതൃത്വത്തിൽ 'സ്നേഹസ്പർശം' എന്ന പേരിൽ കിടങ്ങറ സ്നേഹതീരം പോപ്പ് ജോൺ 23 റീഹാബിലിറ്റേഷൻ സെന്ററിൽ മാർച്ച് ഒമ്പതിനു തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയുടെ വികാരി ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരിയുടെ ആശീർവാദത്തോടെ ഉച്ചഭക്ഷണം വിതരണം ചെയ്തു.

**കൃഷി പ്രോത്സാഹനം**

കെ.എൽ.എം.-ജൂബിലി തൊഴിൽ പ്രോത്സാഹനത്തിന്റെ ഭാഗമായി സൺഡേസ്കൂൾ കുട്ടികൾക്കായി 'ഇടയന്റെ കൈ പിടിച്ചു കൃഷിയിടത്തിലേക്ക്' എന്ന പരിപാടി ചീരഞ്ചിറ കെ.എൽ.എം. യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ചീരഞ്ചിറ സെന്റ് ജോർജ് പള്ളിയുടെ വികാരി ഫാ. ജോസഫ് പൂവത്തുശ്ശേരി, ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ഫൊറോനാ കോഡിനേറ്റർ റ്റിസൻ തോമസ്, എ.എസ്.എം.ഐ. സിസ്റ്റേഴ്സ്, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ, മതാധ്യാപകർ, സൺഡേസ്കൂൾ കുട്ടികൾ, ചീരഞ്ചിറ കെ.എൽ.എം. യൂണിറ്റിലെ എസ്.എച്ച്.ജി.കളുടെ പ്രതിനിധികൾ, കെ.എൽ.എം. യൂണിറ്റ് അംഗങ്ങൾ എന്നിവർ ഇതിൽ പങ്കെടുത്തു. പരിപാടിയിൽ വാഴപ്പള്ളി പഞ്ചായത്ത് യുവകർഷ

കനും കെ.എൽ.എം. അംഗവുമായ റോജിൻ ജോസഫിനെ ആദരിക്കുകയും ചെയ്തു.

**സംസ്ഥാനഭാരവാഹികളുടെ സന്ദർശനം**

കെ.എൽ.എം.ന്റെ സംസ്ഥാന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത്, സംസ്ഥാന ട്രഷറർ തോമസ് മാത്യു എന്നിവർ മാർച്ച് 18നു കെ.എൽ.എം. അതിരൂപതാ ഓഫീസ് സന്ദർശിച്ചു.

**പുതിയസംഘങ്ങൾ**

വെട്ടിമുകൾ യൂണിറ്റിൽ 'സെന്റ് ജോസഫ്, സെന്റ് സെബാസ്റ്റ്യൻ' എന്നീ പേരുകളിൽ എസ്.എച്ച്.ജി.കൾ രൂപീകരിച്ചു. വെട്ടിമുകൾ സെന്റ് മേരീസ് പള്ളിയുടെ വികാരി ഫാ. ജോസഫ് കളരിക്കൽ അധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. ഫൊറോനാ കോഡിനേറ്റർ ജോൺ സെബാസ്റ്റ്യൻ, ഫൊറോനാ സെക്രട്ടറി സാജു ജോർജ്, ഫൊറോനാ ട്രെഷറർ നെൽസൺ സെബാസ്റ്റ്യൻ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു.

ചെത്തിപ്പുഴ യൂണിറ്റിൽ 'സെന്റ് തോമസ്' എന്ന പേരിൽ എസ്.എച്ച്.ജി. രൂപീകരിച്ചു. ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് സി.എം.ഐ. ആശ്രമപ്പള്ളിയുടെ വികാരി ഫാ. തോമസ് കല്ലുകളം സി.എം.ഐ. അധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ഫൊറോനാ കോഡിനേറ്റർ റ്റിസൺ തോമസ് പങ്കെടുത്തു.

**പുതിയ യൂണിറ്റ്**

കുമാരപുരം സെന്റ് മേരീസ് ഇടവകയിൽ പുതിയ യൂണിറ്റ് രൂപീകരിച്ചു. ഇടവകവികാരി ഫാ. മാർട്ടിൻ മുടന്താഞ്ഞലിൽ അധ്യക്ഷതവഹിച്ച സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം പുതിയ യൂണിറ്റ് ഉദ്ഘാടനം ചെയ്തു. ജോയിന്റ് സെക്രട്ടറി ഷാജി കോര സമ്മേളനത്തിൽ പങ്കെടുത്തു.

**കെ.എൽ.എം. വിങ്സ്**

25000 രൂപ ഒരു വർഷത്തേക്കു പലിശരഹിതവായ്പയായി നൽകിയ ചെറുസംരംഭകത്വപ്രോത്സാഹനപദ്ധതിയുടെ റിപ്പോർട്ട്.

ഇരവുചിറ തിരുഹൃദയ സംഘം മൂന്നരയേക്കർ സ്ഥലത്തു കപ്പ കൃഷി ചെയ്തു വിളവെടുത്തു.

കുറുമ്പനാടം അസംപ്ഷൻ സംഘം 300 ഏത്തവാഴ കൃഷി ചെയ്തു വിളവെടുത്തു.

കായൽപ്പുറം സെന്റ് മേരീസ് സംഘം മുളകുപൊടി, മല്ലിപ്പൊടി, തേയില എന്നിവ പായ്ക്കറ്റുകളിലാക്കി ഓൺലൈൻ വിൽപ്പന നടത്തുന്നു.

കൊടിനാട്ടുംകുന്ന് ചാവറ സംഘം സോപ്പ് പൊടി നിർമാണം ചെയ്തു വരുന്നു.

*ശേഷം പേജ് 82ൽ ➤➤➤*

# ആത്മതാകേന്ദ്രം

(ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)

**സംസ്ഥാനസമ്മേളനം: കെ.സി.ബി.സി മദ്യവിരുദ്ധസമിതി**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ 26-ാമതു സംസ്ഥാനതലസമ്മേളനം ഫെബ്രുവരി 26നു കോട്ടയം ലൂർദ് ഫൊറോനാപ്പള്ളിയുടെ ഹാളിൽ നടത്തപ്പെട്ടു. സമ്മേളനത്തിനു മുന്നോടിയായി അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിൽ, വിമുക്തഭടനും സിനിമാതാരവുമായ മേജർ രവി എന്നിവർ ക്ലാസ്സുകളെടുത്തു.

പ്രതിപക്ഷനേതാവു വി. ഡി. സതീശൻ എം.എൽ.എ. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. മൂവാറ്റുപുഴ മലങ്കരരൂപതാധ്യക്ഷൻ യൂഹാനോൻ മാർ തെയഡോഷ്യസ് അധ്യക്ഷപ്രസംഗവും കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ അഭി. മാർ ജോസ് പുളിയ്ക്കൽ മുഖ്യപ്രഭാഷണവും കോട്ടയം ക്നാനായ അതിരൂപതാധ്യക്ഷൻ അഭി. മാർ മാത്യു മൂലക്കാട്ട്, സീറോമലബാർസഭയുടെ കൂരിയാ മെത്രാൻ അഭി. മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ സഹായമെത്രാൻ റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ., വിജയപുരം ലത്തീൻ രൂപതയുടെ സഹായമെത്രാൻ റൈറ്റ് റവ. ഡോ. ജസ്റ്റിൻ അലക്സാണ്ടർ മടത്തിപ്പറമ്പിൽ എന്നിവർ അനുഗ്രഹപ്രഭാഷണങ്ങളും നടത്തി.

കെ.സി.ബി.സി. റ്റെംപറൻസ് കമ്മിഷൻ സെക്രട്ടറി ഫാ. ജോൺ അരീക്കൽ, കോട്ടയം ലൂർദ് ഫൊറോനാപ്പള്ളിയുടെ വികാരി ഫാ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ, കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം എന്നിവർ ആശംസകളും തോമസുകുട്ടി മണക്കുന്നേൽ കൃതഞ്ജതയും അറിയിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ അതിരൂപത-ഫൊറോന-യൂണിറ്റ് ഭാരവാഹികൾ ഇതിൽ പങ്കെടുത്തു.

**പ്രതിഷേധറാലി: കെ.സി.ബി.സി മദ്യവിരുദ്ധസമിതി**

സംസ്ഥാനത്തെ ലഹരിവ്യാപനത്തിനെതിരായി കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയിലെ അതിരൂപതാംഗങ്ങളുടെ നേതൃത്വത്തിൽ മാർച്ച് പത്തിന് അരമനപ്പടിക്കൽനിന്നു ചങ്ങനാശ്ശേരി കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാൻഡ് വരെ പ്രതിഷേധറാലി നടത്തപ്പെട്ടു. അതിരൂപതയുടെ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം സന്ദേശം നൽകി. റ്റി. എം. മാത്യു സ്വാഗതം ആശംസിച്ചു. കെ.സി.ബി.സി മദ്യവിരുദ്ധസമിതിയുടെ അതിരൂപതാ പ്രസിഡന്റ് റാംസെ ജെ. റ്റി. മെതിക്കളം അധ്യക്ഷതവഹിച്ചു.

അതിരൂപതാ ജനറൽ സെക്രട്ടറി തോമസുകുട്ടി മണക്കുന്നേൽ, അതിരൂപതാ വൈസ് പ്രസിഡന്റ് ജോസി കല്ലുകളം, ബേബിച്ചൻ പുത്തൻപറമ്പിൽ, പാപ്പച്ചൻ നേര്യംപറമ്പിൽ, ഷാജി വാഴേപ്പറമ്പിൽ, സിബി പാറപ്പയിൽ, ബിജു കൊച്ചുപുരയ്ക്കൽ, ബേബിച്ചൻ തടത്തിൽ, സെബാസ്റ്റ്യൻ ഞാറക്കാട്ടിൽ, ആന്റണി ചിറവാലിൽ, ഔസേപ്പച്ചൻ ചെറുകാട്, തോമസ് കല്ലുകളം, ജോൺസൺ

കൊച്ചുതറ, ജോസ് പത്തിൽ, ഷേർളി കീരുവേലിൽ, ജെമിനി കണ്ണംപള്ളി തുടങ്ങിയവരുൾപ്പെടെ 70 പേർ ഇതിൽ പങ്കെടുത്തു.

**സപ്പോർട്ട് എ ചൈൽഡ് പദ്ധതി**

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള 'സപ്പോർട്ട് എ ചൈൽഡ് പദ്ധതി' യുടെ സമ്മേളനം, ധനസഹായവിതരണം എന്നിവ മാർച്ച് 15നു പത്തനംതിട്ട പ്രത്യാശാകേന്ദ്രത്തിലും മാർച്ച് 29നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിലും ആത്മതാകേന്ദ്രം ഡയറക്ടർ ഫാ. ജോൺ വടക്കേകളത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. സമ്മേളനത്തിൽ 1,76,400 രൂപയുടെ ധനസഹായവിതരണവും ഉച്ച ഭക്ഷണവും നൽകി. സണ്ണി മാത്യു, ട്രീസ മാത്യു, ഫീൽഡ് വർക്കിനെത്തിയ ഗോപിക ആർ., ശങ്കരി കെ. എ. എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

**ഹോമിയോചികിത്സാപദ്ധതി**

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത, സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന ദിവസങ്ങളിലും സ്ഥലങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധരായ ഡോക്ടേഴ്സിന്റെയും കൗൺസെലേഴ്സിന്റെയും സേവനം ഈ പദ്ധതിയിൽ ലഭ്യമാണ്.

**സമയം:** രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12.30 വരെ

| | | |
|---|---|---|
| ചൊവ്വ | (ആലപ്പുഴ) | തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി |
| വ്യാഴം | (കോട്ടയം) | അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാപ്പള്ളി |
| വെള്ളി | | ചങ്ങനാശ്ശേരി, പാസ്റ്ററൽ സെന്റർ |

പ്രസ്തുതവിവരം വികാരിയച്ചന്മാർ പള്ളിയിലറിയിക്കുമല്ലോ.

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

---

### ➢➢➢ *കേരള ലേബർ മൂവുമെന്റ് തുടർച്ച...*

**ആദരാഞ്ജലികൾ**

ചങ്ങനാശ്ശേരി സെന്റ് ജോസഫ് സംഘാംഗം ഷാജി സെബാസ്റ്റ്യൻ കുരിശിങ്കൽപറമ്പിൽ, ഇത്തിത്താനം സെന്റ് മേരീസ് സംഘാംഗം റ്റോമി സ്കറിയ കുറിഞ്ഞിപ്പറമ്പിൽ, ചെത്തിപ്പുഴ സെന്റ് ജോസഫ് സംഘാംഗം ജോസഫ് തോമസ് മണത്തറ എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബം അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

**സെബാസ്റ്റ്യൻ പി. ജെ.**
*(ജനറൽ സെക്രട്ടറി)*

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

# ദളിത് കത്തോലിക്കാ മഹാജന സഭ
## (DCMS)

**ഡി.സി.എം.എസ്. സംസ്ഥാന ജനറൽ കൗൺസിൽ**

ഫെബ്രുവരി 26നു ഡി.സി.എം.എസ്.ന്റെ കോട്ടയത്തെ സംസ്ഥാന ഓഫീസിൽ സംസ്ഥാന ജനറൽ കൗൺസിൽ നടത്തപ്പെട്ടു. കെ.സി.ബി.സി. എസ്.സി./ എസ്.റ്റി./ ബി.സി. കമ്മിഷൻ ചെയർമാൻ അഭിവന്ദ്യ ഗീവർഗീസ് മാർ അപ്രേം, സംസ്ഥാന ഡയറക്ടർ ഫാ. ജോസ് ഇടത്തിനകം എന്നിവരുടെ സാന്നിധ്യത്തിലുള്ള സമ്മേളനത്തിൽ ഡി.സി.എം.എസ്. സംസ്ഥാന പ്രസിഡന്റ് ജയിംസ് ഇലവുങ്കൽ അധ്യക്ഷത വഹിച്ചു.

നിലവിലുള്ള ഡി.സി.എം.എസ്. നിയമാവലി പുതുക്കുന്നതിനു നിയോഗിക്കപ്പെട്ട കമ്മിറ്റി പുതിയതായി ക്രോഡീകരിച്ച നിയമങ്ങളും നിർദേശങ്ങളും സമ്മേളനത്തിൽ അവതരിപ്പിച്ചു കൗൺസിൽ അംഗങ്ങൾ ചർച്ച ചെയ്തു മാറ്റങ്ങൾ നിർദേശിച്ച് അംഗീകാരം നൽകി. എത്രയുംവേഗം പുതുക്കിയ നിയമാവലി നിലവിൽവരുത്തുന്നതിനും സംസ്ഥാന-രൂപത-ഫൊറോന-യൂണിറ്റ് കമ്മിറ്റികളുടെ കാലവധി കഴിയുന്നതിനാൽ ഇപ്പോഴത്തെനിലയിൽ രൂപതകളിൽ യൂണിറ്റ്-ഫൊറോനാതെരഞ്ഞെടുപ്പുകൾ നടത്തുന്നതിനും കൗൺസിൽ തീരുമാനിച്ചു. അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ്, അതിരൂപതാ വൈസ് പ്രസിഡന്റ് ലാസർ ജോൺ, അതിരൂപതാ സെക്രട്ടറി മാത്യു ജോസഫ്, സംസ്ഥാന കൗൺസിൽ അംഗങ്ങൾ എന്നിവർ ഇതിൽ പങ്കെടുത്തു.

സ്നേഹപൂർവം,

**ഡോ. സിജോ ജേക്കബ്**
*(പ്രസിഡന്റ്)*

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

**മാത്യു ജോസഫ്**
*(സെക്രട്ടറി)*

# ലീജിയൻ ഓഫ് മേരി

1940 സെപ്റ്റംബറിൽ മാർ ജയിംസ് കാളാശ്ശേരിയുടെ കാലത്തു നമ്മുടെ അതിരൂപതയിൽ ലീജിയൻ ഓഫ് മേരി സ്ഥാപിതമായി. 2 കൂരിയയിലും 22 പ്രസീദിയങ്ങളിലുമായി അഞ്ഞൂറിലധികം മരിയസൈനികരുണ്ട്.

**ജനുവരി-ഫെബ്രുവരി മാസങ്ങളിലെ റിപ്പോർട്ട്**

ലീജിയൻ ഓഫ് മേരിയുടെ 2024ലെ വാർഷികവും കമ്മീസിയത്തിന്റെ 829-ാമതും കൂരിയയുടെ 1067-ാമതു സമ്മേളനം സംയുക്തമായി ജനുവരി 19നു പാറേൽ അമല തിയളോജിക്കൽ കോളേജിന്റെ ഹാളിൽ കമ്മീസിയത്തിന്റെ ഡയറക്ടർ ഫാ. ജയിംസ് കണികുന്നേലിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. 210 പേർ ഇതിൽ സന്നിഹിതരായിരുന്നു.

ലീജിയൻ പ്രാർഥന, ജപമാല, ജ്ഞാനവായന എന്നിവയ്ക്കുശേഷം പാറേൽ അനുഗ്രഹമാതാ പ്രസീദിയത്തിന്റെ പ്രാർഥനാഗാനത്തോടുകൂടി സമ്മേളന മാരംഭിച്ചു. കമ്മീസിയം പ്രസിഡന്റ് ജോർജ് പുളിയ്ക്കപറമ്പിൽ സ്വാഗതമാശം സിച്ചു. പരിശുദ്ധ കന്യകാമറിയം പ്രാർഥനയിലൂടെ ലോകത്തെ നേടിയവളാ ണെന്നും ആവശ്യനേരത്തു സഹായിക്കുകയെന്നതു മറിയത്തിന്റെ പ്രത്യേകത യാണെന്നും അതുപോലെ മരിയസൈനികർ എപ്പോഴും മറ്റുള്ളവരുടെ ആവശ്യ ങ്ങൾ മനസിലാക്കി പ്രവർത്തിക്കണമെന്നും ഫാ. ജയിംസ് കണികുന്നേൽ അധ്യക്ഷ പ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചു.

കെ.സി.എസ്.എൽ. അതിരൂപതാ ഡയറക്ടർ ഫാ. മാത്യു പള്ളിച്ചിറ സന്ദേശം നൽകി വാർഷികം ഉദ്ഘാടനം ചെയ്തു. സെക്രട്ടറി 2024ലെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. അമല തിയളോജിക്കൽ കോളേജിന്റെ ഡയറക്ടർ ഫാ. ജോസ് പുതിയാപറമ്പിൽ, മുൻ കമ്മീസിയം പ്രസിഡന്റ് ജോസ് ജോൺ പുതിയാപറമ്പിൽ എന്നിവർ ആശംസകളർപ്പിച്ചു. പ്രസീദിയങ്ങൾ മനുഷ്യാവതാരത്തെ അനുസ്മരി പ്പിക്കുന്ന ടാബ്ലോ, പരി. കന്യകാമറിയത്തെ സ്തുതിച്ചുള്ള ഗാനങ്ങൾ എന്നിവ അവതരിപ്പിച്ചു. മാത്തുക്കുട്ടി മണമേൽ നന്ദിയറിയിച്ചു. അവസാനപ്രാർഥന, ആശീർവാദം, സ്നേഹവിരുന്ന് എന്നിവയോടെ സമ്മേളനം അവസാനിച്ചു.

ഫെബ്രുവരി ഒമ്പതിനു കമ്മീസിയത്തിന്റെ 830-ാമതും കൂരിയയുടെ 1068-ാമതും സമ്മേളനം പാറേൽ സെന്റ് മേരീസ് പള്ളിയിലെ ഫാ. പുരയ്ക്കൽ ഹാളിൽ കമ്മീസിയത്തിന്റെ ഡയറക്ടർ ഫാ. ജയിംസ് കണികുന്നേലിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. പ്രാരംഭപ്രാർഥന, ജപമാല, ജ്ഞാനവായന എന്നിവയ്ക്കു പ്രസിഡന്റ് നേതൃത്വം നൽകി. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. പ്രാർഥനയുടെ ശക്തിയാണ് ഓരോ മരിയസൈനികരുടെയും ശക്തിയെന്നും ലീജിയൻ ഓഫ് മേരി കുറച്ചു കൂടി ശക്തമായി മുന്നോട്ടുകൊണ്ടുപോകണമെന്നും ഡയറക്ടർ അച്ചൻ സന്ദേശ ത്തിൽ ഓർമിപ്പിച്ചു. ചർച്ച, സൈനികജപശൃംഖല, പിരിവ്, അവസാനപ്രാർഥന എന്നിവയോടെ സമ്മേളനം അവസാനിച്ചു.

കമ്മീസിയത്തിനുവേണ്ടി,

**സ്റ്റെല്ല തോമസ് അരിക്കത്തിൽ**
*(സെക്രട്ടറി)*

**ഫാ. ജയിംസ് കണികുന്നേൽ**
*(സ്പിരിച്ചൽ അസ്സിസ്റ്റന്റ്)*

"സമാധാനം - സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയസഹോദരങ്ങളേ,

സീറോമലബാർസഭയിലെ ഫ്രാൻസിസ്കൻ അല്മായസഭകളുടെ സ്പിരിചൽ അസ്സിസ്റ്റന്റ് കപ്പൂച്ചിൻ സഭാംഗം ഫാ. മൈക്കിൾ പറൂശ്ശേരിൽ നമ്മുടെ സഭയുടെ നിയമാവലിയനുസരിച്ചു മാർച്ച് എട്ടിനു ചങ്ങനാശ്ശേരി സെന്റ് ജോസഫ് പ്രോവിൻസിൽ ഔദ്യോഗികകാനോനികസന്ദർശനം നടത്തി. സന്ദർശനത്തിന്റെ ഭാഗമായി വാഴപ്പള്ളി ഗത്സേമനി കപ്പൂച്ചിൻ ആശ്രമത്തിൽ നടത്തപ്പെട്ട സമ്മേളനത്തിൽ അതിരൂപതാ പ്രസിഡന്റ് വി. സി. അലക്സിന്റെ അധ്യക്ഷനായിരുന്നു. അതിരൂപതാ ട്രെഷറർ ബ്രദർ കെ. എം. മാത്യു കാനാട്ട് സ്വാഗതം ആശംസിച്ചു. അതിരൂപതാ സ്പിരിചൽ അസ്സിസ്റ്റന്റ് ഫാ. തോമസ് വെട്ടിക്കൽ ഈ കാലഘട്ടത്തിൽ വിശുദ്ധജീവിതം നയിക്കുന്നതിനു ഫ്രാൻസിസ്കൻ ജീവിതശൈലി എത്രത്തോളം രക്ഷാകരവും നന്മയും നിറഞ്ഞതാണെന്നു തന്റെ സന്ദേശത്തിൽ ഓർമിപ്പിച്ചു.

കാനോനികസന്ദർശനത്തിന്റെ ആവശ്യകതയെക്കുറിച്ചും സഭാമക്കളുടെ പരമപ്രധാനലക്ഷ്യമായ സ്വർഗരാജ്യം ലഭിക്കുന്നതിന് എങ്ങനെ ജീവിക്കണമെന്നും അതിനു ഫ്രാൻസിസ്കൻ ജീവിതശൈലി എത്രത്തോളം ലളിതവും പ്രധാനവുമാണെന്നും എല്ലാ സഭാമക്കളും സഭയുടെ ഔദ്യോഗികപ്രഭാതപ്രാർഥനയോ മധ്യാഹ്നപ്രാർഥനയോ സായാഹ്നപ്രാർഥനയോ എല്ലാ ദിവസവും ചൊല്ലണമെന്നും മാസക്കൂട്ടായ്മ ഒരു കാരണവശാലും മുടക്കരുതെന്നും ഈ കൂട്ടായ്മയിൽ സഭയിലെ നിയമാവലിക്കനുസൃതമായി നല്ലകാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനങ്ങളെടുത്തു നടപ്പിലാക്കി ഭ്രാതൃത്വങ്ങളെ ശക്തിപ്പെടുത്തണമെന്നും പരസ്പരം സ്നേഹിച്ചു വ്യക്തിബന്ധങ്ങൾ വളർത്താൻ പരിശ്രമിക്കണമെന്നും ഈ കാലഘട്ടത്തിൽ നശിച്ചുകൊണ്ടിരിക്കുന്ന കുടുംബങ്ങളെ വിശുദ്ധീകരിക്കാൻ ഫ്രാൻസിസ്കൻ അല്മായസഭയ്ക്കു സാധിക്കുമെന്നും ഫാ. മൈക്കിൾ പറൂശ്ശേരിൽ ഉദ്ബോധിപ്പിച്ചു.

365 ദിവസവും ആചരിക്കപ്പെടാൻ വിശുദ്ധരും വാഴ്ത്തപ്പെട്ടവരും ദൈവദാസരും ധന്യരുമുള്ള ലോകത്തിലെ ഒരേയൊരു സഭയാണു കപ്പൂച്ചിൻ സഭയെന്നും ഈ സഭയുടെ വിശുദ്ധിയും ലാളിത്യവും അനുഗ്രഹങ്ങളും കൂടുതൽ ആളുകളിലേക്കെത്തിക്കാൻ എല്ലാ സഭാമക്കളും പരിശ്രമിക്കണമെന്നും ഫാ. പറൂശ്ശേരിൽ കൂട്ടിച്ചേർത്തു. വാഴപ്പള്ളി റീജൻ പ്രസിഡന്റ് ബ്രദർ പ്രമോദ് ജോസഫ് ഫാ. മൈക്കിൾ പറൂശ്ശേരിലിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും എല്ലാവർക്കും നന്ദിയർപ്പിക്കുകയും ചെയ്തു.

*ശേഷം പേജ് 87ൽ* >>>

# വിൻസെൻഷ്യൻ വേദി
## (SSVP)

*"ശരീരത്തിൽ പീഡനമേറ്റ മ്ശിഹായുടെ മനോഭാവം നിങ്ങൾക്ക് ആയുധമായിരിക്കട്ടെ"* (1 പത്രോ. 4:1)

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

നാമൊക്കെ പ്രത്യാശയുടെ തീർഥാടകരാണ്. ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലിയുടെ കേന്ദ്രസന്ദേശമായ 'പ്രത്യാശ' ഉത്ഥാനതിരുനാൾ ലക്ഷ്യമാക്കിയുള്ള നമ്മുടെ നോമ്പുകാലയാത്രയുടെ ശ്രദ്ധാകേന്ദ്രമായിരിക്കണം. പ്രത്യാശയെന്നുപറയുന്നത് ഒരു ഭ്രമാത്മകതയോ ഭാവനയോ അല്ല. ഭ്രമാത്മകതയെന്നാൽ മറ്റുള്ളവരെ വിശ്വസിപ്പിക്കാൻ സാധിക്കുകയെന്നതാണ്.

പ്രത്യാശയെന്നതു നമ്മുടെ കർത്താവ് ഉത്ഥാനം ചെയ്തു എന്ന യാഥാർഥ്യത്തിൽനിന്ന് ഉരുത്തിരിയുന്നതാണ്. കർത്താവു മരണത്തെ കീഴടക്കി, കർത്താവു പാപത്തെ കീഴടക്കി, കർത്താവിന്റെ ശവകുടീരം ശൂന്യമാണ്. ഇക്കാര്യങ്ങളുടെയൊക്കെ അനുസ്മരണം നമുക്കു പ്രത്യാശ നൽകുന്നുണ്ട്. അതൊരു ഭാവനയല്ല, യക്ഷിക്കഥയുമല്ല. ഈശോ മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്തു എന്നതു യാഥാർഥ്യമാണ്. അതാണു നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനവും. കർത്താവിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ ഉണ്ടാകുകയും ചെയ്യുന്നു. (ആർച്ചുബിഷപ് സോക്രട്ടീസ്, ഫിലിപ്പൈൻസ്)

നമ്മുടെ നിത്യരക്ഷക്കായി ദൈവം നൽകിയ വാഗ്ദാനങ്ങളുടെ പൂർത്തീകരണമാണ് ഈ ദിവസങ്ങളിൽ നാം അനുസ്മരിക്കുന്നത്. തന്നിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതിരിക്കേണ്ടതിനു നമ്മുടെ കടങ്ങളും പാപങ്ങളും ഏറ്റെടുത്ത് അവിടുന്നു കുരിശുമരണം വരിച്ചു. മരിച്ചവരിൽനിന്ന് ഉയിർത്തുകൊണ്ട് അവിടുന്നു മരണത്തെ പരാജയപ്പെടുത്തി.

നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനവും തിരുസഭയുടെ പ്രാരംഭകാലം മുതൽ തിരുസഭ മാനവകുലത്തിനു നൽകുന്ന പ്രധാനപ്പെട്ട സന്ദേശവും ഈശോ മ്ശിഹായുടെ ഉയിർപ്പും അതുവഴി ഉറപ്പാക്കപ്പെട്ട നിത്യജീവന്റെ വാഗ്ദാനവുമാണ്. ഉത്ഥാനത്തിന്റെ മഹത്വത്തിലേക്കുള്ള ഉത്ഥിതന്റെ ക്ഷണം നമ്മുടെ ഹൃദയങ്ങളിൽ സ്വീകരിക്കാം. അതിനുള്ള യോഗ്യത നേടാനായി നമ്മുടെ ജീവിതങ്ങളെ ക്രമപ്പെടുത്താം. എല്ലാവർക്കും ഉയിർപ്പുതിരുനാളിന്റെ ആശംസകൾ സ്നേഹപൂർവം നേരുന്നു.

രാജ്യത്തെ ആദായനികുതിനിയമങ്ങളിൽ വരുത്തിയ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ ദേശീയ കൗൺസിൽ നൽകിയ നിർദേശങ്ങളനുസരിച്ച് ഓരോ സെൻട്രൽ കൗൺസിലും ചാരിറ്റബിൾ സൊസൈറ്റിയായി പ്രത്യേകം രജിസ്റ്റർ ചെയ്താകണം മുന്നോട്ടു പ്രവർത്തിക്കേണ്ടത്. അതനുസരിച്ചു നമ്മുടെ കോൺഫെറൻസുകളും ഏരിയ കൗൺസിലുകളും ഏകോപിപ്പിച്ച് ഒറ്റ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കാനുള്ള നടപടികൾ നാം ആരംഭിച്ചുകഴിഞ്ഞു. ഇതിനുള്ള കോൺഫെറൻസ് തീരുമാനങ്ങൾ നിങ്ങൾ

എടുത്തുകഴിഞ്ഞു എന്നും ആ തീരുമാനങ്ങളുടെ പകർപ്പു രേഖാമൂലം ഏരിയ കൗൺസിലുകളിലെത്തിക്കുകയും ചെയ്തു എന്നും വിശ്വസിക്കുന്നു.

സെൻട്രൽ കൗൺസിൽ നൽകുന്ന നിർദേശങ്ങൾ വ്യക്തമായി മനസിലാക്കി കൃത്യമായി പാലിക്കണം. കണക്കുകൾ സമർപ്പിക്കുമ്പോൾ അതു സാമ്പത്തിക വർഷം (ഏപ്രിൽ-മാർച്ച്) അടിസ്ഥാനമാക്കിയായിരിക്കണം. നമ്മുടെ വരവിന്റെ 85% അതതു വർഷങ്ങളിൽ ഉപവിപ്രവർത്തനങ്ങൾക്കായി ചെലവഴിക്കേണ്ടതാണ്. സൊസൈറ്റിയുടെ പ്രവർത്തനപാരമ്പര്യവും നിയമാവലിയുമനുസരിച്ചു ജാതിമത ഭേദമന്യേ അർഹരായ വ്യക്തികൾക്കു സഹായമെത്തിക്കുകയെന്നതു വളരെ പ്രധാനമാണ്. നൽകപ്പെടുന്ന നിർദേശങ്ങൾ കോൺഫെറൻസുകളിൽ കൃത്യ മായി എത്തിക്കാനും അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ഏരിയ കൗൺസിൽ ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്.

വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെ ജന്മദിനവും സൊസൈറ്റി സ്ഥാപന ദിനവുമായ ഏപ്രിൽ 23ന് അംഗങ്ങളെല്ലാവരും പരിശുദ്ധ കുർബാനയർപ്പണത്തിൽ പങ്കെടുക്കുകയും ആധ്യാത്മിക ഉപദേഷ്ടാക്കളുടെ നേതൃത്വത്തിൽ പതാക ഉയർ ത്തുകയും ചെയ്യേണ്ടതാണ്. **മെയ് 18നു** തുരുത്തി മാർത്ത് മറിയം ഫൊറോനാ പ്പള്ളിയിൽ നടത്തപ്പെടുന്ന നമ്മുടെ സെൻട്രൽ കൗൺസിൽ വാർഷികസമ്മേളന ത്തിലേക്ക് ഏവരെയും വീണ്ടും ക്ഷണിക്കുന്നു.

കുമാരനല്ലൂർ കോൺഫെറൻസ് പ്രസിഡന്റ് ബ്രദർ ജോജി മാത്യുവിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും ആത്മശാന്തിക്കായി പ്രാർഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബ്രദർ തോമസ് ടി. മൂലയിൽ**
*സെൻട്രൽ കൗൺസിൽ പ്രസിഡന്റ്*

## ➤➤➤ *സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ തുടർച്ച...*

**സ്വർഗപ്രാപ്തി**

വാഴപ്പള്ളി ഗത്സേമനി കപ്പൂച്ചിൻ ആശ്രമഭ്രാതൃത്വാംഗം സഹോദരി കല്ലൂ ക്കുളങ്ങര ചിന്നമ്മ ജോസഫ്, കേളമംഗലം സെന്റ് മേരീസ് ഭ്രാതൃത്വാംഗം സഹോദരി പടിഞ്ഞാറേപറമ്പിൽ കുഞ്ഞമ്മ ജോയി, വെരൂർ സെന്റ് ജോസഫ് ഭ്രാതൃത്വാംഗം സഹോദരി അടിപ്പുഴ ആൽഫി ജോസഫ് എന്നീ സഹോദരങ്ങ ളുടെ ആത്മശാന്തിക്കായി പ്രത്യേകം പ്രാർഥിക്കാം.

**ബ്രദർ വി.സി. അലക്സ് വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. തോമസ് വെട്ടിക്കൽ OFM Cap.**
*(സ്പിരിചൽ അസ്സിസ്റ്റന്റ്)*

# കരിസ്മാറ്റിക് നവീകരണം

നമ്മിൽനിന്നുതന്നെ പുറത്തുകടന്നുകൊണ്ടു നമ്മെത്തന്നെയും സുവിശേഷത്തെയും മറ്റുള്ളവരുമായി പങ്കുവെക്കുന്നതിലൂടെയും ഇല്ലായ്മയിൽ കഴിയുന്നവർക്കു നൽകാൻ സാധിക്കുന്ന സഹായങ്ങളിലൂടെയുമൊക്കെ നാം ഈശോയെ കണ്ടുമുട്ടുകയാണു ചെയ്യുന്നത്. അങ്ങനെ അവിടുത്തെ കൃപ നമ്മൾ ജീവിക്കുകയും സമൃദ്ധമാവുകയും ചെയ്യുന്നു. തെരുവിലിറങ്ങി പ്രവർത്തിക്കേണ്ടി വരുന്നതുവഴി വ്രണിതയായ തിരുസഭയും ഒഴിവലിഞ്ഞിരിക്കുന്നതും രോഗഗ്രസ്തമായതുമായ തിരുസഭയും തമ്മിൽ ഒരു തെരഞ്ഞെടുപ്പ് എനിക്ക് ആവശ്യമായി വന്നാൽ ആദ്യത്തേതായിരിക്കും ഞാൻ സ്വീകരിക്കുന്നത്.

**ഫ്രാൻസിസ് മാർപാപ്പ** (28 മാർച്ച് 2013)

**അല്മായവചനപ്രഘോഷണപരിശീലനം**

അതിരൂപതയുടെ നേതൃത്വത്തിൽ അല്മായവചനപ്രഘോഷകർക്കുള്ള പരിശീലനം മാർച്ച് 1-2 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ടു. അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് സമ്മേളനം ഉദ്ഘാടനം ചെയ്തു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ സന്ദേശം നൽകി. പ്രശസ്തരായ വൈദിക-അല്മായവചനപ്രഘോഷകർ ക്ലാസ്സുകൾ നയിച്ചു.

**അഭി. മെത്രാപ്പോലീത്തായുമായി അഭിമുഖം**

ഫെബ്രുവരി 19നു സോണൽ ആനിമേറ്റർ ഫാ. തോമസ് പ്ലാപ്പറമ്പിലിന്റെ നേതൃത്വത്തിൽ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായെ സോണൽ സേവനസമിതിയംഗങ്ങൾ സന്ദർശിച്ചു.

**കെരിഗ്മ കോഴ്സ്**

മാർച്ച് 27-30 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ കെരിഗ്മ പരിശീലനപരിപാടി നടത്തപ്പെട്ടു.

**ജൂബിലേവൂസ്: ജൂബിലിയൊരുക്ക പ്രാർഥനാ കൺവെൻഷൻ**

മാർച്ച് അഞ്ചിനു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിലെ 'കരുണാർഥന'യോടുചേർന്നു ജൂബിലേവൂസ് നടത്തപ്പെട്ടു. തിരുവല്ല ആവേ മരിയ ധ്യാനകേന്ദ്രത്തിലെ ഫാ. ജോസഫ് മാക്കിയിൽ ഒ.സി.ഡി. ഇതിനു നേതൃത്വം നൽകി.

**മദ്യ-മയക്കുമരുന്ന് ഉപയോഗത്തിനെതിരെ മാധ്യസ്ഥ്യപ്രാർഥന**

മാർച്ച് 14 കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മിഷൻ മദ്യ-മയക്കുമരുന്ന് മാഫിയക്കെതിരായും അവയ്ക്കടിമപ്പെടുന്ന യുവജനങ്ങൾക്കുമായുള്ള പ്രാർഥന-പരിഹാരദിനമായി ആചരിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിലെ 'കരുണാർഥന'യുടെ വേദിയിലാണ് ഇതു ക്രമീകരിച്ചത്. കേരളത്തിലെ എല്ലാ സോണുകളിലും ആ ദിവസം പ്രാർഥനകൾ, പ്രചാരണപരിപാടികൾ എന്നിവ നടത്തപ്പെട്ടു.

സ്നേഹപൂർവം,

**ബ്രദർ മഞ്ജു മാത്തൂർ**
*(കോഡിനേറ്റർ)*

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ആനിമേറ്റർ)*

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ തോമസ് തറയിൽ

**ഫെബ്രുവരി**

23 കാഞ്ഞിരപ്പള്ളി രൂപതയിലെ മുണ്ടക്കയം ഔർ ലേഡി ഓഫ് ഡോളേഴ്സ് ഫൊറോനാപ്പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാന അർപ്പിച്ചു. ചുങ്കപ്പാറ ലിറ്റിൽ ഫ്ളവർ ഇടവകാംഗം വർഗീസ് പനന്തോട്ട ത്തിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

24 തെക്കേക്കര സെന്റ് ജോൺസ് ഇടവകാംഗം പാലാത്ര ജോസഫ് തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. അതിരൂപതാകേന്ദ്രത്തിൽ ദൈവ ദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണവുമായി ബന്ധപ്പെട്ടുള്ള യോഗത്തിൽ അധ്യക്ഷതവഹിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിൽ അധ്യാപകരുടെ യാത്രയയപ്പുസമ്മേളനത്തിൽ പങ്കെടുത്തു. നവവികാരിമാരുടെ പരിശീലനപരിപാടിയിൽ ക്ലാസ്സെടുത്തു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനരിയിൽ പാലാ രൂപതാംഗം വെച്ചൂർ ബഹു. ഡൊമിനിക് അച്ചനെ പുതിയ റെക്ടറായി പ്രഖ്യാപിച്ചു. നിരണം മാർ തോമാശ്ലീഹാ സെമിനരിയിൽ കുടുംബദിനാഘോഷത്തിൽ പങ്കെടുത്തു.

25 മണിമല സി.എം.സി. ഫാത്തിമാ മാതാ കോൺവെന്റിൽ പ്ലാറ്റിനം ജൂബിലി ആഘോഷത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ചങ്ങനാശ്ശേരി സെന്റ് ജോസഫ്സ് എൽ.പി. സ്കൂളിൽ 131-ാം വാർഷികാഘോഷത്തിലും യാത്ര യയപ്പുസമ്മേളനത്തിലും ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ പാറത്തറ ബഹു. തോമസ് അച്ചന്റെ യാത്രയയപ്പുസമ്മേളനത്തിലും പങ്കെടുത്തു. മീൻകുളം ലൂർദ് മാതാ ഇടവകാംഗം ജോസ് മാത്യു ആനിതോട്ടത്തിലിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ 'അപ്പർ കുട്ടനാട് വികസനസമിതി'യുടെ പ്രതിഭാ പുരസ്കാരസമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു പുരസ്കാരം നൽകി.

26 കോട്ടയം ലൂർദ് ഫൊറോനാപ്പള്ളിയിൽ കെ.സി.ബി.സി. മദ്യവിരുദ്ധസമി തിയുടെ ഇരുപത്തിയാറാമതു സംസ്ഥാനതലസമ്മേളനത്തിലും കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളിയിൽ പ്രൊഫ. മാത്യു ഉലകംതറയുടെ അനുസ്മരണസമ്മേളനത്തിലും സന്ദേശം നൽകി. അതി രൂപതാകേന്ദ്രത്തിൽ മാതൃ-പിതൃവേദിയുടെ പുതിയ ആനിമേഷൻ റ്റീമുമായി സംവദിച്ചു. ഏറ്റുമാനൂർ പള്ളിക്കുന്ന് സെന്റ് തോമസ് പള്ളിയിൽ യുവജന ങ്ങളുടെ ഒത്തുചേരലിൽ സംസാരിച്ചു.

27 കുമരങ്കരി സെന്റ് മേരീസ് പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജിൽ വാർഷികാഘോഷ ത്തിൽ പങ്കെടുത്തു. കുരിശുമ്മൂട് സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണി

ക്കേഷനിൽ നാഷണൽ അസ്സെസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിൽ റ്റീമുമായി സംസാരിച്ചു. കുളത്തൂർ സെന്റ് ജോസഫ്സ് ഹൈസ്കൂളിന്റെ വാർഷികാഘോഷത്തിലും പുതിയകെട്ടിടത്തിന്റെ ഫലക അനാച്ഛാദനത്തിലും കിളിമല സേക്രഡ് ഹാർട്ട് ഹോസ്റ്റലിന്റെ കുടുംബ ദിനാഘോഷത്തിലും അതിരൂപതാകേന്ദ്രത്തിൽ ഇന്റർ-ഡിപ്പാർട്ടുമെന്റ് യോഗത്തിലും പങ്കെടുത്തു.

28 അതിരൂപതാകേന്ദ്രത്തിൽ പ്രസ്ബിറ്ററൽ കൗൺസിലിൽ അധ്യക്ഷതവഹിച്ചു. പുഴവാത് കളപ്പുരയ്ക്കൽ മേരിക്കുട്ടി കുര്യാക്കോസിന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

**മാർച്ച്**

01 കോതമംഗലം രൂപതയിലെ മൂവാറ്റുപുഴ ഹോളി മേജൈ ഫൊറോനാപ്പള്ളിയിൽ അനുസ്മരണക്കുർബാന അർപ്പിച്ചു. കോതമംഗലം രൂപതയിലെ പൈങ്ങോട്ടൂർ സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ തിരുനാളിനോട് അനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

02 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ അല്മായവചനപ്രഘോഷകരുടെ സമ്മേളനത്തിൽ സന്ദേശം നൽകി. അരുവിക്കുഴി ലൂർദ് ഭവൻ ട്രസ്റ്റിന്റെ 26-ാമതു വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ 'കരുണാർദ്രന' ശുശ്രൂഷയിൽ വചന സന്ദേശം നൽകി.

03 ചങ്ങനാശ്ശേരി മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ അമ്പതുനോമ്പാരംഭത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാന, വിഭൂതിയുടെ ശുശ്രൂഷകൾ എന്നിവയ്ക്കു കാർമികത്വംവഹിച്ചു

04 കഴിഞ്ഞവർഷം നിര്യാതരായ വൈദികരെ അനുസ്മരിച്ചു ചങ്ങനാശ്ശേരി മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു; അവർക്കായി ഒപ്പീസുചൊല്ലി. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിൽ 'ബർക്മൻസ് അവാർഡ്' നൽകി; അനധ്യാപകരുടെ സമ്മേളനത്തിൽ സന്ദേശം നൽകി.

05 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ദീപിക അപ്പെക്സ് ബോഡി യോഗത്തിലും അതിരൂപതാകേന്ദ്രത്തിൽ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ ട്രസ്റ്റ് സമ്മേളനത്തിലും പങ്കെടുത്തു.

06 മുടിയൂർക്കര ഹോളി ഫാമിലി പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. ഇരവുചിറ സെന്റ് മേരീസ് ഇടവകാംഗം കണ്ണംാമറ്റം ജോസ് ജോസഫ്, കോയിൽമുക്ക് സെന്റ് ജോസഫ്സ് ഇടവകാംഗം വെളുത്തേടത്തു പറമ്പിൽ അന്നമ്മ ഫ്രാൻസിസ് എന്നിവരുടെ മൃതദേഹത്തിങ്കൽ ഒപ്പീസു ചൊല്ലി. അരുവിക്കുഴി സെന്റ് ജോസഫ്സ് എൽ.പി. സ്കൂളിന്റെ ശതാബ്ദി സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു.

07 ഏറ്റുമാനൂർ ഒ.എം.എം.ഐ. സെക്യുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 'അർച്ചന ഫെസ്റ്റ്'ൽ സന്ദേശം നൽകി. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിൽ അധ്യാപകരുടെ ഒത്തുചേരലിൽ പ്രസംഗിച്ചു.

08 പുതുശ്ശേരി എസ്.ജെ.എസ്.എം. കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ എം.ബി.എ.യുടെ ഹാളിൽ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ സീനിയർ സിറ്റിസൺസ് സംഗമത്തിൽ സന്ദേശം നൽകി; അതിരൂപതാ ബൈബിൾ കൺവെൻഷൻ സമാപനദിവസത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

09 ആർപ്പൂക്കര-വില്ലൂന്നി സെന്റ് സേവ്യേഴ്സ് പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു; സംഘടനാംഗങ്ങളുമായി സംവദിച്ചു. അതിരൂപതാകേന്ദ്രത്തിൽ സിവിൽ സർവീസ് ബോർഡ് യോഗത്തിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ മാർ യൗസേപ്പിതാവിന്റെ മരണതിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

10 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ റീജൻസി ബ്രദേഴ്സിന്റെ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്തു.

11 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ചങ്ങനാശ്ശേരി നഗരസഭയുടെ കവാടത്തിൽ ലഹരിവിരുദ്ധ സമ്മേളനത്തിലും കോട്ടയം ലൂർദ് ഫൊറോനാപ്പള്ളിയിൽ ഫൊറോനാ നേതൃസംഗമത്തിലും സന്ദേശം നൽകി.

14-15 ചിക്കാഗോ രൂപതയിലെ അറ്റ്ലാന്റ സെന്റ് അൽഫോൻസാ സീറോമലബാർ പള്ളിയിൽ ധ്യാനം നയിച്ചു.

17 ചിക്കാഗോ രൂപതയിലെ ഹൂസ്റ്റൺ സെന്റ് ജോസഫ്സ് സീറോമലബാർ പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

21-23 ചിക്കാഗോ രൂപതയിലെ കാലിഫോർണിയ ലിവോർണോ സീറോമലബാർ പള്ളിയിൽ ധ്യാനം നയിച്ചു.

28-30 ചിക്കാഗോ രൂപതയിലെ കാലിഫോർണിയ സാക്രമെന്റോ സീറോമലബാർ പള്ളിയിൽ ധ്യാനം നയിച്ചു.

**ഫെബ്രുവരി**

22 രാവിലെ: ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഓഡിറ്റോറിയത്തിൽ അധ്യാപകരുടെ യാത്രയയപ്പുസമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. കൊല്ലാട് ലിറ്റിൽ ഫ്ളവർ പള്ളിയിൽ മങ്കുഴി ജോൺസ്, ഇടുക്കി രൂപത കോലത്തുപടവിൽ മരിയറ്റ് എന്നിവരുടെ വിവാഹം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ്: കുറുമ്പനാടം അസംപ്ഷൻ ഇടവകാംഗം മുരണിപ്പറമ്പിൽ സോജൻ തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന കൂരിയാ മെത്രാൻ അഭി. മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലിനെ സന്ദർശിച്ചു.

23 ഇത്തിത്താനം സെന്റ് മേരീസ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു; സൺഡേസ്കൂൾ കുട്ടികളുമായി സംസാരിച്ചു. നർബോണപുരം സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗം പുത്തൻപറമ്പിൽ ലിരീഷ് അലക്സിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

24 രാവിലെ: ചുങ്കപ്പാറ ലിറ്റിൽ ഫ്ളവർ ഇടവകാംഗവും സി.എം.ഐ. സന്യാസ സമൂഹാംഗം പനന്തോട്ടം ബഹു. ജോർജ് അച്ചന്റെ പിതാവുമായ വർഗീസിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

ഉച്ചകഴിഞ്ഞ്: കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോന ഇടവകാംഗം പാറക്കടവിൽ പി. ജെ. വർഗീസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

വൈകുന്നേരം: നിരണം മാർ തോമാശ്ലീഹാ സെമിനരിയുടെ ഹോം ഡേ ആഘോഷത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.

25 രാവിലെ: കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കത്തീഡ്രലിൽ വൈദികർക്കു മാസധ്യാനം നയിച്ചു; പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട വൈദികസമ്മേളനത്തിൽ പങ്കെടുത്ത് ആദരവ് ഏറ്റുവാങ്ങി.

ഉച്ചകഴിഞ്ഞ്: മീൻകുളം ലൂർദ് മാതാ ഇടവകാംഗം ആനിത്തോട്ടത്തിൽ ജോസ് മാത്യുവിന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

26 ഉച്ചകഴിഞ്ഞ്: പാറേൽ എസ്.എച്ച്. സെന്റ് മാത്യൂസ് പ്രോവിൻസ് അംഗം സി. മരിയ ഗൊരേത്തി അഴകൻപറമ്പിൽ എസ്.എച്ച്.ന്റെ മൃതസംസ്കാരത്തിന്റെ ഒന്നാംഭാഗശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

വൈകുന്നേരം: കൊല്ലാട് എം.സി.ബി.എസ്. എമ്മാവൂസ് പ്രൊവിൻഷ്യൽ ഹൗസിൽ മാസധ്യാനം നയിച്ചു.

27 രാവിലെ: കുളത്തൂർ ലിറ്റിൽ ഫ്ളവർ പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു; നവീകരിച്ച കുളത്തൂർ സെന്റ് ജോസഫ്സ് ഹൈസ്കൂളിന്റെ കെട്ടിടം വെഞ്ചരിച്ചു.

28 ഉച്ചകഴിഞ്ഞ്: മനയ്ക്കച്ചിറ സെന്റ് ജോസഫ്സ് ഇടവകാംഗം കൊച്ചുപവ്വത്തിൽ ഔസേപ്പ് ജെ.യുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകാംഗം കളപ്പുരയ്ക്കൽ മേരിക്കുട്ടി കുര്യാക്കോസിന്റെ മൃതസംസ്കാരത്തിന്റെ സമാപനശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

**മാർച്ച്**

02 രാവിലെ: തുരുത്തി മാർത്ത് മറിയം ഫൊറോനാപ്പള്ളിയിൽ ഇടവകദിനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു; പുതിയ സോളാർ പാനൽ യൂണിറ്റ് വെഞ്ചരിച്ചു; ഇടവകദിനാഘോഷം ഉദ്ഘാടനം ചെയ്തു; ജൂബിലി ആഘോഷിച്ച വൈദികർ, സിസ്റ്റേഴ്സ്, ദമ്പതികൾ എന്നിവരെ ആദരിച്ചു.

03 രാവിലെ: പാലമറ്റം ബേത്-തോമാ ദയറായിൽ അമ്പതുനോമ്പ് ആരംഭിക്കുന്നതിനോടനുബന്ധിച്ചു പരിശുദ്ധ കുർബാന, വിഭൂതിയുടെ തിരുക്കർമങ്ങൾ എന്നിവയ്ക്കു കാർമികത്വംവഹിച്ചു.

വൈകുന്നേരം: വടക്കേക്കര സെന്റ് മേരീസ് ഇടവകാംഗവും അഭി. കർദിനാൾ മാർ ജോർജ് കൂവക്കാടിന്റെ വല്യമ്മച്ചിയും സി.എം.ഐ. സന്യാസസമൂഹാംഗം കല്ലുകളം ബഹു. തോമസ് അച്ചന്റെ മാതാവുമായ കല്ലുകളം ശോശാമ്മ ആന്റണിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

04 രാവിലെ: വടക്കേക്കര സെന്റ് മേരീസ് ഇടവകാംഗവും അഭി. കർദിനാൾ മാർ ജോർജ് കൂവക്കാടിന്റെ വല്യമ്മച്ചിയും സി.എം.ഐ. സന്യാസസമൂഹാംഗം കല്ലുകളം ബഹു. തോമസ് അച്ചന്റെ മാതാവുമായ കല്ലുകളം ശോശാമ്മ ആന്റണിയുടെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

വൈകുന്നേരം: ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ 26-ാമത് അതിരൂപതാ ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി എസ്.എ.ബി.എസ്. സെന്റ് തോമസ് പ്രോവിൻസ് അംഗം സി. മേരി അലോൺസോ എസ്.എ.ബി.എസ്.ന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

05 വൈകുന്നേരം: ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ 26-ാമത് അതിരൂപതാ ബൈബിൾ കൺവെൻഷനിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. കോയിൽമുക്ക് സെന്റ് ജോസഫ്സ് ഇടവകാംഗം വെളുത്തേടത്തുപറമ്പിൽ അന്നമ്മ ഫ്രാൻസിസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

07 രാവിലെ: നിരണം മാർ തോമാശ്ലീഹാ തീർഥാടനകേന്ദ്രത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു; നാലാംവർഷവൈദികാർഥികൾക്കു ക്ലാസ്സെടുത്തു.

വൈകുന്നേരം: കാഞ്ഞിരപ്പള്ളി നല്ലതണ്ണി മാർ തോമാശ്ലീഹാ ദയറായിൽ 'നസ്രാണിമാർഗം' കൂട്ടായ്മാംഗങ്ങളോടൊപ്പമുള്ള റംശായ്ക്കു കാർമികത്വം വഹിച്ചു.

08 രാവിലെ: കാഞ്ഞിരപ്പള്ളി നല്ലതണ്ണി മാർ തോമാശ്ലീഹാ ദയറായിൽ 'നസ്രാണി മാർഗം' കൂട്ടായ്മാംഗങ്ങളോടൊപ്പമുള്ള പരിശുദ്ധ കുർബാനയ്ക്കു കാർമികത്വംവഹിച്ചു; നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്ററിൽ 'നസ്രാണിമാർഗം' കൂട്ടായ്മാംഗങ്ങൾക്കു ക്ലാസ്സെടുത്തു.

09 രാവിലെ: കൈനടി ഔർ ലേഡി ഓഫ് ഡോളേഴ്സ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. കൈനടി എസ്.എ.ബി.എസ്. കോൺവെന്റ് സന്ദർശിച്ചു.

ഉച്ചകഴിഞ്ഞ്: കൂരോപ്പട മാർ സ്ലീവാ ഇടവകാംഗം മണ്ണൂപ്പറമ്പിൽ വെറോനിക്കാ ജോണിന്റെ മൃതസംസ്കാരത്തിന്റെ സമാപനശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു.

10 രാവിലെ: പാലമറ്റം ബേത്-തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. വൈകുന്നേരം: ഇരവുചിറ സെന്റ് മേരീസ് ഇടവകാംഗം മാത്തൂർ ത്രേസ്യാമ്മ ഫിലിപ്പിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

12 രാവിലെ: മാടപ്പള്ളി ലിറ്റിൽ ഫ്ളവർ ഇടവകാംഗം കണ്ണമ്പള്ളി (തോയക്കുളം) ഏലിയാമ്മ ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

13 രാവിലെ: ചെത്തിപ്പുഴ സെന്റ് തോമസ് നഴ്സിങ് കോളേജിന്റെ ഓഡിറ്റോറിയത്തിൽ ലോകവൃക്കദിനാഘോഷം ഉദ്ഘാടനം ചെയ്തു; ഡയാലിസിസ് കിറ്റുകൾ വിതരണം ചെയ്തു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന വൈദികരെ സന്ദർശിച്ചു.

ഉച്ചകഴിഞ്ഞ്: എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയുടെ ഹാളിൽ ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷത്തിലെ ജീവകാരുണ്യപദ്ധതിയായ 'പ്രത്യാശാ ഭവനപദ്ധതി'യുടെ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്തു; ഭവനങ്ങളുടെ അടിസ്ഥാനശില വെഞ്ചരിച്ചു. യുവദീപ്തി-എസ്.എം.വൈ.എം. എടത്വാ ഫൊറോനാ യൂണിറ്റിന്റെ ലഹരിവിരുദ്ധ പരിപാടിയായ 'ബോധന 2K25' ഫോട്ടോ ക്യാംപെയ്നിൽ പങ്കെടുത്തു.

വൈകുന്നേരം: കൊടിനാട്ടുംകുന്ന് സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗം പറപ്പള്ളി സെബാസ്റ്റ്യൻ പി. എസ്.ന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.




# ENGAGEMENTS

## APRIL 2025

**Mar Thomas Tharayil**
Archbishop of Changanacherry

| | | |
|---|---|---|
| 01-02 | | Engaged |
| 03 | 11:30 am | Vocation Camp @ St. Thomas Minor Seminary, Kurichy |
| | 04:30 pm | Consecration of the Church @ Fathima Matha Church, Pandy |
| 04 | 08.30 am | *Curia* |
| | 11.00 am | Visitors |
| | 04:00 pm | Holy *Qurbana* @ Kottayam Convention: St. Antony's Church, Nagampadom |
| | 06:45 pm | Message: Way of the Cross @ St. Mary's Church, Parel |
| 05 | 06:00 am | Holy *Qurbana* @ Mercy Home, Chethipuzha |
| | 09:45 am | Anniversary & Oath Taking: *Mathru-Pithruvedi* @ St. Mary's Metropolitan Church, Changanacherry |
| | 11:00 am | Inauguration of the Housing Scheme: Samaritan Charitable Trust @ Amrita Auditorium, Changanacherry |
| | 02:30 pm-04:00 pm | Visitors |
| 06 | 08:00 am | Holy *Qurbana* @ Marth Mariam Forane Church, Chengannur |
| | 03:00 pm | Consecration of the Church @ St. George Church, Puthenangady |
| 07 | | CLC @ Mount St. Thomas, Kakkanad |
| 08 | 05:30 pm | Consecration of the Church @ Lourdes Hill Church, Peroorkada |
| 09 | 08:30 am | *Curia* |
| | 12:00 noon | Regional Sunday School Seminar @ St. George Forane Church, Edathua |
| | 02:30 pm | Visitors |
| | 05:00 pm | Holy *Qurbana* @ *Karunarthana*, St. Mary's Metropolitan Church, Changanacherry |

| | | |
|---|---|---|
| 10 | 06:30 am | Consecration of the Church & Holy *Qurbana* @ St. Pius X Church, Pandankary |
| | 10:00 am | Regional Sunday School Seminar @ St. Thomas Church, Pallathuruthy |
| | 07:00 pm | Talk @ Chaldean Church Convention, Thrichur |
| 11 | 06:30 am | Diaconate @ St. Mary's Metropolitan Church, Changanacherry |
| | 09:30 am | *Curia* |
| | 01:00 pm | Pilgrimage: Karuvallikadu *Kurishumala* |
| 12 | 06:30 am | Holy *Qurbana* @ Assissi Women Old age Home, Kollad |
| | 09:15 am | Talk: Centenary of St. Mariam Thresia @ St. Mary's Major Archiepiscopal Church, Kudamaloor |
| | 02:30 pm | Consecration of the Church @ St. Mary's Church, Thekkupara |
| 13 | 06:30 am | Palm Sunday @ St. Mary's Metropolitan Church, Changanacherry |
| | 01:00 pm | Message @ *Samyuktha Kurishintevazhi*: Mar Sleeva Forane Pilgrim Centre, Pazhavangady |
| | 07:00 pm | KCSL Archeparchial Leaders' Camp @ Zion Retreat Centre, Kunnamthanam |
| 14-16 | | Engaged |
| 17 | 04:30 pm | Maundy Thursday @ St. Mary's Metropolitan Church, Changanacherry |
| 18 | 02:45 pm | Good Friday @ Lourdes Forane Church, Thiruvananthapuram |
| 19 | 09:00 am-12.30 pm | Visitors |
| | 05:00 pm | Holy Saturday @ St. Xavier's Forane Church, Thrickodithanam |
| 20 | 02:45 am | Easter @ St. Mary's Metropolitan Church, Changanacherry |
| | 05:00 pm | Easter Gathering: United Christian Fellowship @ Adoor |
| 21 | 03:00 pm | Blessing of the Convent & Holy *Qurbana* @ FMSH Convent, Thellakom |
| | 06:00 pm | Inter-Department Meeting @ Archbishop House, Changanacherry |
| 22 | 09:30 am | *Presbyterium* @ St. Mary's Metropolitan Church, Changanacherry |

| | | |
|---|---|---|
| | 05:00 pm | Blessing of the Presbytery @ St. Joseph's Church, Karumady |
| 23 | 06:00 am | Holy *Qurbana* & Talk: Synaxis @ CMC Holy Queens Provincial House, Changanacherry |
| | 09:00 am | *Curia* |
| | 12:00 noon | Non-Teaching Staff Gathering @ St. Berchmans HSS, Changanacherry |
| | 02:00 pm-06:00 pm | Engaged |
| 24-27 | | Etawah Mission Visit |
| 27 | 09:30 am | Golden Jubilee Celebrations: Etawah Mission @ St. Mary's Inter College, Etawah |
| 28 | 04:00 pm | Holy *Qurbana* @ Work Camp: Our Lady of Dolours Church, Kainady |
| 29 | 06:30 am | Holy *Qurbana* @ St. Joseph's Priests' Home, Ithithanam |
| | 09:00 am | 'Missionary *Sangamam* 2025' @ Kristu Jyoti HSS, Chethipuzha |
| | 12:00 noon | Nedumkunnam Zonal Convention: Corporate Management @ St. John the Baptist HSS, Nedumkunnam |
| | 03:00 pm | Ruby Jubilee Meeting @ MMS Ayushya, Ithithanam |
| 30 | 10:00 am | Kurumpanadom Zonal Convention: Corporate Management @ St. Berchmans HSS, Changancherry |
| | 04:00 pm | Holy *Qurbana* & Solemn Holy Communion @ St. Joseph's Church, Kuttamangalam |

**FR. SECRETARY- 8078088468**



# ENGAGEMENTS

## APRIL 2025

**Mar Joseph Perumthottam**
Archbishop Emeritus of Changanacherry

| | | |
|---|---|---|
| 01-10 | | Out of Station |
| 11 | 06:30 am | Diaconate @ St. Mary's Metropolitan Church, Changanacherry |
| | 04:00 pm | Holy *Qurbana* @ St. Mary's Metropolitan Church, Changanacherry |
| 13 | 06:30 am | Palm Sunday @ St. Xavier's Church, Arpookara-Villoonni |
| 16 | 03:30 pm | Pilgrimage: Karuvallikadu *Kurishumala* |
| 17 | 04:00 pm | Maundy Thursday @ St. Mary's Church, Parel |
| 18 | 03:00 pm | Good Friday @ Lourdes Matha Church, Mammood |
| 20 | 03:00 am | Easter @ St. Mary's Forane Church, Athirampuzha |
| 21 | 11:00 am | Sacraments of Initiation @ St. Thomas Church, Punnathura |
| 22 | 11:00 am | Marriage @ St. Joseph's Church, Punnakkunnathussery |
| 23 | 11:45 am | Betrothal @ Marth Mariam Forane Church, Thuruthy |
| 24 | 06:15 am | Holy *Qurbana* @ CMC Holy Queens Provincial House, Changanacherry |
| | 05:00 pm | Holy *Qurbana* @ St. George Church, Cheeranchira |
| 26-30 | | Etawah Mission |

**FR. SECRETARY- 9447507393**

# 25-ാം ചരമവാർഷികം: കർദിനാൾ മാർ ആന്റണി പടിയറ

## സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളി

(22 മാർച്ച് 2025)

















**VEDAPRACHARA MADHYASTAN VOL.97 No.10 2025 April**
Date of Publication: 31-03-2025
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month




# ഉയിർപ്പുതിരുനാളാശംസകൾ

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.

sjopresschry@gmail.com www.archdiocesechanganacherry.org